# കരയോഗ സൗഹൃദം

സത്യം പരം ധീമഹീ

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages 44

വാല്യം - 14 ലക്കം - 10 കന്നി - 1198 ഒക്ടോബർ 2022



2022 ലെ നവരാത്രിയാഘോഷത്തോടനുബന്ധിച്ച എറണാകുളം കരയോഗത്തിൽ നടന്ന വിവിധ
കലാപരിപാടികളിൽ നിന്ന്





# ഉള്ളടക്കം

വാല്യം 14 ♦ ലക്കം 10 ♦ 2022


| | |
|---|---|
| എഡിറ്റോറിയൽ | 3 |
| സെക്രട്ടറിയുടെ പംക്തി | 5 |
| ബാലലോകം | 7 |
| വാസ്തു. | 9 |
| ക്ഷേത്രങ്ങളിലൂടെ | 10 |
| ശ്രീമഹാഭാഗവതം | 14 |
| ഒരു യൂറോപ്യൻ യാത്ര വിവരണം | 15 |
| തത്ത്വമസി | 20 |
| കേരളത്തിലെ കലകൾ | 24 |
| ചടുലരായ ചുടവടുകൾ | 27 |
| ആയുർവേദ പഴഞ്ചൊല്ലുകൾ | 30 |
| കൈകേയി | 33 |
| സംഗീതം | 36 |
| താപവർദ്ധനവും ആരോഗ്യപ്രശ്നങ്ങളും | 38 |
| മാസഫലം | 41 |
| മാട്രിമോണിയൽ. | 42 |


## പത്രാധിപസമിതി


**ആലപ്പാട്ട് മുരളീധരൻ**
(മാനേജിംഗ് എഡിറ്റർ)

**എം. ശ്രീവല്ലഭൻ നായർ**
(എഡിറ്റർ)

**പി. രാമചന്ദ്രൻ (വേണു)**

**കെ.ടി. മോഹനൻ**


## എഡിറ്റോറിയൽ

# പട്ടിയോളം വിലയില്ലേ മനുഷ്യന് ?

**ക**ഴിഞ്ഞ ദിവസം മൃഗസ്നേഹികളുടെ ഒരു സംഘടനാപ്രവർത്തക തെരുവുനായ്ക്കളെ പരിരക്ഷിക്കേണ്ടതിന്റെ ആവശ്യകതയും, അതിനുള്ള മാർഗ്ഗങ്ങളും എല്ലാം വ്യക്തമാക്കിക്കൊണ്ട് ഏതാണ്ട് 3/4 മണിക്കൂറോളം സമയമെടുത്ത് നടത്തിയ ഒരു പ്രസംഗം ശ്രദ്ധയിൽ പെടുകെയുണ്ടായി. കൂടാതെ മൃഗസ്നേഹികളുടെ മറ്റൊരു സംഘടനാ വാക്താവും ആരും തെരുവുനായ്ക്കളെ ഉപദ്രവിക്കരുതെന്നും, അങ്ങനെ ആരെങ്കിലും ഉപദ്രവിച്ചാൽ അവരുടെ പേര് വിവരങ്ങൾ അറിയിക്കണം എന്നും കാണിച്ചുകൊണ്ടുള്ള ഒരു അറിയിപ്പ് നല്കിയിട്ടുള്ളതായി കാണുന്നു. നായ്ക്കളെ ഉപദ്രവിക്കരുത്, കൊല്ലരുത് എന്നു തുടങ്ങുന്ന ഇക്കൂട്ടരുടെ പ്രസ്താവനകൾ കേൾക്കുമ്പോൾ ഇവരെ മൃഗസ്നേഹികൾ എന്നല്ല പട്ടിസ്നേഹികൾ എന്നാണ് വിളിക്കേണ്ടത് എന്നു തോന്നുന്നു. കാരണം നമ്മുടെ നാട്ടിൽ പശുക്കളെയും, കാളകളെയും എരുമ, പോത്ത്, ആട്, കോഴി, മുയൽ തുടങ്ങിയ സകല വളർത്തുമൃഗങ്ങളേയും കൊന്ന് ഭക്ഷണാവശ്യങ്ങൾക്കായുപയോഗിക്കുന്നുണ്ട്. പശു, ആട്, മുയൽ തുടങ്ങിയ മൃഗങ്ങളെ എങ്ങനെ വേണമെങ്കിലും കശാപ്പ് ചെയ്യാം എത്ര വേണമെങ്കിലും കൊല്ലാം. അതിലൊന്നിലും യാതൊരു നിയന്ത്രണവുമില്ല. ഇവിടെയാണ് സാധാരണക്കാർക്ക് സംശയമുണ്ടാകുന്നത്. എന്തേ പട്ടിയെ മാത്രം കൊല്ലാൻ പാടില്ല.

പേ പിടിച്ച പട്ടി മനുഷ്യനെയും മറ്റു മൃഗങ്ങളേയും കടിച്ചാലും പേ വിഷബാധയേറ്റിട്ടുണ്ടെന്ന സംശയമുള്ള പട്ടികളെപോലും കൊല്ലാൻ പാടില്ലെന്നോ? എത്ര വിചിത്രമായ നിയമം? മനുഷ്യനെക്കാളും വില പട്ടിക്കോ? എന്തിന് ശൈശവത്തിൽ അമ്മയുടെ മുലപ്പാൽ കുടിച്ച് വളരുന്ന നമ്മൾ പിന്നീട് മരണം വരെയും ചായയും കാപ്പിയും പാലും തൈരും മറ്റ് പാലുല്പന്നങ്ങളും ആഹാരത്തിലെ വളരെ പ്രധാനപ്പെട്ട ഒരു ഘടകമായികണ്ട് ഭക്ഷിച്ചു പോരുന്നു. അപ്പോൾ ഇതിനെല്ലാം വേണ്ട പാലു തരുന്ന പശുവും ആടും എരുമയും ഒക്കെ നമുക്ക് മാതാവിന് തുല്യമല്ലേ? എന്നിട്ടും അവയെയെല്ലാം കൊല്ലാം. ഒരു നടപടിയുമില്ല. അതു പാടില്ല എന്നു പറയുവാൻ ഒരു മൃഗസ്നേഹിയും മുമ്പോട്ട് വരുന്നില്ല. ഒരു മൃഗത്തെയും കൊല്ലാൻ പാടില്ല എന്നാണ് ഇവർ പറയുന്നതെങ്കിൽ ശരി, നമുക്ക് രണ്ടു കൈയ്യും നീട്ടി അവരെ സ്വീകരിക്കാം. അവരുടെ വാദത്തെ അംഗീകരിക്കാം. പക്ഷെ ഇത് അങ്ങനെ അല്ലല്ലോ. നായ്ക്കളോട് മാത്രം കാണിക്കുന്ന ഈ പ്രത്യേക സ്നേഹത്തിന്റെ പിന്നിലുള്ള പ്രേരകശക്തി എന്താണ് എന്നു കൂടി അവർ വെളിപ്പെടുത്തണം.

പേപ്പട്ടി കടിച്ച് മരണമടഞ്ഞ പത്തനംതിട്ടയിലെ അഭിരാമി എന്ന പിഞ്ചുബാലികയുടെ അവസാനനിമിഷങ്ങളിലെ ദയനീയ ചിത്രമൊന്നോർത്താൽ മനുഷ്യത്ത്വമുള്ള ഒരാൾക്കും തെരുവുനായ ശല്യത്തിനെതിരെ പ്രതിക രിക്കാതിരിക്കാൻ കഴിയില്ല, സർക്കാർ തെരുവുനായ ശല്യത്തിനെതിരെ അടിയന്തിര നടപടികൾ കൈക്കൊള്ളണമെന്നാവശ്യപ്പെടാതിരിക്കാൻ കഴിയില്ല. അഭിരാമി മാത്രമല്ല സംസ്ഥാത്ത് എത്ര പേരാണ് പേവിഷബാധയേറ്റ് മരിച്ചിരിക്കുന്നത്. കഴിഞ്ഞ ദിവസം അടച്ചിട്ടിരുന്ന ഗേറ്റ് ചാടികടന്ന്, വീട്ടു മുറ്റത്ത് നിന്നിരുന്ന ഒരു സ്ത്രീയെ ഒരു തെരുവു നായ് 34 തവണ കടിച്ചതായുള്ള വാർത്ത കണ്ടു. പേപ്പട്ടി വിഷബാധയേറ്റ് മരിക്കുന്നവരുടെ അവസ്ഥ കണ്ടു നില്ക്കുവാൻ പോലും പറ്റാത്തത്ര ഭീകരമാണ്. വെള്ളമിറക്കുവാൻ പോലും പറ്റാതെ വേദനകൊണ്ട് പുളയുമ്പോൾ, ദാഹിച്ച് വെള്ളത്തിനുവേണ്ടി നാക്ക് പുറത്തേക്കിടുകയും വെള്ളം കണ്ടാൽ ഭയപ്പെടുകയും ചെയ്യുന്ന ദാരുണ ദൃശ്യങ്ങൾ ഹൃദയമുള്ള ഒരാൾക്കും കണ്ടു നില്ക്കുവാൻ സാധിക്കില്ല. അത്രക്ക് ഭയാനകവും ദയനീയവുമാണ് ആ അവസ്ഥ. എന്തേ ഈ മനുഷ്യജീവനുകൾക്ക് വിലയില്ലേ? പട്ടിയുടെ ജീവനെ വിലയുള്ളോ? അതോ പട്ടിയോളം വിലയില്ലേ മനുഷ്യ ജീവന്?

അടുത്തതായി തെരുവുനായ്ക്കളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ടെന്നുള്ള വസ്തുത നിരത്തുകളിലൂടെ നടക്കുന്നവർക്കെല്ലാം ബോധ്യമുള്ള കാര്യമാണ്. ഇതിന്റെ പ്രധാന കാരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യക്ഷമമല്ലാത്ത പ്രവർത്തനമാണെന്ന് പറയേണ്ടിവരും. വഴിയോരങ്ങളിൽ വലിച്ചെറിയപ്പെടുന്ന മത്സ്യ മാംസാവശിഷ്ടങ്ങൾക്കു വേണ്ടി കടിപിടി കൂട്ടുന്ന നായ്ക്കൾ ആ സമയം വഴിയേ പോകുന്നവരെ കടിക്കുമെന്നുള്ളത് നിഷേധിക്കാൻ ആർക്കും സാധിക്കില്ല. ഈ മത്സ്യം മാംസം ഹോട്ടൽ മാലിന്യങ്ങൾ മുതലായവ റോഡിൽ വലിച്ചെറിയാതിരിക്കാനുള്ള സംവിധാനമാണ് മുനിസിപ്പൽ കോർപ്പറേഷനുകൾ കൈക്കൊള്ളേണ്ടത്. പിന്നെ വാക്സിൻ, വിലനോക്കിയല്ല, ഗുണനിലവാരം നോക്കി വേണം വാക്സിൻ വാങ്ങാൻ.

എന്തായാലും മനുഷ്യരെത്ര ചത്താലും ഒരു പട്ടിയെപോലും കൊല്ലാൻ പാടില്ല എന്ന നിയമം അടിയന്തിരമായി മാറ്റേണ്ടിയിരിക്കുന്നു. മനുഷ്യജീവന് വിലകല്പിക്കുന്നു മനുഷ്യസ്നേഹികളുടെ അടിയന്തിരശ്രദ്ധയും പ്രയ്തനവും ഇക്കാര്യത്തിലുണ്ടാവണമെന്ന ഭ്യർത്ഥിക്കുന്നു.

*****



# ജനറൽ സെക്രട്ടറിയുടെ പംക്തി

**പി. രാമചന്ദ്രൻ (വേണു)**

*പ്രിയ കരയോഗാംഗങ്ങളെ,*

**ഒ**ക്ടോബർ 2-ാം തീയതി ഗാന്ധിജയന്തിയായും 5-ാം തീയതി വിജയദശമിയായും നാം ആഘോഷിച്ചുവല്ലോ. ഇന്നത്തെ പരിതസ്ഥിതയിൽ ഗാന്ധിജയന്തിക്കും മഹാത്മാ ഗാന്ധിക്കും പ്രസക്തി ഏറുകയാണ്. രണ്ടു നൂറ്റാണ്ടിന്റെ പാരമ്പര്യമുള്ള സ്വാതന്ത്ര്യസമരവും ഏഴു നൂറ്റാണ്ടിലധികം വൈദേശികരായ മുഗളരുടെയും ഇംഗ്ലീഷുകാരുടെയും ഭരണത്തിനു കീഴിൽ, അടിമകളെപ്പോലെ ജീവിക്കേണ്ടി വന്ന ഭാരതത്തിന്റ സനാതന ധർമ്മകാംക്ഷികൾ അനുഭവിച്ച വേദനയും യാതനയും സ്മരിക്കപ്പെടുമ്പോൾ, നാം ഇന്ന് എവിടെ എത്തി നിൽക്കുന്നു എന്ന് പുനർവിചിന്തനം ചെയ്യേണ്ടതും ഭാരതത്തിൻെറ സ്വതന്ത്യത്തിനുവേണ്ടി ജീവത്യാഗം ചെയ്ത ബലിദാനികളേയും ഇന്നും ജീവിച്ചിരിക്കുന്ന, അതിക്രൂരമായ പീഡനങ്ങൾക്കിരയാകേണ്ടി വന്ന സ്വാതന്ത്ര്യസമരസേനാനികളേയും വീണ്ടും ഈ സന്ദർഭത്തിൽ സ്മരിക്കേണ്ടി വരുന്നത് അഭിമാനത്തോടെയുള്ള ആത്മപരിധോധനയ്ക്കു വേണ്ടിയാണ്.

നൂററാണ്ടുകൾ അഹിംസയിലൂടെയും ത്യാഗത്തിലൂടെയും പടപൊരുതി നേടിയെടുത്ത, കേവലം 75 വർഷം മാത്രം പിന്നിട്ട സ്വാതന്ത്ര്യം മതത്തിന്റെ പേരിൽ മൂന്നായി വെട്ടിമുറിക്കപ്പെട്ട് നിലനിൽക്കുമ്പോൾ തന്നെ അതിലൊന്നായ ഭാരതത്തെ വീണ്ടും 2047 ൽ മറ്റൊരു മതരാഷ്ട്രമായി പ്രഖ്യാപിക്കുവാൻ ഉള്ള തീവ്രവാദ രാഷ്ട്രീയത്തെ വെച്ചു പൊറുപ്പിക്കുവാൻ ആവില്ലല്ലോ.? അപ്പോൾ അധികാര കസേര എത്തിപ്പിടിക്കുന്നതിനും നില നിർത്തുന്നതിനും വേണ്ടി യാതൊരു തത്ത്വദീക്ഷയുമില്ലാതെ, വോട്ടിനുവേണ്ടി ദേശദ്രോഹികളേയും കൊടുംകുറ്റവാളികളേയും കള്ളക്കടത്തുകാരേയും കരിഞ്ചത്തക്കാരേയുമെല്ലാം പ്രീണിപ്പിച്ച് കൂടെ നിർത്തുന്ന രാഷ്ട്രീയത്തെക്കുറിച്ചാണല്ലോ ആദ്യം ചിന്തിക്കേണ്ടത്. ഭരണ ചക്രം തിരിക്കുവാനുള്ള അധികാരം കഷ്ടിച്ചാണെങ്കിലും നേടിയെടുത്താൽ പിന്നെ എങ്ങനെ പണക്കാരനാകാം എങ്ങനെ ലോകത്തെ സമ്പന്നരുടെ പട്ടികയിലിടം നേടാം അതിനുള്ള കുറുക്കു വഴികളും കുതന്ത്രങ്ങളുമെന്തൊക്കെ എന്ന ആലോചനയാണ് ചില രാഷ്ട്രീയ നേതാക്കൾ നടത്തുന്നതും പ്രാവർത്തികമാക്കുന്നതും. തന്റെ സ്ഥാനലബ്ധികൊണ്ട് തനിക്കും തന്റെ കുടുംബത്തിനും വരും തലമുറകൾക്കും വേണ്ടി ആവുന്നത്ര സ്വത്ത് വാരിക്കൂട്ടുക എന്ന ലക്ഷ്യത്തോടെ എല്ലാ വിധ ദുഷ്ടശക്തികളേയും ചേർത്തു നിർത്തി സംരക്ഷിക്കുന്ന സ്വാർഥമതികളായ രാഷ്ട്രീയ നേതാക്കളെ അപലപിക്കാതിരിക്കുവാൻ ആവുന്നില്ല. ആരു ഭരിച്ചാലും ആര് വന്നാലും പോയാലും എനിക്കൊന്നുമില്ലയെന്നും ഇലക്ഷനും വോട്ടു ചെയ്യലും ഒക്കെ നമുക്ക് ചേർന്നതല്ല, നാം അതിനൊക്കെ അതീതമാണ് എന്നു കരുതി വോട്ടു ചെയ്യാതെ മാറി നില്ക്കുന്ന 'മാന്യന്മാരും' നമ്മുടെ നാട് ഇന്നു നേരിടുന്ന വെല്ലുവിളികൾക്കൊക്കെ കാരണക്കാരാണ്. അതുപൊലെ തന്നെ വോട്ടു ചെയ്യുവാനായി

പോളിങ്ങ് ബൂത്തിലെത്തുമ്പോൾ, തന്റെ ഈ ഒരു വോട്ട് തന്റേയും തന്റെ നാടിന്റെയും ഭാവി നിർണ്ണിയിക്കുന്ന സുപ്രധാന നടപടിയാണെന്ന് ചിന്തിക്കാതെ, വോട്ടിങ്ങ് മിഷ്യന്റെ മുമ്പിൽ ചെന്ന് 'വഴിപാട്' പോലെ വോട്ടു ചെയ്യുന്നവരും ഈ ദു:സ്ഥിതിക്ക് ഉത്തരവാദികളാണ്. തീവ്രവാദവും കൊലപാതകങ്ങളും രാജ്യവിരുദ്ധപ്രവർത്തനങ്ങളും കള്ളക്കടത്തും മയക്കുമരുന്ന് വ്യാപാരവും ഉപയോഗവും ഒക്കെ ചെയ്യുന്നവർ ഏത് മതത്തിലോ ജാതിയിലോ പെട്ട വ്യക്തികളോ, കൂട്ടങ്ങളോ ആണെങ്കിലും അവരെ എതിർക്കപ്പെടേണ്ടത് ആണ്; ഒറ്റപ്പെടുത്തേണ്ടതുമാണ്. അവർക്ക് ഈ രാജ്യത്ത് നിലവിലുള്ള നിയമവ്യവസ്ഥയനുസരിച്ച് പരമാവധി ശിക്ഷ ലഭിക്കുവാൻ വേണ്ട നടപടികൾ കൈക്കൊള്ളുന്ന കാര്യത്തിൽ ഇവിടുത്തെ ഭരണാധികാരികൾ ശ്രദ്ധിക്കേണ്ടതുമാണ്. 75 വർഷം മാത്രം പ്രായമായ നമ്മുടെ സ്വാതന്ത്ര്യം മേൽ പറഞ്ഞ പ്രകാരം ഇന്ന് അപകടരമായ സ്ഥിതിയിൽ എത്തിയിട്ടുണ്ടെങ്കിൽ, മയക്കുമരുന്നു കച്ചവടവും കള്ളക്കടത്തും വഴിയെ ലഭിക്കുന്ന ധനം ആണ് രാജ്യത്ത് അത്തരം ദേശവിരുദ്ധതയ്ക്ക് വേണ്ടി ഒരു കൂട്ടർ ഉപയോഗിക്കുന്നത്. നമ്മുടെ കുട്ടികളിൽ പലരും മയക്കുമരുന്നിന്റെ അടിമകൾ ആയിരിക്കുന്നു. അവരെ പ്രലോഭിപ്പിക്കുവാനും അതുവഴി ഒരു സമൂഹത്തെ ഇല്ലായ്മ ചെയ്യുവാനുമുള്ള ഗൂഢമായ ശ്രമങ്ങളാണ് ഇന്ന് നടന്നു വരുന്നത്. നമ്മളെല്ലാം ആദരിക്കുന്ന, ഇഷ്ടപ്പെടുന്ന, നക്ഷത്ര പദവിയിലുള്ള സിനിമാതാരങ്ങളിലെ യുവതലമുറ അടക്കം എന്തെ ഇങ്ങനെ വഴി പിഴച്ചു പോകുന്നുവെന്ന് ചിന്തിക്കേണ്ട സമയവും അതിന് എതിരായി പ്രവർത്തിക്കേണ്ട സമയവും അതിക്രമിച്ചിരിക്കുന്നു. രാജ്യത്തിന്റെ അഖണ്ഡതയ്ക്കും സംസ്ക്കാരത്തിനും സനാതനധർമ്മത്തിന്റെ നിലനിൽപ്പിനും വേണ്ടി നാം ഓരോരുത്തരും നമ്മളാൽ കഴിയുന്ന പ്രവർത്തനങ്ങളിലേർപ്പെടണമെന്നും അതിനായി അനുനിമിഷം ജാഗരൂകരായി ഇരിക്കണമെന്നും അതിനെതിരായിട്ടുള്ള പ്രവർത്തനങ്ങളിൽ ഇടപെടണമെന്നും ആഗ്ര ഹിക്കുകയും അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

സെപ്റ്റംബർ 26 മുതൽ ഒക്ടോബർ 5 വരെ വിപുലമായ രീതിയിൽ നവരാത്രി ആഘോഷങ്ങൾ നടത്തുകയും അതോട് അനുബന്ധിച്ച് നടത്തപ്പെട്ട മത്സരങ്ങളിലെ വിജയികൾക്കും എന്റോമെന്റുകൾ പ്രകാരമുള്ള വിദ്യാഭ്യാസ സഹായങ്ങളും ഉന്നത സ്ഥാനമാനങ്ങൾ നേടിയ കുട്ടികളെ ആദരിക്കുന്ന ചടങ്ങും നവരാത്രി സമാപന ദിനമായ 5-ാം തീയതി നടത്തപ്പെട്ടു.

2022 ഒക്ടോബർ 23-ാം തീയതി ഞായറാഴ്ച വൈകുന്നേരം 4 മണിക്ക് എറണാകുളം കരയോഗം സാംസ്ക്കാരിക വേദിയുടെ ആഭിമുഖ്യത്തിൽ മാധവൻനായർ അഥവാ മധു എന്ന മഹാനടൻ നവതിയിലേക്ക് കടക്കുമ്പോൾ, അദ്ദേഹം അഭിനയിച്ച നിരവധി സിനിമകളിൽ ചിലതിൽ നിന്നുള്ള ഹിറ്റ് ഗാനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സംഗീത പരിപാടി കരയോഗം സാംസ്ക്കാരിക വേദിയുടെ ആഭിമുഖ്യത്തിൽ നടത്തുന്നു.

എറണാകുളം കരയോഗം ബീമുമായി സഹകരിച്ച് നടത്തുന്ന പ്രതിമാസ പരിപാടികളിൽ ഒക്ടോബർ 25-ാം തീയതി ചൊവ്വാഴ്ച വൈകുന്നേരം 6.15ന് കൊച്ചി സീനിയർ കലാസമിതി അവതരിപ്പിക്കുന്ന 'ഓൾഡ് ഈസ് ഗോൾഡ്' മലയാളം, തമിഴ്, ഹിന്ദി ഗാനമേള നടത്തുന്നു.

കരയോഗത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങളും ഉപദേശങ്ങളും സഹകരണവും ഉണ്ടാവണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്

ജനറൽ സെക്രട്ടറി

****



# ബാലലോകം

പറവൂർ രാജഗോപാൽ (ഫോൺ: 9847291483)

## ജീവിതം എന്നോടു പറഞ്ഞ ചിലത്

*പ്രിയപ്പെട്ട ബാലലോകം കൂട്ടുകാരേ,*

**പൊ**ന്നോണം ചങ്ങാതിമാർ കെങ്കേമമായി കൊണ്ടാടിയില്ലേ? ഓണസദ്യയും ഓണക്കോടിയുമൊക്കെ കൊച്ചുകൂട്ടുകാർക്ക് ഇഷ്ടമായില്ലേ? ചിങ്ങത്തിരുവോണം കഴിഞ്ഞു. കന്നിയിലുമുണ്ട് ഒരോണം. മക്കൾക്ക് അറിയില്ലേ സരസ്വതിയെ ഭജിച്ചുകൊണ്ടുള്ള പുസ്തക പൂജയും ആയുധപൂജയും മഹാനവമിയും വിജയദശമിയുമൊക്കെ കന്നിമാസത്തിലെ ഓണത്തിന്റെ പ്രത്യേകതകളാണ്. വിദ്യാദായിനിയാണ് മഹാസരസ്വതി. വിദ്യാർത്ഥികൾക്കും അറിവു നേടാൻ ആഗ്രഹിക്കുന്നവർക്കും സരസ്വതീദേവിയുടെ അനുഗ്രഹം കൂടിയേതീരൂ. പ്രാർത്ഥനയോടെ സ്തുതിച്ചാൽ ദേവി മക്കളിൽ ചൊരിയുന്ന അനുഗ്രഹം ഒന്നുമാത്രം മതി സർവ്വ വിജയങ്ങൾക്കും സർവ്വവിധമായ ഐശ്വര്യങ്ങൾക്കും, സർവനാദാത്മികയാണ് ദേവി. ഭാഷയുടെ ആവ്യതഭംഗിയാണ് അമ്മ. പ്രാർത്ഥിച്ചോളൂ വലിയ നിലകളിലെത്തും മക്കൾ.

ജീവിതത്തിൽ വന്നു ചേരുന്ന ഏതൊരു സാഹചര്യത്തെയും പ്രശ്നമായി കാണുന്നവരും ജീവിതത്തിലെ ഓരോ സാഹചര്യത്തെയും അവസരമായി കാണനെവരും ലോകത്തിലുണ്ട്. ഭൂരിഭാഗവും ആദ്യവിഭാഗത്തിൽപെടുന്നു. തൊട്ടതെല്ലാം ഭസ്മമാക്കി മാറ്റുന്ന ഭസ്മാസുരനെപ്പോലെ അവർ ഏതിനേയും പ്രശ്നമാക്കി മാറ്റുന്നു.

അവസരങ്ങൾ നമ്മെ തേടിയെത്തുമ്പോൾ അത് തിരിച്ചറിയാൻ പലപ്പോഴും നമുക്ക് കഴിയാറില്ല. കാരണം പ്രശ്നങ്ങളുടെയും വെല്ലുവിളികളുടെയും വേഷം ധരിച്ചായിരിക്കും അവ വന്നെത്തുന്നത്. നമ്മുടെ ദൗർബല്യങ്ങളെ തിരിച്ചറിയാനും അതിജീവിക്കാനും കൂടുതൽ കരുത്തരാകാനുമുള്ള അവസരങ്ങളായി അവയെ കാണാൻ കഴിഞ്ഞാൽ നമ്മൾ വിജയിച്ചു.

ഈ മഹാപ്രപഞ്ചത്തിലെ ജീവജാലങ്ങൾ സമസ്തവും അവരവരുടെ സുഖദുഖങ്ങളിൽ പരസ്പരം സന്തോഷിക്കുകയും സങ്കടപ്പെടുകയും ചെയ്യുന്നതായാണ് ആർഷദർശനം. ചെയ്യുന്ന കർമ്മമേതായാലും പൂർണ്ണഫലസിദ്ധിയാണ് എല്ലാവരും പ്രതീക്ഷിക്കുന്നത്. നിത്യമായതിൽ ആത്മസമർപ്പണം ചെയ്യുക എന്നതാണ് കർമ്മഫലപൂർണ്ണസിദ്ധിക്കുള്ള മാർഗ്ഗം. നിത്യാനിത്യവിവേകമാണ് ഭക്തി. ഭക്തിയിൽ അഭിരമിക്കണം കൊച്ചുമക്കൾ. ഹരിയുടെ നാമങ്ങൾ ജപിക്കുകയാണ് ചിത്തശുദ്ധിക്കുള്ള മുഖ്യമായ വഴി.

കാണുന്നതും കേൾക്കുന്നതും സകല വസ്തുക്കളും മായയാണെന്നു മനസ്സിലാക്കുക. ദേഷ്യം തോന്നുമ്പോൾ മൗനം പാലിക്കുക. നാമം ജപിക്കുക. അതിയായ സ്നേഹം ആരോടും കാണിക്കാതിരിക്കുക. ആ സ്നേഹം ശ്രീഹരിയോടു കാണിക്കുക. സഹജീവികളോട് ഒരു പുഞ്ചിരിയൊക്കെ ആവാം.

നാമം നാവിൽ വരാൻ വളരെ പ്രയാസമാണ്. ഭക്തിപുരസ്സരം നാമം ജപിക്കുക. ഇതൊക്കെ ദിനംപ്രതി ആകുമ്പോൾ ഭക്തി താനേ വരും അതോടെ നമ്മുടെ അഹം എന്ന ഭാവവും ദുഖപീഡയും ഇല്ലാതാകും. അഹം എന്ന നമ്മുടെ ഭാവമാണ് നമ്മെ ദുഖിപ്പിച്ചുകൊണ്ടേയിരിക്കുന്നത്.

സത്സംഗങ്ങളിൽ ചേരുക. നാമം ജപിക്കുക. ഭഗവത് കഥകൾ ശ്രവിക്കുക. ഭഗവാനിൽ പ്രേമം വളർത്തി ധന്യതയിലേയ്ക്കുയരുക. മനസ്സും പ്രാണനും അന്തരാത്മാവും ഭഗവാനിൽ സമർപ്പിച്ചാൽ വിവേകശാലിയും തത്ത്വചിന്തയുൾക്കൊള്ളുന്നവനും ആകും.

ഈശ്വരൻ സർവ്വചരാചരങ്ങളുടേയും ഹൃദയത്തിൽ വസിക്കുന്നു. ഈശ്വരനെ അറിയുകയെന്നതാവണം നമ്മുടെയൊക്കെ പരമമായ ലക്ഷ്യം. ഈശ്വരനോടു സംവദിക്കുക, പരിദേവനം പറയുക, മുഖം നോക്കി മന്ദഹസിക്കുക, മനോഹരമായി പാടുക, ആടുക, നൃത്തം ചവിട്ടുക. ആനന്ദത്തിന്റെ ഉയരങ്ങളിലേക്ക് നമ്മെ നാം സ്വയം എടുത്തുയർത്തുക.

ഉത്തമ മനുഷ്യനായി മാറുവാൻ കുഞ്ഞുന്നാളിലേ കൊച്ചു മക്കൾ ഇവയൊക്കെ ശീലമാക്കണം. ജീവിതത്തിലെ വൻ പ്രതിസന്ധികൾക്കു മുന്നിൽ തളർന്നു പോവാതെ മുന്നേറാൻ കരുത്തേകുന്ന ചിലതാണ് ഇവയെല്ലാം. ഒരു കല മനസ്സിൽ വളർത്തിയെടുക്കാൻ ഇവയിലൂടെ നിങ്ങൾക്കാവും. കല മനസ്സിലുണ്ടെങ്കിൽ പിന്നെ എല്ലാം വഴിയേ വരും. ജീവിതം എന്നോടു പറഞ്ഞ ചില കാര്യങ്ങളുണ്ട്. ഇതിൽ!

****

ചൈത്രം

- മാനസിക സംഘർഷമനുഭവിക്കുന്നവർ
- ഏകാന്തതയനുഭവിക്കുന്നവർ
- ജീവിതം അവസാനിപ്പിക്കണമെന്ന് തോന്നുന്നവർ
- നിങ്ങളുടെ വിഷമംപങ്കുവയ്ക്കാൻ ഫോണിൽ ബന്ധപ്പെടുക:

0484 2361161
ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്
ഉച്ചയ്ക്ക് 2 മണി മുതൽ 6 മണി വരെ

## അറിയിപ്പ് /കരയോഗാംഗങ്ങളുടെ ശ്രദ്ധയ്ക്ക്

**കരയോഗ നിയമാവലി 7(iii) പ്രകാരം എല്ലാ കരയോഗാംഗങ്ങളും ചാരിറ്റി ഫണ്ടിലേക്ക് പ്രതിവർഷം 120 രൂപ നൽകേണ്ടതാണ്. മുൻവർഷങ്ങളിൽ തുക അടക്കാത്തവർ കുടിശ്ശിക സഹിതം അടയ്ക്കേണ്ടതാണ് എന്ന് ഓർമ്മപ്പെടുത്തുന്നു. 2000 രൂപ ഒറ്റത്തവണയായി അടച്ചാൽ പ്രസ്തുത അംഗത്തിന് ആജീവനാന്തം തുക അടയ്ക്കേണ്ടതില്ല എന്ന് അറിയിക്കുന്നു. അതുപോലെ തന്നെ ഏതെങ്കിലും ഇനത്തിൽ കരയോഗത്തിലേക്ക് അടയ്ക്കേണ്ടതായ തുക കുടിശ്ശിക വരുത്തിയിട്ടുണ്ടെങ്കിൽ ആയതുകൂടി നല്കുവാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.**

*ജനറൽ സെക്രട്ടറി*




# വാസ്തുശാസ്ത്രം

ശ്രീ. പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ
(ഫോൺ: 9447032434)


## അടുക്കളയുടെ പ്രാധാന്യം

അടുക്കളയുടെ സ്ഥാനം മാത്രം നോക്കിയാൽ മതി എന്ന ധാരണ തെറ്റാണ്. അടുക്കളയുടെ കിഴക്കും, വടക്കുമുള്ള മുറികളുടെ സ്ഥാനം അടുക്കളയെ ബാധിക്കും. ഇവിടെ കൊടുത്തിരിക്കുന്ന sketch A നോക്കുക. കിഴക്കോട്ടു മുഖമുള്ള വീടിന്റെ വടക്കു പടിഞ്ഞാറാണ് അടുക്കള. തെക്കുഭാഗത്ത് രണ്ടു കിടപ്പുമുറികളും, വടക്കു കിഴക്കുഭാഗത്ത് living room ഉണ്ട്. ഒററ നോട്ടത്തിൽ നല്ല വീടാണ്. എന്നാൽ അടുക്കളയുടെ വടക്കെ ഭിത്തി വിട്ട് living room വടക്കോട്ട് തള്ളി നിൽക്കുന്നു. അതായത് അടുക്കളയുടെ വടക്കു കിഴക്ക് അടഞ്ഞിരിക്കുന്നു. ഇങ്ങനെ വന്നാൽ




അടുക്കള living roomന്റെ വടക്കെ ചുമർ വിട്ട് വടക്കോട്ട് തള്ളി നിൽക്കണം. ഒരിക്കലും അടുക്കളയുടെ വടക്കെ ചുമർവിട്ട് അടുക്കളയുടെ കിഴക്കുവശം വടക്കോട്ട് തള്ളാൻ പാടില്ല. യാതൊരു കാരണവശാലും അടുക്കളയുടെ വടക്കു കിഴക്ക് അടയരുത്.

താഴെ കൊടുത്തിരിക്കുന്ന sketch B നോക്കുക. കിഴക്കോട്ടു മുഖമുള്ള ഒരു വീടാണ്. പടിഞ്ഞാറുഭാഗത്ത് രണ്ടു കിടപ്പുമുറികളും, കിഴക്കുതെക്ക് അടുക്കളയുമാകുന്നു. എല്ലാ മുറികളും നല്ല സ്ഥാനത്താണ്. ഇവിടെ അടുക്കളയുടെ കിഴക്കെ ചുമർ വിട്ട് വടക്കു കിഴക്കെ മൂലയിൽ living room കിഴക്കോട്ടു തള്ളി നിൽക്കുന്നു. അടുക്കളയുടെ കിഴക്കെ ഭിത്തിയും, living room ന്റെ കിഴക്കെ ഭിത്തിയും ഒരേ line ൽ വരണം.




****

**വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10-ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻകൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.**

ക്ഷേത്രങ്ങളിലൂടെ

# മായംകോട്ട് മലനടക്ഷേത്രം
## (ശകുനി ക്ഷേത്രം)

ഇന്ദിരാഭായി ഫോൺ : 8078552892



ഭാരതീയ സംസ്ക്കാരത്തിന്റെ പ്രതിഫലനമാണ് ഇതിഹാസകാവ്യമായ മഹാഭാരതം. ആയിരക്കണക്കിന് ശ്ലോകങ്ങളടങ്ങിയ ഈ ഇതിഹാസകാവ്യം വീരസാഹസികതയുടേയും ധർമ്മാധർമ്മങ്ങളുടേയും ത്യാഗോജ്ജ്വലമായ വ്യക്തിപ്രഭാവങ്ങളുടെയും കഥകൾകൊണ്ടു നിറഞ്ഞതാണ്. ഇതിലെ ഓരോ കഥാപാത്രങ്ങളേയും അടുത്തറിയുവാൻ ശ്രമിച്ചാൽ ജീവിതത്തിൽ നാം പാഠമാക്കേണ്ട അതിമഹത്തായ പല തത്ത്വങ്ങളും അവരിലുണ്ടായതായി കാണാം. ധർമ്മാധർമ്മ കർമ്മങ്ങൾ ജീവിതത്തെ എത്രത്തോളം സ്വാധീനിക്കുന്നു എന്നതിന്റെ ഉത്തമ ദൃഷ്ടാന്തങ്ങൾ കൂടിയാണ് ഇവരുടെ കഥകൾ. ഇവരോരോരുത്തരുടേയും നന്മതിന്മകൾ മനസ്സിലാക്കാനും അടുത്തറിയുവാനും നാം ശ്രമിക്കേണ്ടതാണ്. സത്ക്കർമ്മങ്ങളുടേയും ദുഷ്ക്കർമ്മങ്ങളുടേയും പരിണാമത്തിന്റെ ആഴവും വ്യാപ്തിയും വിലയിരുത്തിയാൽ മനുഷ്യരുടെ ജീവിതവിജയത്തിന് ഉത്തമ വഴികാട്ടികളാവും ഇവർ എന്നതിൽ സംശയമില്ല. മഹാഭാരതകഥകളിലെ രണ്ടു പ്രധാനകഥാപാത്രങ്ങളാണ് ദുര്യോധനനും ശകുനിയും. ഇവർ തികഞ്ഞ ഈശ്വരഭക്തരായിരുന്നു എങ്കിലും ദുഷ്ടകഥാപാത്രങ്ങളായാണ് നാം കാണുന്നത്. പുരാണങ്ങളിലും സാധാരണ മനുഷ്യരുടെ ഇടയിലും ദുഷ്ക്കർമ്മങ്ങൾ ചെയ്യുന്നവരേയും സത്ക്കർമ്മങ്ങൾ ചെയ്യുന്നവരേയും കാണാം. എന്നാൽ എന്തുകൊണ്ട് ഇവർ ദുഷ്ക്കർമ്മങ്ങൾ ചെയ്യുന്നു, അവരെ അതിനു പ്രേരിപ്പിക്കുന്ന ഘടകങ്ങൾ എന്ത് എന്ന് ആരും ചിന്തിക്കാറില്ല. ഒരു പക്ഷേ ജീവിതത്തിൽ നേരിടേണ്ടി വന്ന തിക്താനുഭവങ്ങളായിരിക്കാം അവരെ ദുഷ്കർമ്മികളാകാൻ പ്രേരിപ്പിക്കുന്നതും പ്രതികാരദാഹികളാക്കുന്നതും. മഹാഭാരതകഥയിലെ കുടിലബുദ്ധിശാലിയെന്നു നാം വിശേഷിപ്പിക്കുന്ന ശകുനി പ്രതികാരദാഹിയായിരുന്നെങ്കിലും ശിവഭക്തനുമായിരുന്നു.

ദുഷ്പ്രവർത്തികളുടേയും കുടിലതന്ത്രങ്ങളുടേയും പ്രഭവകേന്ദ്രമായാണ് നാം ശകുനിയെ കാണുന്നത്. തന്റെ കുടുംബവും താനും രാജ്യവും നേരിടേണ്ടിവന്ന ദുരിതങ്ങളിൽ നിന്നും മനസ്സിൽ അടിഞ്ഞുകൂടിയ സങ്കടങ്ങളും സന്താപങ്ങളും വിദ്വേഷവും വെറുപ്പും നിസ്സഹായാവസ്ഥയും കൂടിച്ചേർന്നുണ്ടായ മാനസികാവസ്ഥയാണ് ഗാന്ധാരരാജാവായ സുബലരാജാവിന്റെ മകൻ സൗബാലനെന്ന രാജകുമാരനെ പുരാണകഥകളിലൂടെ നാമറിയുന്ന വികലാംഗനും കുടിലബുദ്ധിശാലിയുമായ ശകുനിയാക്കി മാറ്റിയത്. ബുദ്ധിയായിരുന്നു ശകുനിയുടെ ശക്തി. തന്റെ മനസ്സിലെ പ്രതികാരാഗ്നിയെ ബുദ്ധിയെന്ന ശക്തികൊണ്ട് ജ്വലിപ്പിച്ച്, ലക്ഷ്യത്തിലേക്കു നടന്നടുത്ത ഒരു ശിവഭക്തനായിരുന്നു ശകുനി. ശകുനിയെ മിത്രവും ബന്ധുവുമായി കരുതുന്ന ഒരു വിഭാഗം ആളുകൾ നമ്മുടെ കേരളത്തിലുണ്ട്. ശകുനിയെ അവർ ശിവക്ഷേത്രത്തിൽ കുടിയിരുത്തി ആരാധിച്ചു പോരുന്നുണ്ട്.

ഹസ്തിനപുര രാജാക്കന്മാർ ഗാന്ധാരരാജ്യം ആക്രമിച്ചു കീഴ്പ്പെടുത്തിയിരുന്നു. ഹസ്തിന പുരത്തോട് എതിരിടുവാനുള്ള ശക്തി ഗാന്ധാര രാജ്യത്തിനുണ്ടായിരുന്നില്ല. ഗാന്ധാരിയെന്ന രാജകുമാരിക്ക് അന്ധനായ ധൃതരാഷ്ട്ടരുടെ പത്നിയാകേണ്ടി വന്നതും ഈ ബലഹിനത മൂലമാണ്.

ഗാന്ധാര രാജാവിന്റെ 101 മക്കളിൽ ഏക മകളായിരുന്നു ഗാന്ധാരി. ഏറ്റവും ഇളയ മകനായിരുന്നു സൗബാലൻ എന്ന ശകുനി. രാജാവ് പലപ്പോഴും തന്റെ മക്കളുടെ ബുദ്ധി ശക്തിയെ പരീക്ഷിക്കാറുണ്ടായിരുന്നു. ഒരിക്കൽ രാജാവ് എല്ലാ മക്കളേയും വിളിച്ച് ഓരോരുത്തർക്കും കുറച്ചു പണം തുല്യമായി വീതിച്ചു നൽകി. മുപ്പതു ദിവസത്തിനകം ഈ പണം വിനിയോഗിച്ച് നിങ്ങളുടെ മുറികൾ നിറക്കുക. സാധനസാമഗ്രികളോ മറ്റെന്തുവേണമെങ്കിലും ആവാം. എന്തായാലും മുറികൾ നിറയെ ഉണ്ടാകണം എന്നൊരു നിബന്ധനയും വച്ചു. എല്ലാവരും മുറി നിറക്കുവാനുള്ള സാധനങ്ങൾക്ക് തിരക്കുപിടിച്ച് ഓടി നടന്നു. പണം മുഴുവനും ചിലവാക്കി പഞ്ഞി, വൈക്കോൽ തുടങ്ങിയ സാധനങ്ങൾ മുറികളിൽ ശേഖരിച്ചു വച്ചു. സൗബാലനുമാത്രം ഒരു തിരക്കുമില്ല. രാജാവ് പറഞ്ഞ സമയത്തു തന്നെ ഓരോരുത്തരുടെയും മുറികൾ പരിശോധിക്കാനെത്തി. ഏറ്റവും അവസാനം ഇളയമകൻ സൗബാലന്റെ മുറിയിലും എത്തി. രാജാവ് മുറി തുറന്നു. അവിടെ ഒരു സാധനവും കണ്ടില്ല. മുറിയുടെ നടുവിൽ ഒരു ചെറിയ വിളക്കുമാത്രം കത്തിച്ചു വച്ചിരിന്നു. സൗബാലൻ പറഞ്ഞു അങ്ങു തന്ന പണത്തിൽ നിന്നും ഒരു നാണയം മാത്രമേ ഞാൻ ചിലവാക്കിയുള്ളൂ. അത് ഈ വിളക്കുവാങ്ങുവാൻ വേണ്ടിയായിരുന്നു. ഇതിന്റെ പ്രകാശം മുറി നിറയെയുണ്ടല്ലോ എന്നു പറഞ്ഞ് ബാക്കി പണം രാജാവിന് മടക്കി നൽകി. രാജാവിന് സന്തോഷമായി തന്റെ പുത്രന്മാരിൽ ബുദ്ധിമാൻ സൗബാലൻ തന്നെ എന്ന് അദ്ദേഹം കണ്ടെത്തി. മറ്റൊരവസരത്തിൽ സുബലരാജാവ് പുത്രന്മാരെയെല്ലാവരെയും വിളിച്ച് നേരിയ സുഷിരമുള്ള ഒരു എല്ലിൻ കഷണവും നൂലും നൽകി. ഈ നൂല് എല്ലിനുള്ളിലെ സുഷിരത്തിലൂടെ കടത്തിക്കൊണ്ടുവരുവാൻ നിർദ്ദേശിച്ചു. എത്ര ശ്രമിച്ചിട്ടും അവർക്ക് നൂലു കോർക്കുവാൻ കഴിഞ്ഞില്ല. സൗബാലൻ ഒരു ഉറുമ്പിനെ പിടിച്ച് നൂലിൽകെട്ടി എല്ലിന്റെ സുഷിരത്തിലൂടെ വിട്ടു. ഉറുമ്പ് നൂലുമായി എല്ലിന്റെ മറുതലയ്ക്കൽ എത്തി. സൗബാലൻ ആ പരീക്ഷണത്തിലും വിജയിച്ചു. രാജാവ് തന്റെ മകന്റെ ബുദ്ധിയെ പ്രശംസിക്കുകയും അഭിനന്ദിക്കുകയും ചെയ്തു.

ഹസ്തിനപുരരാജാക്കന്മാരാൽ തടവിലാക്കപ്പെട്ട് സുബലരാജാവും പുത്രന്മാരും തടവറയിൽ കടുത്ത ദുരിതങ്ങളാണ് സഹിച്ചത്. ഒരാൾക്ക് ഒരു നേരത്തേക്കുള്ള ഭക്ഷണമാണ് എല്ലാവർക്കുമായി ഒരു ദിവസത്തേക്കു നൽകിയിരുന്നത്. ഭക്ഷണമില്ലാതെ എല്ലാവരും ഇവിടെ കിടന്നുമരിക്കും എന്നു മനസ്സിലാക്കിയ സുബലരാജാവ് ഉള്ള ഭക്ഷണം ബുദ്ധിമാനായ ഇളയമകനു മാത്രമായി നൽകി ബാക്കിയെല്ലാവരും നിരാഹാരരായി ജീവൻ വെടിയുവാൻ നിശ്ചയിച്ചു. ഹസ്തിനപുരത്തോടു പ്രതികാരം ചെയ്യാൻ തന്റെ ഒരു മകനെങ്കിലും ജീവിച്ചിരിക്കണം എന്ന ആഗ്രഹം നിറവേറുന്നതിനു വേണ്ടിയാണ് അങ്ങനെ ചെയ്തത്. അസ്തികൊണ്ട് ചതുരംഗ കരുക്കളുണ്ടാക്കി അവകൊണ്ടു ചതുരംഗം കളിക്കുവാനും മകനോടു നിർദ്ദേശിച്ചു. ആ കരുക്കൾകൊണ്ടു കളിക്കുന്ന സമയം പൂർവ്വികരുടെ ആത്മാക്കൾ ചതുരംഗ കരുക്കളിലാവേശിക്കുമെന്നും കളിയിൽ പരാജയപ്പെടില്ല എന്നും അദ്ദേഹം മകനോടു പറഞ്ഞു. ഹസ്തിനപുരത്തോടുള്ള വൈരവും അവരിൽ നിന്നുണ്ടായ ദുരനുഭവങ്ങളും ഓർത്തുവയ്ക്കുവാൻ രാജാവ് തന്റെ ദണ്ഡുകൊണ്ട് സൗബാലന്റെ പാദത്തിൽ ഇടിച്ചു. അങ്ങനെ സൗബാലൻ വികലാംഗനായി. ശകുനിയായി. ശകുനി തന്റെ പിതാവിന്റെ അസ്തികൊണ്ടുണ്ടാക്കിയ ചതുരംഗ കരുക്കൾ തന്റെ ശരീരഭാഗമെന്ന പോലെ മരണം വരെ കൂടെ കൊണ്ടു നടക്കുകയും ആ കരുക്കൾകൊണ്ടു കളിച്ച് ഹസ്തിനപുരത്തിന്റെ നാശം എന്ന തന്റെ ലക്ഷ്യത്തിലെത്തുകയും ചെയ്തു.

പാണ്ഡവന്മാരോട് ശകുനിക്ക് ഒരു ശത്രുതയുമുണ്ടായിരുന്നില്ല. തന്റെ ലക്ഷ്യപ്രാപ്തിക്കായി ശത്രുത ഭാവിക്കുകയായിരുന്നു. ദുര്യോധനനോട് തന്റെ പുത്രൻ ഉലൂഖലനെക്കാൾ വാത്സല്യമാണ് തനിക്കുള്ളത് എന്ന് അഭിനയത്തിലൂടെ ദുര്യോധനനെ വിശ്വസിപ്പിച്ച് തന്റെ വിജയത്തിന് ദുര്യോധനനെ കരുവാക്കി. ഭാരതത്തിലെ ഏറ്റവും ശക്തമായ ഒരു വംശത്തെ പകിട ആയുധമാക്കി നശിപ്പിച്ചു. വിശന്നുമരിച്ച പിതാവിനോടും സഹോദരങ്ങളോടും ചെയ്ത പ്രതിജ്ഞ നിറവേറ്റിയതിന്റെ സംതൃപ്തി നിറഞ്ഞ പുഞ്ചിരിയായിരുന്നു. കുരുക്ഷേത്രയിൽ സഹദേവനാൽ വധിക്കപ്പെട്ട മരിച്ച് കിടക്കുമ്പോൾ ശകുനിയുടെ മുഖത്ത് ദർശിച്ചിരുന്നത്.

കൊല്ലം ജില്ലയിലെ പവിത്രേശ്വരം വാസികൾക്ക് ശകുനി ശത്രുവും ദുഷ്ടനും അല്ല . മറിച്ച് അവർക്ക് ബന്ധുവും മിത്രവും പിതൃതുല്യനും ഉറ്റതോഴനുമാണ്. ഇവർ ശകുനിയെ അപ്പൂപ്പൻ എന്നാണ് വിളിക്കുന്നത്. പവിത്രേശ്വരത്തെ ശിവക്ഷേത്രത്തിൽ ശകുനി അവരുടെ അപ്പൂപ്പനായി കുടികൊള്ളുന്നു. ഈ ക്ഷേത്രത്തിൽ ഉപദേവസ്ഥാനമാണ് ശകുനിയ്ക്കുള്ളത് എങ്കിലും ഈ ക്ഷേത്രം ശകുനി ക്ഷേത്രം എന്നാണറിയപ്പെടുന്നത്.

ഈ ക്ഷേത്രത്തിന്റെ യഥാർത്ഥ നാമം മായംകോട്ട് മലനടക്ഷേത്രം എന്നാണ്. ശകുനി ഇവിടെയിരുന്ന് പരമശിവനെ തപസ്സുചെയ്തിരുന്നു എന്നാണ് വിശ്വാസം. ശകുനി ശിവഭജനം ചെയ്ത് പവിത്രമാക്കിയ സ്ഥലം പവിത്രേശ്വരമായി അറിയപ്പട്ടു എന്നും വിശ്വസിക്കുന്നു.

ഒരു വലിയ വൃക്ഷച്ചുവട്ടിൽ പീഠസമാനമായ പാറയും പിന്നിലായി ഒരു കരിങ്കൽ പ്രതിമയും കാണാം. ഈ കരിങ്കൽ പ്രതിമ ഒരു മഹർഷിരൂപവും ഇടവും വലവും ദ്വാരപാലകരെന്നു തോന്നും വിധമുള്ള വലിയ ശിലാരൂപങ്ങളുമാണ്. വിശേഷ ദിവസങ്ങളിൽ മാത്രമാണ് പൂജകൾ നടക്കുന്നത്. മലനട ദുര്യോധനക്ഷേത്രത്തിലെ വിശേഷദിവസങ്ങൾ ഇവിടെയും പ്രധാനമാണ്.

നിത്യപൂജകളില്ല എങ്കിലും ഇവിടെ ആളുകൾ പട്ട്, വെറ്റില, അടക്ക, കരിക്ക്, കള്ള് എന്നിവ സമർപ്പിക്കാറുണ്ട്. കുട്ടികൾ ശകുനിയുടെ പീഠസ്ഥാനത്തുള്ള വൃക്ഷത്തിന്റെ ഇലകളിൽ അവരുടെ പേരെഴുതി ശകുനി അപ്പൂപ്പനു സമർപ്പിക്കുന്നു. അവരുടെ ആഗ്രഹം അപ്പൂപ്പൻ സാധിച്ചുകൊടുക്കും എന്നു കുട്ടികളെ ശകുനി അപ്പൂപ്പന് ഏറെ ഇഷ്ടമാണെന്നും ഇവർ വിശ്വസിക്കുന്നു.

ശകുനി തന്റെ ആയുധങ്ങൾ കൗരവർക്കു പകുത്തു നൽകിയത് ഇവിടെ വച്ചാണെന്നും ആയുധങ്ങൾ പകുത്തു നൽകിയ സ്ഥലം പകുത്തേശ്വരമായും പിന്നീട് അത് കാലാന്തരത്തിൽ പവിത്രേശ്വരമായി അറിയപ്പെട്ടു എന്നും ഒരു ഐതിഹ്യമുണ്ട്. മഹാഭാരത യുദ്ധത്തിനുശേഷം ജീവിച്ചിരുന്ന പടയാളികൾക്ക് ഭക്ഷണം നൽകിയ ഗോത്രരാജാവിനെ പെരുംചോറ്റുതീയൽ എന്നറിയപ്പെട്ടു എന്നും അദ്ദേഹം കൗരവസേനാനായകനായിരുന്ന ദുര്യോധനന്റെയും ശകുനിയുടേയും മോക്ഷപ്രാപ്തി ക്കായി ശിവപ്രതിഷ്ഠ നടത്തി പൂജകൾ നടത്തിപ്പോന്നു എന്നും അവിടവച്ച് ശകുനിക്കു മോക്ഷം ലഭിച്ചു എന്നും ദേശവാസികൾ വിശ്വസിക്കുന്നു.

പവിത്രേശ്വരത്തെ ശകുനി ക്ഷേത്രം കൂടാതെ സമീപപ്രദേശത്തായി ദുര്യോധന ക്ഷേത്രവുമുണ്ട്. കൗരവർ 101 പേർക്കും കർണ്ണനും ദുശ്ശളയുടെ മകനും, ദ്രോണാചാര്യർക്കും ചെറുതും വലുതുമായ കാവുകളിലായി സമീപ പ്രദേശങ്ങളിൽ പലയിടങ്ങളിലായി സ്ഥാനം നൽകിയിട്ടുണ്ട്.

പവിത്രേശ്വരം മായംകോട്ട് മലനട ക്ഷേത്രത്തിൽ പ്രത്യേകദിവസങ്ങളിൽ ശ്രീ

കോവിൽ നട തുറന്ന് പൂജകൾ നടത്തപ്പെടുന്നു. എല്ലാവർഷവും മകരം 28–ാം തീയതി ഇവിടെ മലക്കുടമഹോത്സവം നടത്തപ്പെടുന്നു. പ്രധാന ഉത്സവം കൂടാതെ മേടമാസത്തിൽ ശിവപുരാണയജ്ഞവും ഇവിടെ പ്രധാനമാണ്. ഭക്തികൊണ്ടു പവിത്രമാക്കിയപവിത്രേശ്വരത്തെ അപ്പൂപ്പനെ ഒന്നു കാണാം, അപ്പൂപ്പനൊരു വെറ്റയും പാക്കും നൽകാം, വികലാംഗനായ ശകുനിയുടെ വിജയ കഥ ഒന്നു സ്മരിക്കാം. നിസ്സഹായനെങ്കിലും തന്റെ ലക്ഷ്യപ്രാപ്തിക്കു വേണ്ടി ഭക്തിയേയും ബുദ്ധിയേയും കൂട്ടു പിടിച്ച് സാവധാനം സഞ്ചരിച്ച് വിജയം വരിച്ച ശകുനിയുടെ ചരിത്രം ഇവിടെ പൂർണ്ണമാകുന്നു. പോകാം പവിത്രേശ്വരത്തേക്ക്. വിജയശ്രീലാളിതനായി ലക്ഷ്യവും മോക്ഷവും നേടി മുത്തുക്കുടയും ചൂടിയിരിക്കുന്ന ശകുനിയെ ഒന്നു കാണാം.

****

## 05–ാം ചരമവാർഷികം

**09.10.2019**



**എ. ലതിക**
**അരവള്ളീൽ**
**വാരിയം റോഡ്**
**എറണാകുളം – 682016**

## എറണാകുളം കരയോഗം

**ടി.ഡി.എം ഹാളിൽ നടത്തുന്ന പ്രതിമാസ കലാ-സാഹിത്യ-സാംസ്കാരിക പരിപാടികൾ**

**ഒക്ടോബർ – നവംബർ**

| | | | | |
|---|---|---|---|---|
| 1 | 10-10-2022 | തിങ്കൾ | വിമൻസ് ഫോറം | 3.30 pm |
| 2 | 23-10-2022 | ഞായർ | സാംസ്ക്കാരിക വിഭാഗം – ഗാനമേള | 4.00 pm |
| 2 | 25-10-2022 | ചൊവ്വാ | ബീം – ഗാനമേള | 6.15 pm |
| 2. | 15-10-2022<br>22-10-2022<br>29-10-2022<br>05-11-2022 | ശനി | വേദാന്ത പഠന ക്ലാസ്സ് – ശ്രീമദ് ഭഗവത്ഗീത – ആചാര്യൻ കെ.ആർ. നമ്പ്യാർ | 10.a.m. - 11.30 a.m. |
| 3. | 12-10-2022<br>19-10-2022<br>26-10-2022<br>02-11-2022 | ബുധൻ | ദേവിഭാഗവത ക്ലാസ്സ് – വത്സല.പി.പി | 3.00 p.m - 4.00 p.m. |
| 4. | 13-10-2022<br>20-10-2022<br>27-10-2022<br>03-11-2022 | വ്യാഴം | എറണാകുളം കരയോഗം<br>എൽഡർ സിറ്റിസൺസ് ഫോറം | 4.00 p.m. - 6.00 p.m. |



# ശ്രീമഹാഭാഗവതം

## ഭാഗവതം ദ്വാദശസ്കന്ധം

ഡോ: രാജേശ്വരികുഞ്ഞമ്മ. ഫോൺ : 9388382009

**ഭാ**ഗവതത്തിലെ അവസാന സ്കന്ധമാണിത്. ഈ സ്കന്ധത്തിൽ ഭഗവാനാണ് എല്ലാത്തിനും ആശ്രയം. എന്നാൽ ഭഗവാൻ നിരാശ്രയനാണ്. ഇവിടെ പരീക്ഷിത്ത് ശ്രീശുകനോടു ചോദിക്കുന്നു, ശ്രീകൃഷ്ണൻ വൈകുണ്ഠത്തിലേക്കു തിരിച്ചു പോയാൽ പിന്നീട് ഭൂമിയെ ആരു രക്ഷിക്കും. ശ്രീശുകൻ വളരെ വ്യക്തമായി ഇതിനുത്തരം പറഞ്ഞു. യദുവംശം നശിച്ചശേഷം പിന്നീട് മഗധവംശം, പ്രദ്യോതവംശം, നന്ദവംശം, മൗര്യവംശം ഇങ്ങനെ വരും. കലികാലത്തിൽ ചിന്താശക്തി നശിച്ച് ധർമ്മവും സത്യവും ഇല്ലാതെയാകും. കലികാലത്തിൽ ഏറ്റവും വലുത് ധനമായി മാറും. ഗുരുക്കന്മാരേയും ജ്ഞാനികളേയും പൂജിക്കുകയില്ല. ദുഷ്പ്രവർത്തികൾ നിറയുമ്പോൾ ബലവാൻ രാജാവാകും. കാലാവസ്ഥ മാറും. ദാരിദ്ര്യം വരും. ധർമ്മവും ധർമ്മാനുഷ്ഠാനവും മാറും. ധർമ്മരക്ഷാർത്ഥം ഭഗവാൻ കൽക്കിയായവതരിക്കും. അന്നു മുതലാണ് വീണ്ടും കൃതയുഗം ആരംഭിക്കുക. ഭൂമിക്കു വേണ്ടി കലഹം നടക്കും. വിഷയ സുഖങ്ങൾ നിരർത്ഥങ്ങളാണെന്നു കാണിക്കാൻ രാജാക്കന്മാരുടെ ജീവിത ചരിതങ്ങൾ വിവരിക്കുന്നുണ്ട്.

ഭഗവാന്റെ രൂപം ഹൃദയത്തിൽ തെളിഞ്ഞാൽ കർമ്മദോഷം തീരും. നാമസങ്കീർത്തനം കൊണ്ട് മനസ്സ് ശുദ്ധമാകും. അതുകൊണ്ട് ശരീരം ഉപേക്ഷിക്കുവാനുള്ള സമയമടുത്തതു മൂലം മറ്റെല്ലാ ഭാവനകളേയും ഉപേക്ഷിച്ച് ഭഗവാനെ ഹൃദയത്തിൽ ഉറപ്പിക്കുക. മരണസമയത്ത് ഭഗവാന്റെ സ്വരൂപം ധ്യാനിക്കുന്നവർക്ക് സായൂജ്യം ലഭിക്കും. കൃതയുഗത്തിൽ ധ്യാനത്തിനും ത്രേതായുഗത്തിൽ യാഗത്തിനും ദ്വാപരയുഗത്തിൽ പരിചരിക്കുവനും കലിയുഗത്തിൽ നാമസങ്കിർത്തനം ചെയ്യുന്നവനും ഫലം ലഭിക്കുന്നു.

ബ്രഹ്മത്തിന്റെ സാക്ഷാത്കാരംകൊണ്ട് അനുഭവപ്പെടുന്ന സർവപ്രപഞ്ചലയം ആത്യന്തിക പ്രളയം, അതായത് മോക്ഷം. ലോകത്തിന് ഉണ്ടാവുക, നശിക്കുക എന്നൊന്നുണ്ട്. അതുകൊണ്ട് ബ്രഹ്മം മാത്രമാണ് സത്യം. ആത്മവിചാരം ചെയ്താൽ ജ്ഞാനമുണ്ടാകും. അജ്ഞാനത്തിൽ നിന്നുണ്ടായ ആത്മബന്ധത്തെ മുറിച്ചു കളയുമ്പോൾ ആ സാക്ഷാത്കാരം ലഭിക്കും. ഇതാണ് ആത്യന്തിക പ്രളയം. ബ്രഹ്മാവ് തുടങ്ങി സർവ്വ ഭൂതങ്ങൾക്കും ഉൽപ്പത്തിയും നാശവുമുണ്ട്.

ദുഃഖങ്ങളിൽ നിന്നും മുക്തി വേണമെങ്കിൽ ഭഗവദ്കഥകൾ പറയണം, കേൾക്കണം. ഇതെല്ലാം നാരദന് ഭഗവാനുപദേശിച്ചു. നാരദൻ വ്യാസനും വ്യാസൻ ശ്രീശുകനുമുപദേശിച്ചു.

അശ്വത്ഥാമാവിന്റെ ബ്രഹ്മാസ്ത്രത്തിൽ നിന്ന് ഭഗവാൻ ഉത്തരയുടെ ഗർഭപാത്രത്തിൽ കിടന്നിരുന്ന പരീക്ഷിത്തിനെ രക്ഷിച്ചു. ശ്രീശുകന്റെ കയ്യിൽനിന്നും മോക്ഷം പ്രാപിക്കുന്നതെങ്ങനെയെന്നു പഠിച്ചു. ഇനി ശരീരനാശത്തിനായി ശാപം നടക്കണം. അതാണിനി എന്നു പറഞ്ഞ ശുകമുനിയോട് നന്ദി പറഞ്ഞു. ഭഗവാന്റെ രൂപവും അതു പ്രാപിക്കാനുള്ള മാർഗ്ഗവും പറഞ്ഞു തന്നു. എനിക്കു വിദേഹ കൈവല്ല്യത്തിനായി ആജ്ഞതാലും എന്നു പരീക്ഷിത്ത് പറഞ്ഞു. അങ്ങു പറഞ്ഞു തന്ന പുരാണസംഹിതയും ഭഗവാന്റെ ചരിതവും എനിക്കു സർവ്വൌഷധങ്ങളിൽ വെച്ച് ഏറ്റവും മഹത്തായി ഭവിച്ചു.

(ശേഷം പേജ് 19)

# ഒരു യൂറോപ്യൻ യാത്രാ വിവരണം

പി. ആർ. വി. മേലങ്ങത്ത്

യൂറോപ്പ് യാത്രയുടെ സമാപനദിവസ ത്തേയ്ക്ക് കടക്കുകയാണ്. 11-ാം ദിവസം മെയ് 22ന് ഞങ്ങൾ റൂം വെക്കേറ്റ് ചെയ്ത്, വെനീസിൽ നിന്നും 327 കി.മീ. ദൂരെയുള്ള പിസയിലേക്കുള്ള ബസ് യാത്രയ്ക്ക് പുറപ്പെട്ടു. ഉച്ചയോടുകൂടി പിസയിൽ എത്തിച്ചേർന്നു. ബസ് യാത്ര സംബന്ധിച്ച് മുൻപും പ്രതിപാദിച്ചിട്ടുള്ളതാണല്ലോ. മനോഹരമായ റോഡുകളും പരിസ്ഥിതി രമണീയമായ കാഴ്ചകളും വൃത്തിയും ശുചിത്വവും എടുത്തു കാണിക്കുന്ന നഗരവീഥികളും മനോഹരമായ പുൽമേടുകളും എല്ലാം ആസ്വദിച്ചുള്ള യാത്ര. പിസയിലെ ബസ്സ് പാർക്കിങ്ങിൽ നിന്നും കുറച്ചു ദൂരം നടന്നു മാത്രമേ പിസാ ഗോപുരത്തിന്റെ അടുത്തേയ്ക്ക് എത്തുവാൻ കഴിയുകയുള്ളൂ. ഉച്ചവെയിലിന്റെ കാഠിന്യവും നടപ്പിനുള്ള താൽപര്യക്കുറവും മൂലം ഞങ്ങൾ ഒരു ചെറു ട്രാം പോലുള്ള വണ്ടിയിൽ പിസാഗോപുരത്തിന്റെ ഏകദേശം അടുത്ത് ഇറങ്ങി. Leaning Tower of Pisa എന്നാണ് $4^0$ ചരിഞ്ഞു നിൽക്കുന്ന ഈ ഗോപുരത്തിന്റെ പേര്. 183.3 അടി ഉയരവും. 12-ാം നൂറ്റാണ്ടിൽ നിർമ്മിച്ചതുമായ ഈ പിസാ ഗോപുരം അന്നത്തെ സാങ്കേതിക പരിജ്ഞാനക്കുറവു കൊണ്ടോ, ഭൂമിയുടെ ഉറപ്പ് കണക്കാക്കുന്നതിലെ വീഴ്ചകൊണ്ടോ ആണ് $4^0$ ചരിയുവാൻ കാരണമായതെന്ന് പറയപ്പെടുന്നു. ഇത് യൂറോപ്പിലെ അതിപ്രശസ്ത വിനോദസഞ്ചാര കേന്ദ്രമായി അറിയപ്പെടുകയും ചെയ്യുന്നു.



ഇന്ന്, സന്ദർശകരുടെ നീണ്ട ക്യൂ ആണ് പിസാഗോപുരത്തിൻെറ മുകളിലേക്ക് കയറുവാൻ അവിടെ കണ്ടത്. അതുകാരണം ഞങ്ങൾ പിസാ ഗോപുരത്തിന്റെ അകത്തുള്ള സന്ദർശനം ഒഴിവാക്കുകയും പുറത്തു നിന്ന് ധാരാളം ഫോട്ടോഷൂട്ട് എടുത്ത് ആസ്വദിക്കുകയും ചെയ്തു. ഏകദേശം 2 മണിക്കൂറിലധികം അവിടെ ചിലവഴിച്ചു. ഈ പിസാ ഗോപുരം സ്ഥിതിചെയ്യുന്ന ഗ്രൗണ്ടിനു പുറത്ത് എല്ലാ പ്രവേശനകവാടങ്ങളിലും ധാരാളം ചെറുകടകൾ ഉണ്ടായിരുന്നതുകൊണ്ട് ഞങ്ങളിൽ പലർക്കും ആവശ്യമായ ചെറിയ ചെറിയ സോവനീറുകൾ വാങ്ങുവാ

നും ഷോപ്പിങ്ങിനുമുള്ള അവസരം പരമാവധി പ്രയോജനപ്പെടുത്തുവാനും കഴിഞ്ഞു. ഞങ്ങളുടെ ഈ യാത്രക്കിടയിൽ കണ്ട ഒരു പ്രത്യേകത സൂചിപ്പിക്കട്ടേ. ഞങ്ങളുടെ ഈ സഞ്ചാരത്തിനിടയിൽ യൂറോപ്പിലാകമാനമുള്ള ചെറുകിട കച്ചവടക്കാരിൽ ബഹുഭൂരിപക്ഷവും ബംഗ്ലാദേശികളും ആഫ്രിക്കൻ വംശജരുമായിരുന്നു. ഭാവിയിൽ യൂറോപ്പ് ഈ സമൂഹത്തിന്റെ കൈപ്പടിയിൽ ഒതുങ്ങുമോ എന്ന് തോന്നിപ്പോകുന്ന ഒരു വല്ലാത്ത അന്തരീക്ഷം. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കുടിയേറ്റക്കാർക്ക് നിർലോഭം എത്തിച്ചേരുവാനും അവരുടേതായ ഒരു രാജ്യം കെട്ടിപ്പെടുക്കുവാനുമുള്ള സവിശേഷമായ ഒരു അന്തരീക്ഷം അവിടെ സംജാതമായി വരുന്നുണ്ട് എന്നു പറഞ്ഞാൽ അത് അതിശയോക്തികരമാവില്ല. (അവിടെയുള്ള യൂറോപ്യൻ വംശജരേയും ഹിന്ദുക്കളേയും തുടച്ചുനീക്കുവാൻ വേണ്ടി ഭീകരാക്രമണം നടക്കുന്നതായുള്ള വാർത്തയാണ് ഇതെഴുതിക്കൊണ്ടിരുന്നപ്പോൾ ലഭിച്ചതെന്നുള്ളത് യാദൃശ്ചികം മാത്രമായിരിക്കാം.) ഉച്ചയൂണ് ഒരു പഞ്ചാബി റസ്റ്റോറന്റിൽ നിന്നും കഴിച്ച് വീണ്ടും ഞങ്ങൾ യാത്ര പുറപ്പെട്ടു. ഏകദേശം 6-7 മണിയോടു കൂടി ഞങ്ങൾ റോമിലെത്തിച്ചേർന്നു. ഇറ്റലിയിൽ



പ്രവേശിച്ചതിന്റെ പ്രത്യേകതകൾ ഇവിടെ സൂചിപ്പിക്കാത പോയാൽ അത് ഈ യാത്രാവിവരണം പൂർണ്ണമായും സത്യസന്ധമാവില്ലാത്തതുകൊണ്ട് ഇവിടെ രണ്ടു വാക്ക് സൂചിപ്പിക്കട്ടേ. ഇറ്റലിയിലൂടെയുള്ള റോഡ് യാത്ര തികച്ചും കേരളത്തിലെ റോഡുയാത്രകളുടെ ഒരു മിനി പതിപ്പായിരുന്നു. റോഡിലെ ചെറിയ കട്ടറുകളും ട്രാഫിക്ക് ബ്ലോക്കുകളും റോഡിന്റെ ഇരുവശങ്ങളിലും ചപ്പുചവറുകൾ ധാരാളം കൂട്ടിയിട്ടിരിക്കുന്നതും കൊച്ചിയെ പോലും നാണിപ്പിക്കും വിധമായിരുന്നു. ഈ കാഴ്ചകൾ ഞങ്ങളുടെ ഇത്രയും ദിവസത്തേ യാത്രകളിൽ കണ്ട അനുഭവങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമായിരുന്നു. വൈകുന്നേരം 7.30 മണിയോടുകൂടി ഗാന്ധി റസ്റ്റോറന്റ് ഇന്ത്യ എന്ന ബോർഡ് വച്ചിട്ടുള്ള പഞ്ചാബി




-ഗുജറാത്തി ഹോട്ടലിൽ അത്താഴത്തിനായി എത്തിച്ചേർന്നു. നേരത്തെ സൂചിപ്പിച്ചിട്ടുള്ള പോലെ യൂറോപ്പിൽ മദ്യഷോപ്പുകൾ പ്രത്യേകമായി ഇല്ല എന്നു തന്നെ പറയാം. എല്ലാ ഷോപ്പിംഗ് മാളുകളിലും റസ്റ്റോറന്റുകളിലും മദ്യം സുലഭമാണ്. ഈ ഇന്ത്യൻ ഗാന്ധി റെസ്റ്റോറന്റിൽ കാമസൂത്ര എന്ന പേരിൽ മദ്യം പ്രദർശിപ്പിച്ചിട്ടുണ്ട്. സത്യത്തിൽ ഈ കാഴ്ച ഞങ്ങൾക്കൊക്കെ അഭിമാനക്ഷതവും മാനസ്സികാഘാതവും ഉണ്ടാക്കിയെന്ന വസ്തുത പറയാതിരിക്കുവാൻ നിർവ്വാഹമില്ല. നമ്മുടെ രാഷ്ട്രപിതാവായ മഹാത്മഗാന്ധിയുടെ പേരുപോലും കച്ചവടതാല്പര്യത്തിനായി ഉപയോഗിക്കുന്ന സംസ്കാരമാണിവിടെയു

ള്ളതെന്ന് വേദനയോടാണെങ്കിലും പറഞ്ഞു കൊള്ളട്ടെ. ഞങ്ങളിൽ ഭൂരിപക്ഷം പേരും ഈ ഹോട്ടലിൽ നിന്നും ഭക്ഷണം കഴിഞ്ഞ് 2 ദിവസത്തേ താമസത്തിനായി warmtho ഹോട്ടലിൽ എത്തി ചെക്കിൻ ചെയ്തു.

23-ാം തീയതി രാവിലെ പ്രാതൽ കഴിഞ്ഞ് റോമിൽ സിറ്റിടൂറിനായി പുറപ്പെട്ടു. AD 80 ൽ നിർമ്മിച്ച പ്രസിദ്ധമായ arm-fee theatre കാണുവാനാണ് ആദ്യം പോയത്. പ്രസിദ്ധമായ റോമാസാമ്രാജ്യത്തിൽ നിലനിന്നിരുന്ന പൊതു വിനോദകേന്ദ്രങ്ങളിൽ ഏറ്റവും വലുതായിരുന്നു ഈ കൊളോസിയം അഥവ ആംഫീ തീയേറ്റർ. 50000ത്തിലേറെ കാണികളെ ഉൾക്കൊള്ളുന്നതായിരുന്നു ഈ തീയേറ്റർ. അക്കാലത്ത് നിലനിന്നിരുന്ന ക്രൂരവിനോദമായ ഗ്ലാഡിയേറ്റർ മല്ലയുദ്ധത്തിന്റെ വേദിയായിരുന്നു ഇവിടം. ക്രിസ്തുവിന് ശേഷം 7-ാം ദശകത്തിൽ ആണ് ഈ കൊളോസിയം പണി കഴിപ്പിച്ചത്. ഒരു കാലത്ത് അടിമകളെ ഈ ഗ്രൗണ്ടിലേയ്ക്ക് ഇറക്കി വിട്ട് അതോടൊപ്പം വന്യ മൃഗങ്ങളേയും തുറന്നുവിട്ട് അടിമകൾ



ഈ വന്യ മൃഗങ്ങളുമായി മല്ലടിച്ച് ക്രൂരമായി വധിക്കപ്പെടുന്നത് ആസ്വദിക്കുന്നതിനായാണ് ചക്രവർത്തിമാർ ഈ ആംഫീ തീയേറ്റർ ഉപയോഗപ്പെടുത്തിയിരുന്നത്. മനുഷ്യജീവന് വില കൽപ്പിക്കാത്തെ ക്രൂരവിനോദാസ്വാദനത്തിന്റെ ബർനാഡ്ഷായുടെ Androcks and Lion ന്റെ കഥ ഇവിടെ ഓർത്തു പോകുന്നു. അങ്ങനെ പച്ചയായ മനുഷ്യന്റെ ചൂടുചോര വീണ ഈ കൊളോസിയം ചുറ്റി നടന്നു കാണുമ്പോൾ ഇവിടുത്തെ കാറ്റുകൾക്ക് പോലും ചൂടു ചോരയുടെ മണമുണ്ടോയെന്ന് അറിയാതെ മനസ്സിൽ തോന്നിപ്പോകുന്നു. അവിടെ നിന്നു ഞങ്ങൾ നേരേ പോയത് ബെസലിക്ക ഓഫ് സെന്റ് ജോൺ എന്ന തിരുദേവാലയത്തിലേക്കാണ്. പോപ്പിന്റെ ഔദ്യോഗിക ആസ്ഥാന ഓഫീസായിട്ടാണ് ഇത് അറിയപ്പെടുന്നത്. 1860 മുതൽ അറിയപ്പെടുന്ന പ്രധാനപ്പെട്ട പള്ളികളിലൊന്നാണിത്. ഇത് പല ഭൂകമ്പങ്ങളിലും പ്രകൃതിക്ഷോഭങ്ങളിലും മറ്റും നശിക്കപ്പെടുകയും വീണ്ടും വീണ്ടും പുനർനിർമ്മിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. അവിടെ നിന്ന് ഉച്ചയൂണിനായി പുറപ്പെടുകയും ഊണിനുശേഷം ഞങ്ങളുടെ യാത്ര തുടർന്ന് വത്തിക്കാൻ മ്യൂസിയത്തിലെത്തിച്ചേർന്നു. ലോകപ്രശസ്ഥനായ മൈക്കലാഞ്ജലെയുടെ പെയിന്റിങ്ങുകൾ നേരിട്ടു കാണുവാനുള്ള അവസരം ലഭിച്ചത് വിസ്മരിക്കാനാവില്ല. അതുപോലെ തന്നെ ഈ കാത്തലിക്കൻ ചർച്ചിന്റെ നൂറ്റാണ്ടുകളായിട്ടുള്ള സൂക്ഷിപ്പുകളും പെയിന്റിങ്ങുകളും പ്രസിദ്ധമായ spiral stair-case യും ഒരു അത്ഭുതമായി ഇന്നും അവിടെയുണ്ട്. അത് നേരിട്ടു കാണുവാനുള്ള ഭാഗ്യവും അതിന്റെ സന്തോഷവും ഇവിടെ രേഖപ്പെടുത്തട്ടെ. ഈ മ്യൂസിയസന്ദർശനത്തിനു ശേഷം ഞങ്ങൾ നേരെ കാണാൻ പോയത് St. sistine chapel, St. Peters Basilica, Trevi Fountain എന്നിവയായിരുന്നു. ഞങ്ങളുടെ വത്തിക്കാൻ സന്ദർശനം വിശ്വാസികൾക്ക് ഒരു ഈശ്വരാ

നുഗ്രഹവും ജീവിത പുണ്യവുമായി കണക്കാക്കാം. ഞങ്ങൾക്ക് ഇവിടെ സന്ദർശിക്കുവാൻ അവസരം ലഭിച്ചതിൽ എന്റെ അടക്കം ഞങ്ങളുടെ പല ക്രിസ്ത്യൻസുഹൃത്തുക്കൾക്കും അതിയായ സന്തോഷവും ചെറിയ അസൂയയും ഉണ്ടായത് അവരുടെ സംഭാഷണത്തിൽ മറച്ചുവച്ചില്ല എന്ന് പറയാതെ വയ്യ. വത്തിക്കാൻ സന്ദർശിച്ച ഞങ്ങളോട് അവരുടെ ബഹുമാനവും ആദരവും മറച്ചുവെച്ചില്ല എന്നും പറയട്ടെ. ഇതിനിടയ്ക്ക് നമ്മുടെ ഗിരിജാവല്ലഭനും ഭാര്യയും പള്ളിയിൽ പ്രവേശിക്കുന്നതിന് മുമ്പ് കൂട്ടം തെറ്റി ഞങ്ങളിൽ നിന്നും വിട്ട് മറ്റൊരു വഴിയിലൂടെ പുറത്തേയ്ക്ക് ഇറങ്ങിപോയതുകൊണ്ട് അവർക്ക് ഈ യൂറോപ്യൻ ടൂറിലെ ഏറ്റവും അവിസ്മരണീയമായ ഈ ആരാധനാലയം സന്ദർശിക്കാൻ കഴിയാതെ പോയി. ഞങ്ങളുടെ യൂറോപ്പ് സന്ദർശനം അങ്ങനെ പരിസമാപ്തിയിലെത്തുന്നു. വ്യത്യസ്തമായ കാലാവസ്ഥ, ഭക്ഷണം, ജലം, റോഡ്, വിമാനം തുടങ്ങിയവയെല്ലാം ഞങ്ങൾക്ക് ഒരു പ്രത്യേക അനുഭവം തന്നെ യായിരുന്നു. ഫ്രാൻസ്, നെതർലാൻസ്, ബെൽജിയും, ജർമ്മനി, സ്വിറ്റ്സർലെണ്ട്, വത്തിക്കാൻ - റോം എന്നീ രാജ്യങ്ങളിലൂടെയുള്ള 15104 കി.മി. ആകാശയാത്രയും 2750 കി.മീ റോഡ് യാത്രയും നടത്തിയിട്ടും ഞങ്ങളുടെ സഹയാത്രകരിൽ ആർക്കും യാതൊരു വിധ ദേഹാസ്വാസ്ഥ്യം ഉണ്ടായില്ല എന്നുള്ളത് എടുത്തുപറയേണ്ട വസ്തുതയാണ്. അതിനുള്ള ഒരു കാരണം ഞങ്ങളുടെ ബസ്സിന്റെ പോർച്ചുഗീസുകാരനായ ഡ്രൈവർ ബലിനസ്കി ഡാരിയൂസ് (Bielinski Dariusz) ആണ്.



ഞാനുൾപ്പെടെ ശ്യാം, ബാലഗോപാൽ, രാജേന്ദ്രപ്രസാദ്, മുരളി, ജനാർദ്ദനൻ, അജിത് തുടങ്ങിയ കുറച്ചുപേർ ഈ യാത്രയുടെ ആദ്യം മുതൽ അവസാനം വരെ ഈ ബസിന്റെ പിൻ സീറ്റിലിരുന്നാണ് യാത്ര ചെയ്തിരുന്നത്. ഒരു ബുദ്ധിമുട്ടും ഞങ്ങൾക്ക് ഉണ്ടായില്ല എന്നു മാത്രമല്ല ഈ വിനോദയാത്ര എത്ര ആസ്വാദ്യകരമായി അനുഭവിച്ചു എന്നത് പറയുവാൻ കഴിയാത്ത അവസ്ഥയാണ്. അതിൽ ഞങ്ങൾക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്.. വിനോദയാത്രയിൽ ക്ലാസ്സ്മുറിയിലെ ബാക്ക് ബെഞ്ച് വിദ്യാർത്ഥികളുടെ വികൃതിയും കുസൃതിയും മുഴുവനായി പ്രകടിപ്പിക്കാനും ആസ്വദിക്കാനും ഈ പ്രായത്തിലും കഴിഞ്ഞുവെന്നു മാത്രമല്ല യുവത്വത്തിന്റെ ആ വസന്തകാലത്തിൻെറ ഒരു ഓർമ്മപ്പെടുത്തലും ആയിരുന്നു ഞങ്ങൾക്ക്. 19വയസ്സു മുതൽ 80 വയസ്സുവരെ വിവിധ പ്രായത്തിലുള്ളവരുണ്ടായിരുന്നെങ്കിലും ഭൂരിപക്ഷവും മുതിർന്ന പൗരന്മാരായിരുന്നു ഈ സംഘത്തിലുണ്ടായിരുന്നത്. ഈ യാത്ര ഓരോ നിമിഷവും അതിയായി ആസ്വദിച്ചു എന്ന് പറയുന്നതിൽ സന്തോഷം ഉണ്ട്. 24-ാം തീയതി രാവിലെ റൂമിൽ നിന്ന് ചെക്ക് ഔട്ട് ചെയ്ത് എയർപോർട്ടിലേയ്ക്ക് പുറപ്പെട്ടു. ഉച്ചഭക്ഷണം panasia രീതിയിലുള്ളതായിരുന്നു. അവരുടെ ഭക്ഷണത്തിന്റെ സ്വാദും മണവും ഇഷ്ടപ്പെടാൻ നമുക്ക് കഴിയില്ല. എങ്കിലും അതും ആസ്വദിച്ചു നോക്കണമല്ലോ. ഉച്ചയൂണിനുശേഷം റോം എയർപോർട്ടിലേയ്ക്കും അവിടെ നിന്ന് ജിദ്ദ വഴി കൊച്ചിയിലേക്കും.

ഈ യാത്രയിൽ ഒരു കാര്യം മനസ്സിലായി. അത് ഇത്തരം യാത്രകളിൽ സൗദി എയർ ലെൻസിലൂടെയുള്ള യാത്ര അത്ര സുഖകര മല്ല എന്നുള്ളതാണ് എന്ന് കൂടി സൂചിപ്പിച്ചു കൊള്ളട്ടെ.

25-ാം തീയതി രാവിലെ 10 മണിയോടുകൂടി കൊച്ചി ഇന്റർ നാഷണൽ എയർ പോർട്ടിൽ വന്നിറങ്ങി. ജനിച്ച നാട്ടിലെത്തിച്ചേർന്നതിലുള്ള സന്തോഷം വാക്കുകൾക്ക് എത്രയോ അതീതമാണ് എന്ന് പറഞ്ഞറിയിക്കാൻ കഴിയില്ല. 15 ദിവസം രാവും പകലും എല്ലാം ഒന്നു പോലെ. ഞങ്ങളോടൊപ്പം ഉണ്ടായിരുന്ന സഹയാത്രികർ യാത്ര പറഞ്ഞ് പിരിഞ്ഞു പോകുമ്പോൾ ഉണ്ടാകുന്ന വിഷമവും ഞങ്ങളെ ഓരോരുത്തരേയും നൊമ്പരപ്പെടുത്തി. യാത്രകളിലൂടെ ലോകത്തെ, സംസ്കാരത്തെ, ജനങ്ങളെ, ജീവിതരീതിയെ കലാസൃഷ്ടികളെ, ഭൂപ്രകൃതികളെ ഒക്കെ കാണുവാൻ, തൊട്ടറിയുവാൻ ഇനി വീണ്ടും ഒരുമിച്ച് യാത്രചെയ്യാം എന്നു പറഞ്ഞുകൊണ്ട് എല്ലാവരും സന്തോഷത്തോടെ ഹസ്തദാനം ചെയ്ത് പിരിഞ്ഞു.

**കുറിപ്പ്:-** ഈ യാത്രാ വിവരണം എങ്ങനെ എഴുതണമെന്നോ എവിടെ തുടങ്ങണമെന്നോ മുൻകൂട്ടി നിശ്ചയിച്ചിരുന്നതല്ല. യാത്രയ്ക്ക് ശേഷം ഒരു യാത്രാ വിതരണം കരയോഗസൗഹൃദത്തിൽ പ്രസിദ്ധപ്പെടുത്തണമെന്നുള്ള സുഹൃത്തുക്കളുടെ നിർബന്ധത്തിനു വഴങ്ങിയാണ് ഈ സഹാസം ഏറ്റെടുത്തത്. തെറ്റ് കുറ്റങ്ങളും യാത്രാ സാഹിത്യക്കുറവുമുണ്ടായിരിക്കാം. എന്റെ കൈക്കുമ്പിളിൽ ഉള്ള കുറച്ചു വാക്കുകളും അക്ഷരങ്ങളും എടുത്തുവച്ച് എഴുതി തുടങ്ങി. ഈ യാത്രാ വിവരണം എഴുതുവാൻ എന്നെ ഏറെ സഹായിച്ച ശ്രീമതി ഭവാനിയോടുള്ള കടപ്പാട് ഇവിടെ രേഖപ്പെടുത്തിക്കൊള്ളട്ടെ. ഭവാനിയുമായി പല വട്ടം ചർച്ച ചെയ്തും ഓർമ്മ പുതുക്കിയും ഫോട്ടോഗ്രാഫുകൾ പരിശോധിച്ചും ആണ് ഈ യാത്രാ വിവരണം തയ്യാറാക്കിയത് എന്ന് പ്രത്യേകം സൂചിപ്പിക്കട്ടെ. അതുപോലെ തന്നെ കരയോഗസൗഹൃദം എഡിറ്റർ ശ്രീവല്ലഭൻനായരോടുള്ള നന്ദി പ്രത്യേകം രേഖപ്പെടുത്തുന്നു. എല്ലാ സഹയാത്രകരോടുമുള്ള നന്ദി രേഖപ്പെടുത്തുന്നു. നന്ദി നമസ്ക്കാരം.

*****

*(പേജ് 14ന്റെ തുടർച്ച)*

പ്രവിഷ്ടോ ബ്രഹ്മനിർവാണമഭയം
ദർശിതം ത്വയാ

അത്യന്തം ശാന്തമായ അന്തരീക്ഷത്തിൽ വിലയം പ്രാപിച്ചിരിക്കുന്നു. തക്ഷകന്റെ ദംശനം കൊണ്ട് ഉണ്ടാകുന്ന ഭയത്തെ ഞാൻ വക വെക്കുന്നില്ല.

അജ്ഞാനം ച നിരസ്തം മേ ജ്ഞാനവി
ജ്ഞാന നിഷ്ഠയാ
ഭവതം ദർശിതം ക്ഷേമം പരം
ഭഗവതഃ പദം

അതിഗംഭീരമായ ജ്ഞാനം പറഞ്ഞ് എന്റെ അജ്ഞാനത്തെ അങ്ങ് ഇല്ലാതാക്കി. ഭഗവദ് സ്വരൂപത്തെ കാണിച്ചു തന്നു. ഇനിയൊന്നും എനിക്കാവശ്യമില്ല. പരീക്ഷിത്തിന്റെ വാക്കുകൾ കേട്ടു ശുകൻ സന്തുഷ്ടനായി. അദ്ദേഹം ശിഷ്യഗണങ്ങളോടുകൂടി അവിടെനിന്നും പോയി. ഭാഗവതശ്രവണം കൊണ്ട് മരണ ഭയം അവസാനിച്ചു. ദുഃഖിച്ച പരീക്ഷിത്ത് രാജാവിനെ മോചിപ്പിച്ചു മോക്ഷം കൊടുത്ത ശുകൻ ഭാഗവതരൂപത്തിലുള്ള ഈശ്വരജ്ഞാന ദാദാവായി എന്നും അറിയപ്പെടും. ശേഷം മൗനവൃതം അനുഷ്ഠിച്ചു ഭഗവാനെ ധ്യാനിച്ചിരിക്കുവാൻ പരീക്ഷിത്ത് തയ്യാറായി. പരീക്ഷിത്തിന്റെ അന്ത്യം സർപ്പ ദംശത്താൽ സംഭവിച്ചു. അങ്ങനെ മൃത്യുഭയമില്ലാതെ പരീക്ഷിത്ത്:

മവൻ ദേഹം ദഹിച്ചു ഭഗവാങ്കൽ
ചേർന്നു സായൂജ്യം ലഭിച്ചു

തുടർന്ന് ഭാഗവതത്തിൽ വിവരിക്കുന്നത് സുതനും ശൗനകനും തമ്മിൽ നടക്കുന്ന സംവാദമാണ്. അവിടെ മാർക്കണ്ഡേയ മുനിയുടെ കഥയും വിവരിക്കുന്നു. ഈ പുരാണത്തിൽ ജ്ഞാന വൈരാഗ്യ ഭക്തിയുമായ നൈഷ്ക്കർമ്യം വിവരിക്കുന്നു.

ഏവമെല്ലാമെ ചൊല്ലും ശ്രീ മഹാഭാഗവതം
കേവലം മുക്തി സിദ്ധിച്ചീടുവാനെന്നി
യർത്ഥം
മോക്ഷത്തിനേറ്റം പ്രധാനമതാം ഭാഗവതം

*****

# തത്ത്വമസി (മൂന്നാം ഭാഗം)

സി. നാരായണൻ

*(തുടർച്ച)*

**ഈ** വിശേഷതകളുടെ സമാഹാരമാണ് ജഗത് അല്ലെങ്കിൽ സൃഷ്ടി. ഉണ്മയിൽ ഭൂമിയെന്നും സൂര്യനെന്നും ജഗത്തിലെ ചരാചരങ്ങളെന്നുമുള്ള വിശേഷരൂപങ്ങൾ കല്പിക്കുന്നതാണ് സൃഷ്ടി. ഈ വിശേഷാംശങ്ങൾ അനശ്വരമല്ല. അവ വന്നും പോയ്ക്കൊണ്ടുമിരിക്കുന്നവയാണ്. ശാസ്ത്രം ആകെ ചെയ്തിട്ടുള്ളത് ഈ ചഞ്ചലങ്ങളായ വിശേഷങ്ങൾ ഏതെല്ലാം സന്ദർഭങ്ങളിൽ പ്രകടമാവുമെന്നും ഏതെല്ലാം സാഹചര്യങ്ങളിൽ അവ നശിക്കുമെന്നുള്ളതിനെ കുറിച്ചുള്ള പഠനമാണ്,. അതുകൊണ്ടു നമ്മുടെ നിത്യജീവിതം കുറച്ചൊക്കെ ഭൗതിക തലത്തിൽ സുഖകരമാക്കാൻ അതിനു സാധിച്ചിട്ടുണ്ടെന്നു പറയാം. പക്ഷേ, സത്യാന്വേഷണത്തിൽ അതിന്റെ രീതി തന്നെ ന്യൂനതയുള്ളതാണ്. കാരണം, അത് സ്വരൂപത്തെ ഉപേക്ഷിച്ച് രൂപത്തിലാണു ശ്രദ്ധ ചെലുത്തുന്നത്.

പിന്നെ ഈ ശ്ലോകത്തിൽ പാരോക്ഷ്യശബലഃ എന്നിങ്ങനെ തത് ശബ്ദവിഷയമായ സത്ത തത്ക്കാലം നമുക്ക് പരോക്ഷമാണെന്നു പറയുന്നു. അവസാനത്തെ വരിയിൽ സത്യാദി എന്ന വാക്കുകൊണ്ട് തത് സത്തയുടെ സത്യം ജ്ഞാനമനന്തം എന്ന ബ്രഹ്മലക്ഷണങ്ങൾ പറയുന്നു.

തത് എന്ന ഈശ്വരന്റേയും ത്വം എന്ന ജീവന്റേയും വാച്യാർത്ഥങ്ങളെടുക്കുമ്പോൾ, ഈശ്വരനും ജീവനും ഒന്നാണെന്ന തത്ത്വമസി എന്ന സമവാക്യം ശരിയാവാൻ വഴിയില്ല. കാരണം ത്വം പദസംബന്ധിയായ ജീവൻ അല്പജ്ഞനും അല്പശക്തിമാനുമാണെങ്കിൽ തത് പദം ചൂണ്ടി കാണിക്കുന്ന ഈശ്വരൻ അതിനു കടകവിരുദ്ധമായി സർവ്വജ്ഞനും സർവ്വശക്തിമാനുമാണ്. ആ സ്ഥിതിക്ക് ഈ മഹാവാക്യം സാധാരണഗതിയിൽ ശരിയാവാൻ വഴിയില്ല. ആചാര്യസ്വാമികൾ പറയുന്നു.

"പ്രത്യക്പരോക്ഷതൈകസ്യ
സദ്വിതീയത്വ പൂർണതാ
വിരുദ്ധ്യതേയത തസ്മാത്
ലക്ഷണാ സംപ്രവർത്തതേ"

തത്ത്വമസിയുടെ വാച്യാർത്ഥപ്രകാരം ഈശ്വരനും ജീവനും ഏകത്വം അസാദ്ധ്യമാണ്. എന്തെന്നാൽ വാച്യാർത്ഥത്തിൽ ജീവൻ പ്രത്യഗും ഈശ്വരൻ പരോക്ഷവുമാണ്. പ്രത്യഗ് എന്നാൽ ഏറ്റവും ആന്തരികമായത്. പരോക്ഷമെന്നാൽ അതിനു വിപരീതമായി എവിടെയോ ഉള്ളത്. ഒരേ വസ്തു ഒരേ സമയത്ത് ഇതു രണ്ടുമാവാൻ വഴിയില്ല. അതുപോലെ ത്വം പദസൂചിതമായ ജീവൻ ദ്വിതീയത്വമുള്ളവനാണ്. അതായത് അവനു പുറമേ വേറെയും ജീവന്മാരും വസ്തുക്കളുമുണ്ട്. അതേ സമയം, തത്പദോദ്ദീപനായ ഈശ്വരൻ അദ്വിതീയനാണെന്നു പ്രസിദ്ധമാണ്. ആ നിലക്ക് തത്തും ത്വമും ഒന്നാണെന്നു പറയുന്ന സമവാക്യം എങ്ങനെ ശരിയാവും ഇങ്ങിനെ തത്ത്വമസിയുടെ വാച്യാർത്ഥത്തിൽ ഗുരുതരമായ അപാകതകളുള്ളതിനാൽ അത് സ്വീകാര്യമല്ല. പക്ഷേ ഈ വാക്യം വേദോക്തമായതിനാൽ തള്ളിക്കളയാനും സാദ്ധ്യമല്ല. അതുകൊണ്ട് ഈ വാക്യത്തിന്റെയർത്ഥം വേറെ തരത്തിൽ മനസ്സിലാക്കണം. ലക്ഷ്യാർത്ഥമാണ് എടുക്കേണ്ടത് എന്ന് ആചാര്യർ സൂചിപ്പിക്കുന്നു.

ഒരു വാചകത്തിന്റെ അർത്ഥം സന്ദർഭമനുസരിച്ച് മൂന്നു തരത്തിൽ മനസ്സിലാക്കാവുന്നതാണ്.

അഭിധാവൃത്തി, ലക്ഷണാവൃത്തി, വ്യഞ്ജനാവൃത്തി എന്നിങ്ങനെയാണ് ഒരു വാക്യത്തിന്റെ അർത്ഥം മനസ്സിലാക്കേണ്ടത്. ഇതിൽ ആദ്യം പറഞ്ഞരീതി വാക്യത്തിന്റെ മുഖ്യാർത്ഥം അല്ലെങ്കിൽ വാച്യാർത്ഥം പറയുന്നത് ഒരാപ്തനും പക്ഷേ വാച്യാർത്ഥം അസംഗതവുമാണെങ്കിൽ, പറഞ്ഞത് വാച്യാർത്ഥത്തിലല്ല എടുക്കേണ്ടത് എന്നു

നാം മനസ്സിലാക്കണം. ചില ആശയങ്ങൾ ദ്യോതിപ്പിക്കാൻ വാച്യാർത്ഥ രീതി പ്രാപ്തമാവാത്തപ്പോളാണ് മറ്റു രണ്ടു രീതികളെ ആശ്രയിക്കേണ്ടി വരുന്നത്. വ്യഞ്ജനാവൃത്തി സാധാരണയായി ആലങ്കാരികമായാണ് ഉപയോഗിക്കുക. ഉദാഹരണത്തിനു 'രാജൻ, അങ്ങയുടെ മുഖം ചന്ദ്രനെപ്പോലെ ശോഭിക്കുന്നു' എന്നുള്ളത് വ്യംഗ്യത്തിലുള്ള പ്രയോഗമാണ്. അതും തത്ത്വമസി വാക്യം നിരൂപിക്കാൻ ഉതകില്ല.

അതിനാൽ ഇതു രണ്ടുമല്ലാത്ത ലക്ഷണാവൃത്തിയാലാണ് ഇതിന്റെ അർത്ഥവ്യാഖ്യാനത്തിനെടുക്കേണ്ടത്.

ലക്ഷണാവൃത്തി തന്നെ മൂന്നു തരത്തിലുണ്ട്. ത്യാഗലക്ഷണ, ഭാഗലക്ഷണ, ഭാഗത്യാഗലക്ഷണ, അവയെത്തന്നെ ജഹലക്ഷണ അജഹലക്ഷണ ജഹദജഹലക്ഷണ എന്നും പറയും. ഉദാഹരണത്തിനു 'ഗംഗയിലുള്ള കുടിലുകൾ.' എന്നു പറയുമ്പോൾ ഗംഗയുടെ തീരത്തുള്ള കുടിലുകൾ എന്ന അർത്ഥമാണെടുക്കേണ്ടത് അത് ജഹല്ലക്ഷണക്ക് ഉദാഹരണമാണ്. ഇവിടെ ഗംഗാ എന്ന നദിയെ പാടെ ഉപേക്ഷിച്ചാണ് അർത്ഥമെടുത്തതെങ്കിൽ അജഹലക്ഷണ അല്ലെങ്കിൽ ഭാഗലക്ഷണയിൽ സമാനമായ വല്ലതും കൂട്ടിച്ചേർക്കപ്പെടുന്നു. ഉദാഹരണത്തിനു 'ആഹാരം കാക്ക തിന്നാതെ സൂക്ഷിക്കുക' എന്നു പറഞ്ഞാൽ കാക്കയുടെ കൂടെ പട്ടിയേയും പൂച്ചയേയും മറ്റുമൊക്കെ ഉദ്ദേശിക്കുന്നുണ്ട്. അങ്ങിനെ ത്യാഗലക്ഷണയിൽ ഭാഗികമായി വാച്യാർത്ഥത്തെ ത്യാഗം ചെയ്തപ്പോൾ ഭാഗലക്ഷണയിൽ ചിലതു കൂട്ടിച്ചേർത്താണ് അർത്ഥമെടുത്തത്. ഇവ രണ്ടുമല്ലാതെ, ചിലതു തള്ളിക്കളഞ്ഞും ചിലതു സ്വീകരിച്ചുമുള്ള ജഹദജഹലക്ഷണ അല്ലെങ്കിൽ ഭാഗത്യാഗലക്ഷണയെ ആധാരമാക്കിയാണ് തത്ത്വമസിയുടെ അർത്ഥം ഗ്രഹിക്കേണ്ടത്. ഈ സമ്പ്രദായത്തിനു 'ആ ഈ രാമൻ' എന്നിങ്ങനെ രാമനെ തിരിച്ചറിയുന്ന രീതിയാണ് ഉദാഹരിക്കുക. ആ, ഈ എന്ന രണ്ടു ശബ്ദങ്ങൾ സാധാരണഗതിയിൽ വിരുദ്ധമായ അർത്ഥങ്ങളോടു കൂടിയാവയാണ്. ആ എന്നത് വേറെയേതോ ദേശത്തേയും കാലത്തേയും പരാമർശിക്കുമ്പോൾ ഈ ശബ്ദം വർത്തമാനകാലത്തേയും ഇപ്പോൾ നാം ഉള്ള ദേശത്തേയുമാണ് സൂചിപ്പിക്കുക. എന്നാൽ രാമൻ എന്ന വ്യക്തി രണ്ടു വ്യത്യസ്ത അവസ്ഥകളിലും രാമനായി തന്നെ നിൽക്കുന്നതിനാൽ, ദേശകാലങ്ങളാവുന്ന ആ ഈ എന്ന ഉപാധികൾ അപ്രസക്തമായിത്തീരുന്നു.

രാമൻ ഒരേ പ്രഭാവത്തോടെ ദേശകാലങ്ങളാകുന്ന ഉപാധികൾക്കതീതമായി ശോഭിക്കുന്നു. അതായത് വേറെയേതോ ദേശത്ത് വേറെയേതോ കാലത്തു കണ്ട രാമൻ തന്നെയാണ് ഈ ദേശത്ത് എന്റെ മുന്നിൽ ഇപ്പോൾ നിൽക്കുന്ന രാമൻ എന്നിങ്ങനെ അറിയുന്നതാണ് ഭാഗത്യാഗലക്ഷണ, ആ കാലമെന്നും ഈ കാലമെന്നും, ആ ദേശമെന്നും ഈ ദേശമെന്നുമുള്ള ഉപാധികളെ തള്ളിക്കളഞ്ഞാൽ രാമനെന്ന ഒരേയൊരു വ്യക്തിയെ ഗ്രഹ്യമായി ലഭിക്കുന്നു.

അതേ പോലെ നാം ജീവനെന്നും ഈശ്വരനെന്നും വ്യവഹരിക്കുന്നത്, വ്യത്യസ്ത ഉപാധിഗതമായ ഒരു ചൈതന്യത്തെത്തന്നെയാണ്. ഈശ്വരനു മായയും ജീവനു വിദ്യാകാര്യമായ അന്തഃകരണവും ഉപാധികളാണ്. സാങ്കേതികശബ്ദങ്ങളുപയോഗിച്ചാൽ ശുദ്ധസത്വപ്രധാനമായ മായയും മലിനസത്വപ്രധാനമായ അവിദ്യയുമാണ് ക്രമത്തിൽ ഈശ്വരന്റെയും ജീവന്റേയും ഉപാധികൾ. ഈ ഉപാധികളെ തള്ളിക്കളഞ്ഞാൽ രണ്ടും അപരിച്ഛിന്ന സച്ചിദാനന്ദമായ ബ്രഹ്മം തന്നെ. ഈശ്വരന്റെ ഉപാധി സത്വഗുണമായതിനാൽ ഈശ്വരനു സ്വരൂപ വിസ്തൃതിയില്ല. മാത്രമല്ല, മായ ഈശ്വരന് അധീനമാണ്. ജീവന്റെ ഉപാധിയായ അവിദ്യ, ശുദ്ധസത്വമല്ലാത്തതിനാൽ ജീവന് തന്റെ സ്വരൂപം ബ്രഹ്മമാണെന്നുള്ള അറിവ് ഉപാധിയാൽ ആവരണം ചെയ്യപ്പെടുന്നു. താൻ ജഡമായ ജഗത്തിനെ ആശ്രയിച്ചാണു നിലനിൽക്കുന്നതെന്നും തനിക്ക് ജഗത് അനുവദിച്ചു തരുന്ന സുഖമല്ലാതെ മറ്റൊന്നുമില്ലെന്ന ഭ്രമങ്ങൾക്കടിമയായിത്തീരുകയും ചെയ്യുന്നു.

ഉപാധികൾ അവയുടെ സത്തയുടെ ഭാഗമാവുന്നില്ല. ഈശ്വരൻ ലീലയുടെ ഭാഗമായി മായയെ വരിക്കുകയും വിടുകയും ചെയ്യുന്നു.

ജീവന് പ്രത്യേക ഉപാധി കിട്ടുന്നതും ആ പ്രത്യേക ഉപാധിവിട്ട് വേറെയൊരു ഉപാധി കൈവരുന്നതും അവന്റെ കർമ്മഫല

ങ്ങളനുസരിച്ചാണ്. പക്ഷേ ജീവന്റെ സത്യാവസ്ഥ കർമ്മങ്ങളോ കർമ്മഫലങ്ങളോ സ്പർശിക്കാത്ത ചിദാനന്ദമാണ്. അതിനാൽ ജീവൻ തന്റെ വിവേകമുപയോഗിച്ച് ഉപാധികളുമായി തനിക്ക് യഥാർത്ഥത്തിൽ ഒരു ബന്ധവുമില്ലെന്ന് തിരിച്ചറിയണം. അതിനാണ് തത്ത്വമസി മഹാവാക്യത്തിന്റെ അർത്ഥവിചാരം ചെയ്യേണ്ടത്.

ഉപാധിരഹിതമായ ത്വം പദത്തെ ആചാര്യൻ വിവരിക്കുന്നതു ഇങ്ങിനെയാണ്

'സാക്ഷിലക്ഷണോവബോധഃത്വം പദാർത്ഥ സ ഉച്യതേ

സാക്ഷിത്വമപിബോധ്യത്വമവികാരിതയാത്മനഃ'

ത്വം പദം യഥാർത്ഥത്തിൽ വേദ്യമാക്കുന്നത് സാക്ഷിമാത്രമായ ബോധത്തെയാണ്. ചൈതന്യമാത്രമായ ഞാൻ ഒരു സാക്ഷിയെപോലെ ഒരു ക്രിയയിലും ഭാഗഭാക്കാവുന്നില്ല. സാക്ഷി പദത്തിന്റെ നിർവചനം 'സാക്ഷാത് അന്യാനപേക്ഷയാ ഈക്ഷതേ പ്രകാശയതേ'

അതായത് വേറെയൊന്നിനേയും ആശ്രയിക്കയോ ഒന്നിനോടും ബന്ധപ്പെടുകയോ ചെയ്യാതെ സമീപത്തുള്ളതിനെ കാണുകയും പ്രകാശിപ്പിക്കുകയും ചെയ്യുന്നതാണ് സാക്ഷി. സൂര്യനെ സാക്ഷിയെന്നാണ് നാം വിളിക്കുന്നത്. ഭൂമിയിലുള്ളവർ സൂര്യനെ ആശ്രയിക്കുമ്പോളും സൂര്യൻ വെറുതെ വിളങ്ങുക മാത്രം ചെയ്യുന്നു. സൂര്യപ്രഭയിൽ നാം കർമ്മങ്ങൾ ചെയ്യുന്നുണ്ടെങ്കിലും സൂര്യൻ ഒരു കർമ്മത്തിലും ഇടപെടുന്നില്ല. തികച്ചും അതുപോലെ അന്തകരണവും ശരീരവും കർമ്മങ്ങളിൽ ഏർപ്പെടുന്നത് സാക്ഷി ചൈതന്യമായ ആത്മാവിന്റെ അനുഗ്രഹത്താലാണ്. പക്ഷേ ആത്മാവിനു കർതൃത്വവും ഭോക്ത്യാത്വവുമില്ല. നിർവികാരിയായ ആത്മാവ് ജഡങ്ങളായ ശരീര ബുദ്ധികൾക്ക് കർമ്മത്തിലേർപ്പെടാനുള്ള ചേതനത്വം കടം നൽകുക മാത്രം ചെയ്യുന്നു.

ഇങ്ങിനെ ത്വം പദത്തിന്റെ ശരിയായ അർത്ഥം നിർണയിച്ചതിനു ശേഷം തത് പദത്തെ ഒന്നു കൂടെ നോക്കാം

'നിസ്താതിശയാനന്ദഃസത്യഃപ്രജ്ഞാന വിഗ്രഹഃ

സത്താലക്ഷഃ പൂർണ്ണഃ

പരമാത്മേതി ഗീതയേ'

സത്യം ജ്ഞാനം അനന്തം എന്നീ സ്വരൂപത്തോടു കൂടിയതും പരപ്രേമത്തിനാസ്പദമായ നിരതിശയാനന്ദവുമാണ് ബ്രഹ്മം എന്നറിയുക.

ഇങ്ങിനെ ത്വം പദത്തിന്റെ ശരിയായ അർത്ഥം നിർണ്ണയിച്ചതിനു ശേഷം തത് പദത്തെ ഒന്നു കൂടെ നോക്കാം.

'നിരസ്താതിശയാനന്ദഃ സത്യഃ

പ്രജ്ഞാ ന വിഗ്രഹ

സത്താലക്ഷണഃപൂർണ്ണഃ

പരമാത്മേതി ഗീയതേ'

സത്യം ജ്ഞാനം അനന്തം എന്നീ സ്വരൂപത്തോടു കൂടിയതും പരമപ്രേമത്തിനാസ്പദമായ നിരതിശയാനന്ദവുമാണ് ബ്രഹ്മം എന്നറിയുക.

ഇങ്ങിനെ ത്വം പദത്താൽ വിവക്ഷിക്കപ്പെടുന്ന ജീവന്റെയും തത് പദ സൂചിയായ ഈശ്വരന്റേയും ഉപാധികളെ നീക്കികളഞ്ഞാൽ ഈ ഉപാധികളായിരുന്നു ജീവത്വമെന്നും ഈശ്വരത്വമെന്നുമുള്ള വിശേഷതകൾക്കു കാരണമെന്നു മനസ്സിലാക്കാം. ഉപാധികളില്ലെങ്കിൽ ജീവനും ഈശ്വരനും ചൈതന്യമാത്രം തന്നെ.

മാത്രമല്ല ആ രണ്ടിനേയും പരസ്പരം വിരുദ്ധമാക്കി നിർത്തുന്ന ഘടകങ്ങളും ഇല്ലാതാവുന്നു.

'പ്രത്യഗ്ബോധോയ ആഭാതി

സോദ്വയാനന്ദലക്ഷമഃ

അദ്വയാനന്ദരൂപശ്ച

പ്രത്യഗ്ബോധൈക ലക്ഷണഃ'

ഈ ശ്ലോകം വളരെ പ്രാധാന്യമുള്ളതാണ്. കാരണം, ഈ ശ്ലോകത്തിലാണ് ആചാര്യൻ തത് എന്ന ബ്രഹ്മവും ത്വം എന്ന ജീവനും തമ്മിലുള്ള താദാത്മ്യം ചൂണ്ടിക്കാണിക്കുന്നത്. പ്രത്യഗ്ബോധമെന്നാൽ എല്ലാവരുടേയും ഏറ്റവും ആന്തരികമായ ബോധമാണ്, അതാണ് ശരിയായ 'ഞാൻ' അല്ലെങ്കിൽ ആത്മാവ്. അജ്ഞാനദശയിൽ ജീവനെന്നു വിളിക്കുന്ന ത്വം പദത്തിന്റെ ലക്ഷ്യാർത്ഥമാണത്. ഈ പ്രത്യഗ്ബോധം ഉപാധിരഹിതമാവുമ്പോൾ അദ്വയാനന്ദം തന്നെയാണെന്നാണ് ശ്ലോകത്തിന്റെ ആദ്യഭാഗം പറയുന്നത് അദ്വായനന്ദമെന്നാൽ ബ്രഹ്മമാണല്ലോ.

രണ്ടാം ഭാഗത്തിൽ പറയുന്നത് അദ്വയാനന്ദം പൂർണ്ണമായതിനാൽ അതുതന്നെയാണ് പ്രത്യഗ് ബോധമായും പ്രകാശിക്കുന്നത് എന്നാണ്.

ഇങ്ങിനെ ജീവനും ബ്രഹ്മവും രണ്ടും പ്രത്യഗും അദ്വയവും ആനന്ദവുമായതിനാൽ രണ്ടും വ്യത്യസ്തമല്ല. തത് എന്നതും ത്വം എന്നതും തമ്മിൽ ശബ്ദത്തിനേ വ്യത്യാസമുള്ളൂ രണ്ടും ഒരേ ചൈതന്യം തന്നെ.

ആചാര്യർ തന്റെ വ്യാഖ്യാനം ഈ ശ്ലോകത്തിൽ ഉപസംഹരിക്കുന്നു.

'ഇത്ഥമന്യോന്യതാദാത്മ്യ
പ്രതിപത്തിർയദാ ഭവേത്
അബ്രഹ്മത്വം ത്വമർത്ഥസ്യ
വ്യാവർത്തേത് തദൈവ ഹി'
'തദർത്ഥസ്യ പാരോക്ഷ്യം
യദ്യേവം കിം തത ശൃണു
പൂർണാനന്ദൈകരൂപേണ
പ്രത്യഗ് ബോധോപതിഷ്ഠതേ'

അന്തഃകരണോപാധിയെ തള്ളി കളഞ്ഞാൽ പിന്നീട് അന്തഃകരണധർമ്മമായ സംസാരിത്വം ജീവനില്ലാതായിത്തീരുന്നു. സംസാരിത്വത്തെ ആചാര്യർ അബ്രഹ്മത്വം എന്നാണു വിളിക്കുന്നത്. അതായത് ഇതുവരെ തന്നെ ബ്രഹ്മത്തിൽ നിന്നു വ്യത്യസ്തമാക്കി നിർത്തിയിരുന്ന ജീവന്റെ അബ്രഹ്മത്വം ഇല്ലാതാവുന്നു.

അതേ പോലെ ബ്രഹ്മത്തിനെ, ദൂരെയെവിടെയോ ആണെന്ന തെറ്റിദ്ധാരണ നീങ്ങി, അത് ഓരോരുത്തരുടേയും അന്തർഭാഗത്ത് വിളങ്ങുന്ന ബോധമാണെന്നറിയുന്നു. അപ്പോൾ ഇതുവരെ ജീവനിൽ നിന്ന് വ്യത്യസ്തമാക്കി നിർത്തിയിരുന്ന ബ്രഹ്മത്തിന്റെ പരോക്ഷത നീങ്ങുന്നു.

ഇത്തരത്തിൽ ജീവൻ സംസാരിത്വം അല്ലെങ്കിൽ അബ്രഹ്മത്വം നീങ്ങി ബ്രഹ്മതുല്യവും, ബ്രഹ്മം പരോക്ഷത നീങ്ങി അപരോക്ഷവുമാവുമ്പോൾ തത്ത്വമസി മഹാവാക്യം സാർത്ഥകമായിത്തീരുന്നു.

ഇതിനു ശേഷം ആചാര്യർ ഈ ജ്ഞാനം അനുഭവതലത്തിലെത്തിക്കാൻ ഇതിന്റെ സാരാംശം നിരന്തരം ശ്രവണമനനധ്യാനദികൾ ചെയ്യാൻ ഉപദേശിക്കുന്നു.

'അഹം ബ്രഹ്മേതി വാക്യാർത്ഥ
ബോധോ
യാവദ് ദൃഢീ ഭവേത്
ശമാദിസഹിതസ്താവദഭ്യസ്യേ
ശ്രവണാദികം

ശ്രുതി 'തത് ത്വം അസി' എന്നുപദേശിക്കുമ്പോൾ മുമുക്ഷു മനസ്സിലാക്കേണ്ടേത് 'ഞാൻ ബ്രഹ്മമാണ് (അഹം ബ്രഹ്മാസ്മി) എന്നാണല്ലോ. എന്നാൽ ജന്മജന്മാന്തരങ്ങളായി, അതു ശരിയാവാൻ വഴിയില്ല എന്ന അസംഭാവനയും താൻ നിസ്സാരനാണ് എന്ന വിപരീതഭാവനയും ദൃഢമായി നമ്മളിൽ ഉള്ളതിനാൽ ഒരിക്കൽ കേട്ടതുകൊണ്ടു മാത്രം സ്വാംശീകരിക്കാൻ പറ്റുന്ന ഒരു അറിവല്ല ഇത്. ഇതിനെ ആചാര്യർ കാട്ടിത്തന്ന രീതിയിൽ നിരന്തരം അർത്ഥവിചാരം ചെയ്യണം. ഗീതയിൽ ഭഗവാൻ പറയുന്നത് അഭ്യാസേന തു കൗന്തേയ എന്നാണ്. അഭ്യാസത്തിൻെറ ശരിയായ അർത്ഥം ആവർത്തനെന്നാണ്. അസംസ്ക്കൃതമായ മനസ്സിനു ഇതിന്റെ സാരാംശം ഒരു നിഴൽ മാത്രപോലും അറിയാൻ സാധിക്കയില്ല. അതുകൊണ്ടു ശമദമങ്ങൾ തുടങ്ങിയ സാധനചതുഷ്ടയങ്ങൾ അഭ്യസിച്ച് പാകം വരുത്തിയ മനസ്സുകൊണ്ട് മഹാവാക്യത്തിന്റെ അർത്ഥവിചാരം അനവരതം ആത്മാർത്ഥതയോടെ ചെയ്യണമെന്ന് ഭഗവദ്പാദർ ഉപദേശിക്കുന്നു.

ഇനി ഈ മഹാവാക്യം സാധന ചെയ്താലുള്ള ഫലം പറയുന്നു.

'നിരസ്താതിശയാനന്ദം
വൈഷ്ണവം പരമംപദം
പുനരാവൃത്തി രഹിതം
കൈവല്യം പ്രതിപദ്യത്
കൈവല്യാവസ്ഥ'

യെന്നാൽ നമ്മുടെ ഓരോരുത്തരുടേയും അതിരുകളില്ലാത്ത ആനന്ദാവസ്ഥ. അതു സിദ്ധിച്ചാൽ പിന്നീട് ജനനമരണ ചക്രത്തിൽ നിന്ന് ജീപൻ എന്നന്നേയ്ക്കുമായി മുക്തി പ്രാപിക്കുന്നു. ഇതിൽ പറഞ്ഞ മോക്ഷമാർഗ്ഗം അനുസരിക്കുന്ന എല്ലാവർക്കും അങ്ങിനെ സംഭവിക്കട്ടേയെന്ന് ദയാസാഗരമായ ശങ്കര ഭഗവത്പാദർ ആശീർവദിക്കുകയും അനുഗ്രഹിക്കയും ചെയ്യുന്നു.

(അവസാനിച്ചു)

2022 സെപ്റ്റംബർ മാസം അന്തരിച്ച കരയോഗം അംഗമായിരുന്ന **ടി.എൻ.ലക്ഷ്മികുട്ടി** അമ്മയ്ക്ക് (L/1414 നികത്തിൽ ഹൗസ് പള്ളിയിൽ ലെയിൻ, കൊച്ചി – 16) എറണാകുളം കരയോഗത്തിന്റെ ആദരാഞ്ജലികൾ



# കേരളത്തിലെ കലകൾ

## വിദ്വൽപ്രഭ. ജെ. എസ്

*(തുടർച്ച)*

**ക്ഷേ**ത്രങ്ങളിൽ വച്ച് പറക്കും കൂത്ത് നടത്താൻ സാധ്യമല്ല. ക്ഷേത്ര സമീപത്തുള്ള വിശാലമായ പറമ്പ് വളച്ചുകെട്ടി ശുദ്ധീകരിച്ച് അവിടെയാണ് നടത്തുക. ദേവനെ എഴുന്നള്ളിച്ച് വച്ച് ദേവസന്നിധിയിലാണ് പറക്കും കൂത്തി നടത്തുക. ചാക്യാർകൂത്ത് ദേവസമക്ഷമേ അവതരിപ്പിക്കാറുള്ളൂ. ഇരിങ്ങാലക്കുട, കൊടുങ്ങല്ലൂർ എന്നിവിടങ്ങളിൽ കൂത്തുപറമ്പുകൾ എന്ന പേരിൽ ചില സ്ഥലങ്ങളുണ്ട്. അവയൊക്കെ പറക്കും കൂത്തുകൾ നടത്തിയ പറമ്പുകളാണത്രേ.

'ഒഴുക്കൽ' പറക്കുന്നതിനേക്കാൾ പ്രയാസമേറിയതാണ്. നങ്ങ്യാരാണ് ആ കർമ്മം നിർവ്വഹിക്കുക. നല്ല വെള്ള നൂലുകൊണ്ടു നീട്ടിപാവിട്ടു പുഴയുണ്ടാക്കി അതിൽ നങ്ങ്യാർ ചാടി ഒഴുകണം. പറക്കുകയും ഒഴുകുകയും രണ്ടും ദുഷ്കരമായ കർമ്മമാണ്. അതിനെ അടിസ്ഥാനപ്പെടുത്തി ഒരു ചൊല്ലുണ്ട്. പറന്ന ചാക്യാരെയും ഒഴുകിയ നങ്ങ്യാരെയും കണ്ടാൽ തൊഴണമെന്ന്. ഇപ്പോൾ പറക്കൽ ഒഴുക്കൽ, കെട്ടിഞ്ഞാലൽ ഇവയൊക്കെ വിരളമായിട്ടേ നടന്നുവരുന്നുള്ളൂ.

കൂടിയാട്ടം ക്ഷേത്രത്തോടു ഘടിപ്പിച്ചതും ദേവപ്രീതികരവുമായ ഒരു പുണ്യകർമ്മമാണ്. വഴിപാടായി നടത്തിവരാറുള്ള മന്ത്രാങ്കംകൂത്ത്, അംഗുലീയാങ്കംകൂത്ത് മത്തവിലാസം കൂത്ത്, നങ്ങ്യാർകൂത്ത് ഇവയെല്ലാം ആ വകയിൽപെട്ടതാണ്.

മന്ത്രാംങ്കംകൂത്തിൽ നാല്പത്തൊന്നു ദിവസത്തോളം വരുന്ന വിദൂഷകന്റെ കഥാപ്രസംഗമാണ് അതിലെ പ്രധാന വിഷയം. അതിൽ വരാത്ത കഥയോ, വിഷയമോയില്ല.

അംഗുലീയങ്കംകൂത്ത്-പന്ത്രണ്ടോ ഇരുപത്തിയൊന്നോ ദിവസംകൊണ്ടു നടത്തി വരുന്നു. അതിൽ അംഗാഭിനയത്തിനാണ് പ്രാധാന്യം. ഹനുമാൻ രാമായണത്തിലെ പൂർവ്വകഥകളെ സീതാസമക്ഷം സവിസ്തരം വർണ്ണിക്കുന്നു,

മത്തവിലാസംകൂത്തിൽ നൃത്തത്തിനാണ് പ്രാധാന്യം ബ്രാഹ്മഹത്യ നിമിത്തം ബ്രഹ്മരാക്ഷസനായിത്തീർന്ന ഒരു ബ്രാഹ്മണന് ശിവനെ സേവിച്ച് ശിവസാലോക്യം പ്രാപിച്ചശേഷം താണ്ഡവം ഭൂമിയിൽ പ്രചരിപ്പിച്ചാൽ പാപം തീരുമെന്ന് ശിവൻ നിർദ്ദേശിച്ചതുപ്രകാരം അയാൾ മധുപാനമദമത്തനായി നൃത്തം ചെയ്തു നടക്കുന്നതാണ് ഇതിലെ സങ്കല്പം. കൂടിയാട്ടത്തിൽ സ്ത്രീവേഷം കെട്ടുന്നതു നങ്ങ്യാരായതിനാൽ ആംഗികം ശീലിക്കാൻ വേണ്ടിയാണ് നങ്ങ്യാർകൂത്ത്. മേല്പറഞ്ഞ കൂത്തുകളിൽ പരിചയം സിദ്ധിച്ചിട്ടുള്ള ചാക്യാന്മാർക്കും, നങ്ങ്യാത്മാർക്കും നാടകാഭിനയത്തിനുള്ള പ്രാഥമികപാഠങ്ങൾ അവയിൽ നിന്നും ലഭ്യമാകും.

പ്രബന്ധക്കൂത്ത് രാമായണം, ഭാരതം, ഭാഗവതം മുതലായ ഇതിഹാസപുരാണങ്ങളിലെ കഥാഭാഗങ്ങളെക്കുറിച്ചു വിസ്തരിച്ചുള്ള പ്രസംഗമാണ്. (കഥാപ്രസംഗരൂപത്തിലുള്ള ചാക്യാർകൂത്ത്) കഥാവർണ്ണന ഏതു രംഗവും പ്രേക്ഷകർക്കുമുന്നിൽ വരച്ചുകാട്ടുന്നത് ചിത്രതുല്യമാണ്. അയോദ്ധ്യയും കിഷ്കിന്ധയും ലങ്കയും എല്ലാം കൂത്തമ്പലത്തിലൂടെ എല്ലാസഹൃദയമനസ്സിലും എത്തും.

ചാക്യാർ നിമിഷനേരംകൊണ്ട് കൃഷ്ണനും, ദുര്യോധനനും, ദുശ്ശാസനനും, കർണ്ണനുമാകും. ഭാവം, സ്വരം, ഭാഷ ഇവ കഥാപാത്രത്തിനനുസരിച്ച് മാറ്റം വരുത്തുന്നതിലുള്ള സിദ്ധി ചാക്യാർക്കുമാത്രമേയുണ്ടാകൂ.

ശ്ലോകങ്ങളുടെ അർത്ഥം വ്യാഖ്യാ

നിച്ചു വിവരിയ്ക്കുന്നതും പ്രത്യേകചാതുര്യത്തോടെയാണ്. കഥകളും, രംഗങ്ങളും കല്പിച്ചുണ്ടാക്കാനുള്ള അവസരം പാഴാക്കുകില്ല. ചെറിയ ഒരു സംഭവം കിട്ടിയാൽ അതിനെ വിടർത്തി സദസ്സിലെ ആളുകളെ ചൂണ്ടിപ്പറയുകയെന്ന അസാമാന്യ കഴിവും പ്രശംസനീയമാണ്.

കഥയിലെ സംഭാഷണങ്ങളെല്ലാം സഭയിലെ ആളുകളോടു നേരിട്ടു പറയുന്ന അനുഭൂതിയുളവാക്കും. വിശ്വാമിത്രൻ ജനകരാജധാനിയിലേക്കു പോകുമ്പോൾ ജനകമഹാരാജാവു സ്വാഗതം ചെയ്യുന്ന സന്ദർഭം ഇത്തരത്തിലാണവതരിപ്പിക്കുക. ആദ്യം പ്രേക്ഷകരുടെ മദ്ധ്യത്തിൽ നിന്നും വിശ്വാമിത്രനു പറ്റിയ ഒരാളെ കണ്ടെത്തും. അയാളോട് സ്വാഗതം പറയുന്നത് ഈവിധമാണ്.

ഭഗവാൻ മഹാമുനേ, അവിടേയ്ക്ക് സ്വാഗതം. ഞാൻ ചെയ്തിട്ടുള്ള സൽകർമ്മങ്ങളുടെയെല്ലാം ഫലം ഇന്ന് സമാഗതമായിരിക്കുന്നു. അവിടുത്തേയ്ക്ക് ഈ പാദദാസന്റെ ഗൃഹത്തിലേയ്ക്ക് എഴുന്നെള്ളാൻ തോന്നിയത് ഈ രാജധാനിയുടെ ഭാഗ്യമാണ്.

വൃദ്ധനും തേജസ്വിയുമായ ഒരാളുടെ അടുത്തു ചെന്ന് ഇങ്ങനെ സ്തുതിപാടുമ്പോൾ ആ വ്യക്തിക്ക് അഭിമാനവും ആനന്ദവും തോന്നും. മറ്റു ചിലർക്ക് പുച്ഛരസമായിരിക്കും. ഇങ്ങനെ പലഭാവപ്രകടനങ്ങളും സഭയിൽ മിന്നിമറയും.

അതുപോലെ അശോകവനികാരംഗത്തിൽ രാക്ഷസന്മാർ ഹനുമാനെ ശകാരിയ്ക്കുന്നതോ മറ്റോ ആയ സന്ദർഭത്തിൽ ഹനുമാനാകാൻ പറ്റിയ ഒരാളെ കണ്ടെത്തുക. പിന്നെ ഇത്തരത്തിൽ സംബോധന ചെയ്യും. എടാ കുരങ്ങാ, നിന്നെ എവിടുന്നാ ഇങ്ങോട്ടു കെട്ടിയെഴുന്നള്ളിച്ചത് എന്ന ചോദ്യം ആ വ്യക്തിയെ അപഹാസ്യനാക്കുന്നു. കുരങ്ങനെന്ന സംബോധന തന്നെ അസഹ്യമാണ്. തല കുനിച്ച് പൊതു സദസ്സിൽ അപമാനിതനാകുന്നു. കാലത്തിനും ദേശത്തിനും സമുദായത്തിനും വ്യക്തിയ്ക്കുമുള്ള ദോഷങ്ങളെയും ഗുണങ്ങളെയും രൂപകാതിശയോക്തി വഴിയും സമാസോക്തി വഴിയും വെളിപ്പെടുത്താനും സാധിയ്ക്കും.

രാമായണം ഭാരതം മുതലായവപോലുള്ള ഗ്രന്ഥകാവ്യങ്ങൾ സംഗ്രഹിച്ചുപറയാനും നിസ്സാരമായ ഒരു വാക്യമോ, ശ്ലോകമോ വച്ചു മണിക്കൂറുകൾ വിസ്തരിയ്ക്കാനും സാധ്യമാണ്. ഏതു വാഗ്മിയ്ക്കും അസൂയ ജനിപ്പിയ്ക്കുന്ന ഒരു രീതി ചാക്യാരുടെ അപൂർവ്വ സിദ്ധിയാണ്.

ഭാഗവതാദിപുരാണങ്ങളും മറ്റും വായിച്ച് വ്യാഖ്യാനിയ്ക്കുന്ന ഒരു രീതി കേരളത്തിലുണ്ട്. കുറെക്കൂടി വിസ്തരിച്ചാൽ അതു കൂത്തായി. ചാക്യാർ നിലത്തിരുന്നല്ല പറയുക. നില്ക്കുകയും, നടക്കുകയും, ഇരിക്കുകയും ചാടുകയും ഓടുകയുമെല്ലാം സന്ദർഭാനുസരണമായി ചെയ്യാൻ ചാക്യാർക്കു സ്വാതന്ത്ര്യമുണ്ട്. വിദൂഷകന്റെ വേഷമാണ് ചാക്യാർക്ക് വിദൂഷകധർമ്മമായ ഫലിത പരിഹാസം വേണ്ടുവോളം വാക്കുകളിൽ സ്ഫുരിക്കും. അതിനാൽ ആബാലവൃദ്ധജനങ്ങളേയും രസിപ്പിയ്ക്കുന്ന കലയാണ് ചാക്യാർകൂത്ത്.

**പാഠകം.**

ചാക്യാന്മാരുടെ കഥാപ്രസംഗത്തെ അനുകരിച്ച് നമ്പ്യാന്മാരും മറ്റ് അമ്പലവാസികളും കഥാപ്രസംഗം തുടങ്ങിയപ്പോൾ പാഠകം എന്ന കലാരൂപം ആവിർഭവിച്ചു. പരിഹാസവും ചൂണ്ടിപ്പറച്ചിലും ഒഴിവാക്കിയിട്ടുള്ള ഒരു ശൈലിയാണ് പാഠകം. പാഠകക്കാരന്റെ വേഷവും ലളിതമാണ്. കുറിയിട്ട്, തലയിൽ ചുവന്ന മുടിവച്ച് കഴുത്തിൽ മാലയിട്ട്, അരയിൽ മുണ്ടിനുമീതെ പട്ടുചുറ്റിയാൽ പാഠകക്കാരന്റെ വേഷമായി. ജനം ഏറെ ആസ്വദിച്ചിരുന്നു ഈ കലയെ.

തുള്ളൽ വിഭാഗത്തിൽ പാമ്പിൻതുള്ളൽ കോമരം തുള്ളൽ, ഓട്ടൻതുള്ളൽ ഇവ പ്രാധാന്യമർഹിക്കുന്നു. പാമ്പിൻതുള്ളൽ നാഗാരാധനപരമായ ഒരു പ്രാചീനകലയാണ്. പുള്ളുവസമുദായക്കാരാണ് അതിന്റെ അവ

കാശികൾ. ഒരു പാമ്പിൻ കാവെങ്കിലുമില്ലാത്ത കേരളത്തറവാട് വിരളമാണ്. നാഗത്താൻ മാരെ പ്രീതിപ്പെടുത്താൻ നടത്തുന്ന വഴി പാടാണ് പാമ്പിൻ തുള്ളൽ. തമ്മിൽകെട്ടിപ്പി ണഞ്ഞു നിന്നാടുന്ന നാഗത്താന്മാരുടെ രൂപ ത്തിൽ പഞ്ചവർണ്ണചിത്രീതമായ കളം എഴുതി പുള്ളോന്മാരും, പുണ്ണോത്തികളും ചേർന്നു വീണയും കുടവും വായിച്ചു പാടി ആരാധ ന നടത്തുന്നു. കാശ്യപമഹർഷിയ്ക്കു കദ്രു വിൽ നാഗങ്ങൾ ജനിച്ച നാഗോല്പത്തി കഥ യാണ് ഇതിവൃത്തം. അതിന്റെ അവസാനം സ്ത്രീകൾ ഉറഞ്ഞു തുള്ളിപ്പാഞ്ഞു പാമ്പിൻ കാവിൽ പൂക്കുലകുത്തുക എന്നത് പാമ്പിൻ തുള്ളലിൽ ഏറ്റവും പ്രധാനമായ ഭാഗമാണ്.

കോമരം തുള്ളൽ ഭദ്രകാളീക്ഷേത്രത്തിൽ കണ്ടുവരുന്ന ഒന്നാണ്. കോമരം കുളിച്ചു വന്നു കെട്ടിച്ചുറ്റി ചിലമ്പും കുറിയുമണിഞ്ഞ് അരമണിയും കിങ്ങിണിയും കെട്ടി വാളും കൈയ്യിൽ ധരിച്ച് മുടിയഴിച്ചിട്ട് കലികൊണ്ടു വിവിധ നൃത്തങ്ങൾ തുള്ളുന്നു. ദാരികസം ഹാരത്തിന്നൊരുങ്ങിയ ഭദ്രകാളിയാണെന്നാ ണ് സങ്കല്പം. കലാപ്രാധാന്യം കുറഞ്ഞും ആവേശപ്രാധാന്യം കൂടിയുമുള്ള കലയാണ് കോമരം തുള്ളൽ. കോമരങ്ങൾ ചിലപ്പോൾ സ്വന്തം തലയിൽ വാളുകൊണ്ടുവെട്ടി രക്ത മൊഴുക്കുന്ന കാഴ്ച ഭയാവഹമാണ്.

ജനകീയകലയാണ് ഓട്ടൻതുള്ളൽ ഹാ സ്യരസപ്രധാനമായ ഒരു ദൃശ്യകലയാണ് തുള്ളൽ. ശ്രീ കലക്കത്തു കുഞ്ചൻ നമ്പ്യാർ ആവിഷ്ക്കരിച്ച തുള്ളൽ പ്രസ്ഥാനം വളരെ പ്രാധാന്യമർഹിയ്ക്കുന്ന കലയാണ്.

(തുടരും)

***

## എറണാകുളം കരയോഗം - ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2022 സെപ്ററംബർ മാസം സംഭാവന നൽകിയവർ

| | | |
|---|---|---|
| 1. | രഘു കെ.ആർ., നവനീതം, കണ്ണൻതോട്ടത്തിൽ ലെയിൻ, ഇടപ്പള്ളി, കൊച്ചി - 24 | 6,728/- |
| 2. | ബിജോയ് കുമാർ. ഡി., ലിറ്റിൽ കൈലാസ്, ERRA-35, ഇളമന റോഡ്, തൃപ്പൂണിത്തുറ - 682301 | 5,000/- |
| 3. | കണ്ണൻ, DTPC STALL, ഡി.എച്ച്, റോഡ്, എറണാകുളം | 5,000/- |

## എറണാകുളം കരയോഗാംഗത്വമെടുക്കൂ സേവനപ്രവർത്തനങ്ങളിൽ പങ്കാളികളാകൂ

**എറണാകുളം കരയോഗത്തിൽ അംഗത്വമെടുത്ത് ജീവകാരുണ്യ,സാമൂഹ്യസേവനപ്രവർത്തനങ്ങളിൽ പങ്കാളികളാകുവാൻ എറണാകുളം ജില്ലാതിർത്തിക്കുള്ളിൽ താമസിക്കുന്ന നായർ സമുദായാംഗങ്ങളെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. കൊച്ചി കോർപ്പറേഷൻ പരിധിക്കുള്ളിൽ താമസിക്കുന്ന നായർ സമുദായാംഗങ്ങൾക്ക് ആജീവനാംഗത്വവും ജില്ലാതിർത്തിക്കുള്ളിൽ താമസിക്കുന്ന നായർ സമുദായാംഗങ്ങൾക്ക് അസ്സോസിയേറ്റ് അംഗത്വവും നിബന്ധനകൾക്ക് വിധേയമായി ലഭിക്കുന്നതാണ്. താല്പര്യമുള്ളവർ വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക.**

**ഫോൺ : 04842361160**

# ചടുലമായ ചുവടുകൾ

## സി. രാമചന്ദ്രൻ - 9995820684

രണ്ടു തരം വീക്ഷണങ്ങൾ ശാസ്ത്രത്തിനു നൽകിയ റോജർബാക്കന്റെയും, റെനെ ദെക്കാർത്തിന്റെയും സംഭാവനകളെക്കുറിച്ചാണ് നാം ഹ്രസ്വമായി കണ്ടത്. ഒന്ന് സംഘടിത യത്നത്തിന്റെയും മറ്റേത് വ്യക്തിമനനത്തിന്റെയും പ്രാധാന്യം പ്രേഷണം ചെയ്യുന്നവയായിരുന്നുവല്ലോ. ഒന്ന് പരീക്ഷണനിരീക്ഷണങ്ങൾക്കും, മറ്റേത് സൈദ്ധാന്തിക വിശകലനങ്ങൾക്കും പ്രാധാന്യം നൽകുന്നവയുമായിരുന്നു. ഇനി നാം കാണുന്നത് ഈ രണ്ടു വീക്ഷണങ്ങളും ഇണചേർന്നുകൊണ്ട് ശാസ്ത്രരംഗത്തെ ഉത്പാദന പ്രക്രിയയിലുണ്ടാക്കിയ വിപ്ലവമാണ്.

ഇതിനിടയിൽ നാം വിട്ടുപോയ ഒരു കാര്യം ഇവിടെ പരാമർശിക്കേണ്ടതുണ്ട്. അത് വൈദ്യശാസ്ത്രരംഗത്തുണ്ടായ മാറ്റമാണ്. പക്ഷെ ഒരു കാര്യം നാം സൂചിപ്പിച്ചു. അത് 'റേഹ്യു മാനസ് കോർപോറിസ് ഫാബ്രിക്ക' എന്ന ആൻഡ്രൂസ് വെസാലിയൂസിന്റെ മനുഷ്യശരീരത്തിന്റെ ഘടനയെസംബന്ധിച്ചു വിശദീകരിക്കുന്ന പ്രബന്ധമാണ്. നിലവിലിരുന്നിരുന്ന ധാരണകളെ കോപ്പർ നിക്കസിനെപ്പോലെ തന്നെ പൊളിച്ചെഴുതിയ ഒരാളായിരുന്നു ഫ്ളെമിഷ് ഭിഷഗ്വരനായിരുന്ന വെസാലിയൂസ്. മനുഷ്യശരീരത്തെ സംബന്ധിച്ച ധാരണകളെ കീറിമുറിക്കുന്നതിനു തുടക്കമിട്ടത് ഡാവഞ്ചി തന്നെയാണ്. പല കൈവഴികളായി പിരിഞ്ഞ ആധുനിക ചിന്തയുടെ ഉറവ ഡാവഞ്ചിയിൽ നിന്നുതന്നെയാണ്.

വെസാലിയൂസ് ജനിച്ചത് ബ്രസൽസിലെ ഒരു പരമ്പരാഗത ഭിഷഗ്വരകുടുംബത്തിലാണ്. അദ്ദേഹത്തിന്റെ പിതാവ് റോമാ ചക്രവർത്തിയുടെ ആരോഗ്യകാര്യ ഉപദേശകനായിരുന്നു. പാരീസ് സർവകലാശാലയിൽ വൈദ്യം പഠിക്കുമ്പോഴാണ് വെസാലിയൂസ് മനുഷ്യശരീരത്തിന്റെ ഉള്ളുകള്ളികൾ കീറിമുറിച്ചു കാണുന്നത്. ഫ്രാൻസും റോമും തമ്മിൽ യുദ്ധം തുടങ്ങിയപ്പോൾ അദ്ദേഹം അവിടംവിട്ട് 1536-ൽ ലവേയിൽ സർവകലാശാലയിൽ ചേരുന്നു. അവിടെ മനുഷ്യശരീരങ്ങൾ കീറിമുറിക്കുന്നതിന് നിയന്ത്രണമുണ്ടായിരുന്നു. അതിനാൽ ശവപരിശോധന നടത്തുന്നതിന് ശ്മശാനങ്ങളിൽ മോഷണം നടത്തേണ്ടി വന്നു. ലവേയ്‌ലിലും ശ്വാസം മുട്ടനുഭവപ്പെട്ടതിനാൽ പഠനം പദുവാ സർവകലാശാലയിലാക്കി. ബിരുദം നേടിയശേഷം അവിടെത്തന്നെ അധ്യാപകനായി. ന്യായാധിപന്മാരുമായുള്ള സൗഹൃദം മൂലം വധശിക്ഷ കഴിഞ്ഞ മൃതദേഹം അദ്ദേഹത്തിനു പഠിക്കുന്നതിനും പഠിപ്പിക്കുന്നതിനുമായി ലഭിക്കുമായിരുന്നു. മൃതദേഹത്തിനു ക്ഷാമമുള്ളപ്പോൾ ന്യായാധിപന്മാർ വിചാരണയും വിധിയും പെട്ടെന്നുതന്നെ നടത്തി മൃതദേഹങ്ങൾ നൽകുമായിരുന്നത്രേ!

ഭിഷഗ്വരന്മാർക്കുപകരം ക്ഷുരകന്മാർ ശരീരം കീറുന്ന ഏർപ്പാടാണന്നു നിലനിന്നിരുന്നത്. പക്ഷെ പതിവിനു വിരുദ്ധമായി വെസാലിയൂസ് നേരിട്ടു തന്നെ ശരീരം കീറി മനസ്സിലാക്കി. കോറിവരച്ച ശരീരഭാഗങ്ങളുടെ ചിത്രങ്ങൾ അന്നത്തെ കിടയറ്റ ചിത്രകാരനായിരുന്ന ടിഷ്യാനും ശിഷ്യന്മാരുമാണ് അനാട്ടമി ഗ്രന്ഥത്തിലെ വർണ്ണചിത്രങ്ങളായി മിനുക്കിയത്. പിന്നീട് അദ്ദേഹം ചാൾസ് അഞ്ചാമന്റെ ആസ്ഥാന വൈദ്യനായി. 1556-ൽ അതുപേക്ഷിച്ച് സ്പെയിലിനെ ഫിലിപ്പ് രാജാവിന്റെ സദസ്സിലെത്തി. 1565-ൽ അതുമുപേക്ഷിച്ച് യറുശലേമിലേയ്ക്ക് തീർത്ഥയാത്ര നടത്തി. മടങ്ങുംവഴി അമ്പതാമത്തെ വയസ്സിൽ അന്തരിച്ചു.

രക്തചംക്രമണത്തെ സംബന്ധിച്ച വില്യം ഹാർവിയുടെ പുതിയ സിദ്ധാന്തം ശരീരശാസ്ത്രത്തേയും വൈദ്യശാസ്ത്രത്തേയും തുടർന്നും പരിഷ്കരണവിധേയമാക്കി. ഇംഗ്ലീഷുകാരനായ ഹാർവി വൈദ്യശാസ്ത്രത്തിൽ ഉപരിപഠനം നേടിയത് പദുവാ സർവകലാശാലയിൽ നിന്നാണ്. മികച്ച നിലയിൽ പാസായി തിരിച്ചെത്തി. ബർത്ത്‌ലോമിയോ ആശുപത്രിയിൽ പ്രധാന ഡോക്ടറായി നിയമിക്കപ്പെട്ടു. രക്തചംക്രമണവ്യവസ്ഥയെ അദ്ദേഹം സ്ഫുടം ചെയ്തെടുക്കുന്നതവിടെ വച്ചാണ്. ഹൃദയം ഒരു പമ്പാണ്, പമ്പു മാത്രമാണ്, അത് മനസ്സിന്റെ ഇരിപ്പിടമല്ല എന്ന കണ്ടെത്തൽ യാന്ത്രിക പ്രപഞ്ചവാദത്തിനുള്ള ഒരു മുതൽക്കൂട്ടായിരുന്നു.

പഴയകാല ചൊല്ലുകളിൽ പതിരുണ്ട് എന്നു പ്രഖ്യാപിച്ചുകൊണ്ടാണ് പാരാസെൽസസ് എന്ന സ്വിസ് മനീഷി വൈദ്യശാസ്ത്രരംഗത്തേയ്ക്കു കടന്നുവന്നത്. സമകാലീന വിജ്ഞാനികളെപ്പോലെ അന്നത്തെ അറിവിന്റെ എല്ലാ മേഖലകളെയും അദ്ദേഹം സ്പർശിച്ചിരുന്നു. മുപ്പത്തിമൂന്നാമത്തെ വയസ്സിൽ ബാസൽ യൂണിവേഴ്സിറ്റിയിലെ വൈദ്യശാസ്ത്ര പ്രൊഫസറായി നിയമിതനായി. ലാറ്റിൻ ഉപേക്ഷിച്ച് മാതൃഭാഷയായ ജർമ്മനിൽ ക്ലാസെടുക്കുകയും, ജർമ്മനിൽ തന്നെ ഗ്രന്ഥങ്ങൾ രചിക്കുകയും ചെയ്തു. അബദ്ധ പഞ്ചാംഗങ്ങൾ എന്ന് പറഞ്ഞ് അദ്ദേഹം ഗാലന്റെയും അവിസെന്നയുടെയും ഗ്രന്ഥങ്ങൾ പ്രതീകാത്മകമായി കത്തിച്ചു. ജനകീയ ശാസ്ത്രപ്രസ്ഥാനം തുടങ്ങുന്നത് ഗലീലിയോയ്ക്കൊപ്പം പാരാസെൽസസിൽ നിന്നുകൂടിയാണെന്നു പറഞ്ഞാൽ അത് തെറ്റാവില്ല. ഔഷധരസതന്ത്രം എന്ന പുതിയൊരു വൈദ്യശാസ്ത്രശാഖയ്ക്ക് അദ്ദേഹം തുടക്കം കുറിച്ചു. ധാതുക്കളും ലോഹസങ്കരങ്ങളും ഔഷധങ്ങളിൽ പരീക്ഷിക്കുന്നത് അദ്ദേഹമാണ്. മനുഷ്യശരീരം രാസസംയുക്തങ്ങളുടെ സമുച്ചയമാണല്ലോ. ഒരു ഔഷധത്തിന്റെ ഏതു ഘടകമാണ് രോഗത്തിനു ഫലസിദ്ധി നൽകുന്നതെന്നും അതിനു കാരണമെന്തെന്നുമുള്ള അന്വേഷണമാണ് പാരാസെൽസസിനെ വ്യത്യസ്തമാക്കുന്ന മറ്റൊരു കാര്യം. നാട്ടറിവുകൾക്കും അദ്ദേഹം പ്രാധാന്യം നൽകി. ഗ്രാമീണ വയറ്റാട്ടികൾക്കുണ്ടായിരുന്ന അറിവുകളും വിലമതിച്ചു. അതു ശേഖരിക്കുവാൻ അദ്ദേഹം മടിച്ചില്ല. പരമ്പരാഗത ഭിഷഗ്വരന്മാർക്ക് അദ്ദേഹം അനഭിമതനായിരുന്നു. സർവ്വകലാശാലകളിൽ നിന്നദ്ദേഹം അകത്തിനിർത്തപ്പെട്ടു. ശസ്ത്രക്രിയയെ സംബന്ധിച്ചും ഔഷധരസതന്ത്രത്തെക്കുറിച്ചും അദ്ദേഹം രചിച്ച പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുവാൻ അന്ന് പലരും തയ്യാറായില്ല. യൂറോപ്പിലും ആഫ്രിക്കയിലും അലഞ്ഞു നടക്കുവാൻ വിധിക്കപ്പെട്ട അദ്ദേഹം അതിനിടയിൽ നാല്പത്തിയെട്ടാം വയസ്സിൽ അന്തരിച്ചു; മരിച്ചതിനുശേഷം അംഗീകാരം. നാകത്തിന് സിങ്ക് എന്നും, സ്പിരിറ്റിന് ആൽക്കഹോൾ എന്നും പേരുകൾ നൽകിയതദ്ദേഹമാണ്.

ഹൃദയം ആത്മാവിന്റെ ഇരിപ്പിടമല്ല എന്നു പറഞ്ഞെങ്കിലും അദ്ദേഹം ആത്മീയവാദിയായിരുന്നു. തൂണിലും തുരുമ്പിലും ദൈവമുണ്ടെന്നു പറഞ്ഞതുപോലെ ജൈവവും അജൈവവുമായ എല്ലാ വസ്തുക്കൾക്കും ആത്മാവുണ്ടെന്ന് അദ്ദേഹം വിശ്വസിച്ചു. സ്പിരിറ്റിലെ സ്പിറ്റാണ് ആത്മാവ്. രാസവസ്തുക്കളിൽ അദ്ദേഹം കണ്ട ആത്മാക്കൾ ഇന്ന് എൻസൈമുകളായി മനുഷ്യനിൽ അലയുന്നു.

ശാസ്ത്രജ്ഞന്മാരുടെ കൂട്ടായ ഉദ്യമമാണ് ശാസ്ത്രപുരോഗതിക്ക് ആവശ്യമെന്ന ആശയം യൂറോപ്പിൽ ധാരാളം ശാസ്ത്രസമിതികൾ രൂപം കൊള്ളാൻ കാരണമായി. റോയൽ സൊസൈറ്റി ഓഫ് ലണ്ടൻ, സയൻസ് അക്കാദമി ഓഫ് ഫ്രാൻസ് എന്നീ രണ്ടു പ്രമുഖ സംഘടനകൾ 17-ാം നൂറ്റാണ്ടിൽ യൂറോപ്പിൽ രൂപംകൊണ്ടു. ശാസ്ത്രസാങ്കേതികവിദ്യകളിലൂടെ ഗതാഗതം, വാർത്താവിനിമയം, വൈദ്യ ശാസ്ത്രം തുടങ്ങിയ രംഗങ്ങളെ പരിപുഷ്ടമാക്കുക എന്നതായിരുന്ന ഉദ്ദേശം. എന്നാൽ ഭരണരംഗത്തുനിന്ന് സാമ്പത്തികാനുകൂല്യങ്ങൾ ഒട്ടുംതന്നെ ഇല്ലായിരുന്നു. യൂണിവേഴ്സിറ്റികളും ഫലേച്ഛയില്ലാതെ പണം നൽകുമായിരുന്നില്ല. ചുരുക്കത്തിൽ ശാസ്ത്രജ്ഞന്മാർക്ക് ഗവേഷണത്തിന്റെ ചിലവുകൾ

'അപ്നാ, അപ്നാ' നിർവഹിക്കേണ്ടിവന്നു.

റോബർട്ട്ബോയിൽ, റോബർട്ട് ഹുക്ക് എന്നീ രണ്ടു പ്രതിഭകളുടെ നേതൃത്വത്തിൽ ലണ്ടൻ സൊസൈറ്റി ഉജ്ജ്വലമായി ഒരു സംഘടനയായി മാറി. വാതകങ്ങളെക്കുറിച്ച് ബോയിലും ലോഹക്കമ്പികളുടെ ഇലാസ്തികതയെക്കുറിച്ച് ഹുക്കും നടത്തിയ പഠനം സുവിദിതമാണല്ലോ. ല്യൂവൻഹോക്ക് എന്ന ഹോളണ്ടുകാരൻ മൈക്രോ സ്കോപ്പുപയോഗിച്ചു നടത്തിയ പരീക്ഷണങ്ങളും റോയൽ സൊസൈറ്റി ആവേശോജ്ജ്വലമായി ഉൾക്കൊണ്ടു. ഇതിനോടനുബന്ധിച്ച് മൈക്രോഗ്രാഫിയ എന്ന ഒരു ഗ്രന്ഥവും പുറത്തുവന്നു. റോബർട്ട് ഹുക്ക് സൂക്ഷ്മജീവികളെക്കുറിച്ചു നടത്തിയ പഠനമാണ് നാം പിന്നീടു കാണുന്നത്.

റ്റോറിസ് എലി കണ്ടെത്തിയ ശൂന്യസ്ഥലം അന്തരീക്ഷ മർദ്ദത്തെക്കുറിച്ച് പുതിയ അവബോധമുണ്ടാകുവാൻ സഹായിച്ചു. വായു അടിച്ചു കയറ്റുന്ന പ്രഷർപമ്പുകൾക്കു സമാന്തരമായ വായു കളഞ്ഞ് ശൂന്യതയുണ്ടാക്കുന്ന വാക്വം പമ്പുകളുടെയും വരവായി. രണ്ട് അർദ്ധഗോളങ്ങൾ ചേർത്തുവച്ച് ശൂന്യത സൃഷ്ടിക്കപ്പെട്ടശേഷം അവയെ വിഘടിപ്പിക്കുവാൻ ഇരുവശത്തും എട്ടു കുതിരകൾ വീതം എതിർദിശയിലേയ്ക്കു വലിക്കേണ്ടിവന്നു എന്നത് അന്തരീക്ഷമർദ്ദത്തെ അത്ഭുതത്തോടെ കാണുവാൻ ശാസ്ത്രജ്ഞന്മാരെപ്പോലും പ്രേരിപ്പിച്ചു. ബോയിലും ഹുക്കും ചേർന്ന് വാക്വം പമ്പുകളെ നിരന്തരം പരിഷ്കരിച്ചു. ശാസ്ത്രത്തിന്റെ സർഗ്ഗശക്തി, വയലാറിന്റെ കവിതയിൽ പറയുന്നരീതിയിൽ കടിഞ്ഞാൺ വിട്ട യാഗാശ്വമെന്ന പോലെ തന്നെ കുതിച്ചു. അതിനെ നിയന്ത്രിച്ചു നയിച്ചത് ന്യൂട്ടനായിരുന്നു എന്ന് വഴിയെ വിശദമായി കാണാം.

നിലനിന്നിരുന്ന വിശ്വാസങ്ങളെ ചോദ്യം ചെയ്യുവാൻ പുതിയ ശാസ്ത്രം തയ്യാറായതോടെ ചോദ്യശരങ്ങൾ മറ്റു രംഗങ്ങളിലേയ്ക്കും പാഞ്ഞു. മതനേതൃത്വങ്ങളിലേയ്ക്ക്, രാഷ്ട്രീയാധികാരങ്ങളിലേയ്ക്ക്, നീതിന്യായവ്യവസ്ഥകളിലേയ്ക്ക് എല്ലാം എല്ലാം അത് തുളഞ്ഞിറങ്ങി. ചില ചോദ്യകർത്താക്കൾക്ക് ജീവൻ നഷ്ടപ്പെട്ടു. എങ്കിലും ചിന്തകളെ പിടിച്ചുകെട്ടുവാൻ കഴിഞ്ഞില്ല. ആദിമമായ ഒരു സാംസ്കാരിക വിപ്ലവത്തിനു കളമൊരുങ്ങി. പുതിയ ഒരു വെളിച്ചം പരക്കുകയായിരുന്നു; പുതിയ ഒരറിവിന്റെ വെളിച്ചം. ജ്ഞാനോദയം എന്ന് അത് പിന്നീട് നാമകരണം ചെയ്യപ്പെട്ടു. കോപ്പർനിക്കസ്, ഗലീലിയോ പ്രഭൃതികളുടെ പ്രപഞ്ചചിത്രവും, വെസാലിയൂസ്, ഹാർവിപ്രഭൃതികളുടെ മനുഷ്യചിത്രവും പ്രചരിക്കുകയും വിശ്വാസമാർജ്ജിക്കുകയും അംഗീകരിക്കപ്പെടുകയുമായിരുന്നു.

ഗണിത രംഗത്തുണ്ടായ ഒരു കണ്ടുപിടിത്തം ലോഗരിതം ആയിരുന്നു. സ്കോട്‌ലന്റിലെ നേപിയർ പ്രഭുവാണതു കണ്ടുപിടിച്ചത്. 1616-ൽ അത് പ്രസിദ്ധീകരിക്കുമ്പോൾ ട്രിഗ്ണോമട്രിയിലെ പ്രശ്നങ്ങൾ ലഘൂകരിക്കുക എന്ന ഉദ്ദേശമേ ഉണ്ടായിരുന്നുള്ളൂ. പിന്നീട് സുഹൃത്ത് ബിഗ്സുമായി ചേർന്ന് അത് ഗണിതമേഖലയെ ആകെ ലഘൂകരിക്കുന്ന സംഭവമാക്കി മാറ്റി.

സിവിൽ എഞ്ചിനീയറിംഗ്, തച്ചുശാസ്ത്രം, വാസ്തുവിദ്യ, അച്ചടി, ഖനനം തുടങ്ങിയ മേഖലകളിലും പരീക്ഷണങ്ങളും പരിഷ്കരണങ്ങളും ഇതേ കാലഘട്ടത്തിലുണ്ടായി. കരയിലെ ചരക്കുനീക്കങ്ങൾക്കുതകും വിധം യൂറോപ്പിലാകെ കനാലുകളുടെ ശൃംഖലയുണ്ടായി. മുൻഗാമികളായ ഡാവഞ്ചി, ഡ്യുറർ തുടങ്ങിയവർ അസാമാന്യരായ ചിത്രകാരന്മാരും അതുപോലെ പ്രതിഭാധനരായ എഞ്ചിനീയർമാരുമായിരുന്നുവല്ലോ. ഇവർ രണ്ടുപേരും മികച്ച നഗരസംവിധായകരുമായിരുന്നു.

ലോഹങ്ങളുടെ രസതന്ത്രവും അച്ചടിയും യാന്ത്രികമായതോടെ അതിന്റെ പരിണാമം, പരസഹസ്രം കോപ്പികൾ സമയബന്ധിതമായി ഉത്പാദിപ്പിക്കുവാൻ കഴിയുമാറ് വികസിച്ചു. അറിവ് ജനകീയമാകുകയായിരുന്നു. യൂറോപ്പിൽ താല്പര്യമുള്ള ആർക്കും അറിവു സമ്പാദിക്കുന്നതിന് വിലക്കുകളില്ലായിരുന്നു. നവോത്ഥാനത്തിൽ സജീവമായി ഇടപെട്ടതിന് പുസ്തകങ്ങളുടെ വ്യാപനം സഹായകമായി. അത് ചിന്തകളെ മാത്രമല്ല പ്രവൃത്തികളെയും ഒരുപോലെ ഉദ്ദീപിപ്പിച്ചു.

*****

# ആയുർവേദ പഴഞ്ചൊല്ലുകൾ

ഡോ. ദേവിദാസൻ വെള്ളോടി - 9747480903

ഇപ്രാവശ്യം കുറച്ചു ആയുർവേദ പഴഞ്ചൊല്ലുകൾ ആണ് ഇവിടെ കുറിക്കുന്നത്. പഴഞ്ചൊല്ലിൽ പതിരില്ല. അതിനാൽ എല്ലാവരും ശ്രദ്ധിച്ച് വായിക്കണം, മനസ്സിലാക്കണം

1. അരവയർ ഉണ്ടാൽ ആരോഗ്യമുണ്ടാകും (വയറുനിറയെ ഭക്ഷണം കഴിക്കരുത്. അരവയർ എപ്പോഴും കാലിയായി വയ്ക്കാം അപ്പോൾ ആരോഗ്യമുണ്ടാകും.)
2. ചോര കൂടാൻ ചീര കൂട്ടുക (എന്നുപറഞ്ഞാൽ അനീമിയ പോലുള്ള അസുഖങ്ങളിൽ ചീര ഉപയോഗിക്കുന്നത് വളരെ നല്ലതാണ്).
3. അതിവിടയം അകത്തായാൽ അതിസാരം പുറത്ത് (വയറിളക്കത്തിന് വളരെ നല്ല ഔഷധമാണ് അതിവിടയം).
4. നീരു കൂടിയാൽ മോര് (എന്നുപറഞ്ഞാൽ ശരീരത്തിൽ നീര് കൂടിയാൽ അതു കുറയാൻ പുളിയില്ലാത്ത കാച്ചിയ മോര് കൂട്ടുന്നത് നല്ലത് ).
5. ആധി കൂടിയാൽ വ്യാധി (അമിതമായ ആകുലതകൾ ഉള്ളവർക്ക് രോഗങ്ങൾ വന്നു ഭവിക്കും).
6. ചുക്കില്ലാത്ത കഷായമില്ല (ഒട്ടുമിക്ക കഷായങ്ങളിലും ചുക്കുണ്ട് ചുക്ക് ദഹനശക്തിയെ വർദ്ധിപ്പിക്കുന്ന ഒരു ഔഷധമാണ്).
7. നവൈദ്യ പ്രഭുരായുഷഃ വൈദ്യൻ അല്ലല്ലോ ആയുസ്സിൻ പ്രഭു (വൈദ്യന് അവരുടേതായ പരിമിതികളുണ്ട് ആയുസ്സിന്റെ പ്രഭു ഈശ്വരനാണ്).
8. അമിതമായാൽ അമൃതും വിഷം (ശരീരത്തിന് ആരോഗ്യം തരുന്ന എന്തു വസ്തുവും അമിതമായി ഭക്ഷിച്ചാൽ അത് വിഷം പോലെ ഭവിക്കും).
9. ചക്കയ്ക്ക് ചുക്ക് മാങ്ങായ്ക്ക് തേങ്ങ (ചക്ക തിന്ന് ഉണ്ടായ ദഹനക്കേടിന് ചുക്ക് കഷായം വെച്ചു കുടിക്കുക. മാങ്ങ കഴിച്ച് ഉണ്ടായ ഉൾപ്പുഴുക്കത്തിനും ദഹനക്കേടിനും തേങ്ങപ്പാൽ കുടിക്കുക അല്ലെങ്കിൽ തേങ്ങ തിന്നുക).
10. കണ്ണിൽ കുരുവിന് കൈയ്യിൽ ചൂട് (കണ്ണിൽ കുരു വന്നാൽ കൈകൾ തമ്മിൽ കൂട്ടി തിരുമ്മി ആ ചൂട് കൊള്ളിച്ചാൽ ആ കുരു പോകും).
11. രാത്രി കഞ്ഞി രാവണനും ദഹിക്കില്ല (രാത്രിയിൽ കഞ്ഞി പോലും ദഹിക്കാൻ ബുദ്ധിമുട്ടാണ് അതുകൊണ്ട് ലഘുവായ ഭക്ഷണം മാത്രം കഴിക്കുക).
12. തലമറന്ന് എണ്ണ തേക്കരുത് (എന്നു പറഞ്ഞാൽ അർഹത ഇല്ലാത്തത് സ്വന്തമാക്കിയാൽ അർഹിക്കാത്ത വേദന അനുഭവിക്കേണ്ടിവരും. ഒന്ന് കൂടി ചുരുക്കി പറഞ്ഞാൽ നാം എന്താണെന്നുള്ള ബോധത്തോടുകൂടി ആത്മസംയമനം പാലിച്ചു ജീവിക്കുക).
13. അജീർണ്ണേ ഭോജനം വിഷം (പ്രാതൽ ദഹിയ്ക്കുംമുമ്പ് കഴിച്ച ഉച്ചയൂണും, ഉച്ചയൂണു ദഹിയ്ക്കുംമുമ്പ് കഴിച്ച അത്താഴവും വിഷമാണ് ).
14. അർദ്ധരോഗഹരീ നിദ്രാ (പാതി രോഗം ഉറങ്ങിയാൽ തീരും).
15. മുദ്ഗദാളീ ഗദവ്യാളീ (ചെറുപയർ രോഗം വരാതെ കാക്കും. മറ്റു പയറുകളുടെ ദോഷം ചെറുപയറിനില്ല).
16. ഭഗ്നാസ്ഥിസന്ധാന കരോ രസോനഃ (വെളുത്തുള്ളി ഒടിഞ്ഞ എല്ലിനെ കൂട്ടിച്ചേർക്കും).
17. അതി സർവ്വത്ര വർജ്ജയേൽ (ഒന്നും അമിതമായി കഴിയ്ക്കരുത്, ചെയ്യരുത്, ഉപയോഗിക്കരുത്).
18. നാസ്തി മൂലം അനൗഷധം (ഔഷധ ഗുണം ഇല്ലാത്ത ഒരു സസ്യവും ഇല്ല).

19. നേത്രാമയേ ത്രിഫല (എന്നു പറഞ്ഞാൽ നേത്രരോഗങ്ങളിൽ ത്രിഫലയാണ്-കടുക്ക, നെല്ലിക്ക, താന്നിക്ക-ഉത്തമം).
20. സ്ഥൂലന് ചികിത്സയില്ല (അമിതവണ്ണമുള്ള വരെ ചികിത്സിക്കാൻ ബുദ്ധിമുട്ടാണ്).
21. ഉപവാസം ആരോഗ്യത്തിലേക്കുള്ള രാജ പാത (ഉപവസിക്കലാണ് ഏറ്റവും നല്ല ഔഷധം).
22. ഇളനീർ തലയിൽ വീണാൽ ഇളനീർ (എന്നുപറഞ്ഞാൽ തെങ്ങിൻചുവട്ടിൽ നിൽക്കുന്ന സമയത്ത് നാളികേരം തലയിൽ വീണാൽ നാളികേര ജലം കൊണ്ട് തലയിൽ ധാര ചെയ്യുക).
23. അടിയിൽ എണ്ണ തേച്ചാൽ തല വരെ (ഉള്ളം കാലിൽ എണ്ണ തേച്ചാൽ അതിന്റെ ഫലം തല വരെ കിട്ടും).
24. മച്ചിത്വം മാറാൻ പുത്രജനനി (പുത്രജനനി എന്നുപറഞ്ഞാൽ തിരുതാളി എന്നർത്ഥം. കുട്ടികൾ ഇല്ലാത്തവർ തിരുതാളി പാൽ കഷായം വെച്ചു കുടിച്ചാൽ കുട്ടികൾ ഉണ്ടാകും എന്ന് ഇതിനർത്ഥം).
25. നീർവാളം ശരിയായാൽ ഗുണം, അമിതമായാൽ ആനയ്ക്കും മരണം (എന്നുപറഞ്ഞാൽ കൃത്യമായ അളവിൽ നീർവാളം വയറിളക്കാൻ ഉപയോഗിച്ചില്ലെങ്കിൽ ആന പോലും മരിക്കും എന്ന് അർത്ഥം).
26. സർവ്വത്ര നൂതനം ശസ്തം സേവകാന്നേ പുരാതനം (എല്ലാറ്റിലും പുതിയതാണ് നല്ലത്, പഴയ അരിയും പഴകിയ വേലക്കാരനും ഒഴികെ).
27. നിത്യം സർവ്വ രസാഭ്യാസ (ദിവസവും ആറ് രസവും ചേർന്ന ഭക്ഷണം കഴിക്കണം (ഉപ്പ്,കയ്പ്പ്,ഇനിപ്പ്(മധുരം),ചവർപ്പ്, പുളിപ്പ്, കഷായം).
28. ജഠരം പൂരയേദർദ്ധം അന്നൈ (ആഹാരം കൊണ്ട് വയറിന്റെ പാതിമാത്രം നിറയ്ക്കുക ബാക്കിയിൽ കാൽഭാഗം വെള്ളം, ബാക്കി ശൂന്യം).
29. ഭുക്ത്വോപവിശതസ്തന്ദ്രാ (ഉണ്ടിട്ട് ഇരുന്നാൽ ക്ഷീണം വരും ഉണ്ടാൽ അരക്കാതം നടക്കുക).
30. ക്ഷുത് സ്വാദുതാം ജനയതി: (വിശപ്പ് രുചി വർദ്ധിപ്പിക്കും).
31. ചിന്താ ജരാണാം മനുഷ്യാണാം (മനസ്സു പുണ്ണാക്കുന്നത് ജരയെ ത്വരിപ്പിയ്ക്കും).
32. ശതം വിഹായ ഭോക്തവ്യം (നൂറു കാര്യം നിവർത്തിക്കണമെങ്കിലും ഊണ്, സമയത്തു കഴിയ്ക്കണം).
33. സഹചരാദി ക്വാഥ സേവന ഓടാം ചാടാം നടക്കാം യഥേഷ്ടം (കരിങ്കുറിഞ്ഞി വേര്, ചുക്ക്, ദേവദാരത്തടി ഇവ കൊണ്ടുള്ള സഹചരാദി കഷായം കഴിച്ചാൽ ഓടിച്ചാടി നടക്കാം).
34. കിഴിയിൽ പിഴച്ചാൽ കുഴി പിഴിച്ചിൽ പിഴച്ചാൽ വൈകുണ്ഠയാത്ര സൗജന്യം (എന്നുപറഞ്ഞാൽ കിഴിയും, പിഴിച്ചിലും നോക്കിക്കണ്ടു ചെയ്തില്ലെങ്കിൽ രോഗി മരിക്കും).
35. മാതൃവത് പരദാരാണി (അന്യസ്ത്രീകളെ അമ്മയായി കാണണം).
36. ചിന്താ വ്യാധിപ്രകാശായ (മനസ്സു പുണ്ണാക്കിയാൽ ശമിച്ച രോഗം പുറത്തുവരും).
37. വ്യായാമശ്ച ശനൈഃ ശനൈഃ (വ്യായാമം പതിയെ വർദ്ധിപ്പിയ്ക്കണം. പതിയെ ചെയ്യണം അമിതവേഗം പാടില്ല ).
38. അജവത് ചർവ്വണം കുര്യാത് (ആഹാരം നല്ലവണ്ണം ആടിനെപ്പോലെ ചവയ്ക്കണം. ഉമിനീരിലാണ് ആദ്യത്തെ ദഹനപ്രക്രിയ).
39. സ്നാനം നാമ മനഃപ്രസാദനകരം ദുസ്സ്വപ്നവിദ്ധ്വംസനം (കുളി വിഷാദം മാറ്റും, പേക്കിനാക്കളെ പറപറത്തും).
40. ന സ്നാനം ആചരേത് ഭുക്ത്വാ (ഊണുകഴിഞ്ഞയുടനെ കുളി പാടില്ല. ദഹനം സ്തംഭിയ്ക്കും).
41. നാസ്തി മേഘസമം തോയം (മഴവെള്ളം

പോലെ ശുദ്ധമായ വേറെ വെള്ളം ഇല്ല).
42. അജീർണ്ണേ ഭേഷജം വാരി (തെറ്റിയ ദഹനത്തെ പച്ചവെള്ളം ശരിയാക്കും).
43. സർവ്വധർമ്മേഷു മദ്ധ്യമാം (എല്ലാ ധർമ്മത്തിനും ഇടയ്ക്കുള്ള വഴിയേ പോകുക).
44. നിശാന്തേ ച പിബേത് വാരി (ഉണർന്നാലുടൻ ഒരു വലിയ അളവ് പച്ചവെള്ളം കുടിയ്ക്കണം. മലബന്ധം ഒഴിയും, ശരീരത്തിലെ വിഷാംശം(toxins) കഴുകിക്കളയും).
45. വൈദ്യാനാം ഹിതഭുക് മിതഭുക് രിപു (ഹിതാഹാരം മിതമായിക്കഴിയ്ക്കുന്നവൻ വൈദ്യന്റെ ശത്രു കാരണം, അവനു രോഗം വരില്ല. രോഗമില്ലാതെ വൈദ്യനെന്തു വരുമാനം...? ).
46. ശക്യതേ?പ്യന്നമാത്രേണ നര: കർത്തും നിരാമയ:
(ആഹാരം മാത്രം ക്രമീകരിച്ചു രോഗങ്ങളില്ലാതെയാക്കാം).
47. ദാരിദ്ര്യം പരമൗഷധം (ദാരിദ്ര്യത്തിൽ പല രോഗങ്ങളും മാറും. അതായത്, അമിതഭക്ഷണത്തിൽ നിന്നും വ്യായാമക്കുറവിൽനിന്നും അമിതസുഖഭോഗത്തിൽ നിന്നുമാണ്, രോഗങ്ങൾ ജനിയ്ക്കുന്നത്).
48. ആഹാരോ മഹാഭൈഷജ്യമുച്യതേ (ആഹാരമാണ് മഹാമരുന്ന്).
49. സുഹൃർദ്ദർശനമൗഷധം (സ്നേഹിതരെക്കണ്ടാൽ രോഗത്തിന് ആശ്വാസം വരും).
50. ജ്വരനാശായ ലംഘനം (പനിയുണ്ടെങ്കിൽ ഉണ്ണരുത് ).
51. പിബ തക്രമഹോ നൃപ രോഗ ഹരം (ഹേ, രാജാവേ, മോരു കുടിയ്ക്കൂ - രോഗം മാറും. പാലിലും വെണ്ണയിലും മറ്റുമുള്ള കൊഴുപ്പു മോരിലില്ല, അവയിലെ മറ്റെല്ലാ ഗുണങ്ങളും ഉണ്ടുതാനും).
52. ന ശ്രാന്തോ ഭോജനം കുര്യാത് (തളർന്നിരിയ്ക്കുമ്പോൾ ഉണ്ണരുത് ).
53. ഭുക്ത്വോപവിശത: സ്ഥൗല്യം (ഉണ്ടിട്ടു നടന്നില്ലെങ്കിൽ തടിയ്ക്കും).
54. ദിവാസ്വാപം ന കുര്യാതു (പകലുറങ്ങരുത് കാരണം, മേദസ്സു കൂടും, രാത്രിയിലെ ഉറക്കം തടസ്സപ്പെടും).
55. ലാഭാനാം ശ്രേഷ്ഠമാരോഗ്യം (ഏറ്റവും മുന്തിയ നേട്ടം ആരോഗ്യം. അതിനു വേണ്ടി മറ്റെല്ലാം കൈവെടിയണം).
56. സർവ്വമേവ പരിത്യജ്യ ശരീരം അനുപാലയേത് (മറ്റെല്ലാം കൈവിട്ടാണെങ്കിലും ദേഹം കാത്തുരക്ഷിയ്ക്കണം).
57. പ്രാണായാമേന യുക്തേന സർവ്വരോഗക്ഷയോ ഭവേൽ (ശ്വാസോച്ഛ്വാസം പ്രാ ണായാമ രീതിയിൽ ചെയ്യുന്നവനെ രോഗം ബാധിയ്ക്കില്ല).
58. വിനാ ഗോരസം കോ രസം ഭോജനാനാം? (അൽപ്പം തൈരോ മോരോ ഇല്ലാത്ത ഊണ് ഊണാണോ...?).
59. ആരോഗ്യം ഭോജനാധീനം (ആരോഗ്യം വേണമെങ്കിൽ എന്ത്, എങ്ങിനെ ആഹരിയ്ക്കുന്നു എന്നത് ശ്രദ്ധിയ്ക്കുക).
60. മിതഭോജനേ സ്വാസ്ഥ്യം (ആരോഗ്യത്തിന്റെ അടിസ്ഥാനം അളവിൽ മിതമായ ആഹാരത്തിലാണ് ).
61. സർവ്വരോഗഹരീ ക്ഷുധാ (ഉപവാസം കൊണ്ട് അനവധി രോഗങ്ങൾ മാറ്റാം. ശരീരത്തിന് സ്വന്തം രോഗനാശന ശക്തിയുണ്ട്. അത് ഉപവസിയ്ക്കുമ്പോൾ ഉണർന്നു പ്രവർത്തിയ്ക്കും).

***

# കൈകേയി

പ്രൊഫ. അംബുജാക്ഷി. പി. – 9447577652

*(തുടർച്ച)*

**വ**ലിയമ്മ ധനം കൊണ്ടും മനം കൊണ്ടും കുലംകൊണ്ടും ധന്യയാണ്. ഭരതകുമാരനാകട്ടെ, ഈ രഘുവംശത്തിൽ പിറന്നവൻ, മറ്റൊരു രാമാനുജൻ, അതുകൊണ്ട് നമുക്ക് മൂന്നുപേർക്കും ഇപ്പോൾത്തന്നെ കാട്ടിലേക്കു പോകാം. ഞാൻ മുമ്പെ നടന്ന് വഴിയൊരുക്കാം. ആഹാരവസ്തുക്കൾ ശേഖരിക്കാം. അങ്ങ് സീതാദേവിയോടൊപ്പം വനഭംഗിയാസ്വദിച്ച് കഴിഞ്ഞാൽ മാത്രം മതി.

കുമാരാ എന്റെ കൂടെ പോന്നോളൂ. എല്ലാവരേയും വന്ദിക്കൂ. യാത്ര ചോദിക്കൂ. വേണ്ടത്ര ആയുധങ്ങളും ഉപകരണങ്ങളും എടുത്ത് വേഗം പുറപ്പെടാം. ഇതായിരുന്നവത്രെ രാമന്റെ മറുപടി.

പിന്നീടവർ സർവ്വസ്വദാനം ചെയ്തുവെന്നാണ് അറിഞ്ഞത്. അമൂല്യങ്ങളായ രത്നങ്ങളും ആഭരണങ്ങളും ആചാര്യന്മാർക്കും ബ്രാഹ്മണ ശ്രേഷ്ഠർക്കും ദാനം ചെയ്തു. രാമന്റെ വനവാസത്തിൽ ദുഖിക്കുന്ന ഭൃത്യജനങ്ങൾക്കും സുഹൃത്തുക്കൾക്കുമൊക്കെ ധനം വാരിക്കോരിക്കൊടുത്തു അവരെ സന്തോഷിപ്പിച്ചുകൊണ്ട് രാമൻ ഇങ്ങനെ പറഞ്ഞുവത്രെ.

ഞങ്ങൾ തിരിച്ചുവരുന്നതുവരെ നിങ്ങൾ അയോദ്ധ്യാരാജ്യം കാത്തുസൂക്ഷിക്കണം. രാജാവിനേയും രാജമാതാക്കളേയും കരുതലോടെ സേവിക്കണം. മാത്രമല്ല നമ്മുടെ യുവരാജാവായ ഭരതകുമാരനെ സ്നേഹിക്കുകയും ബഹുമാനിക്കുകയും വേണം. ധർമ്മാത്മാവായ ആ കുമാരനും എന്നും നിങ്ങളെ സ്നേഹിക്കുകയും പരിപാലിക്കുകയും ചെയ്യും.

രാജകുമാരാ, അങ്ങു ചെല്ലുന്നിടത്താണ് അയോദ്ധ്യ. ഇനി ഈ രാജ്യം കാടായി മാറും അതുകൊണ്ടു ഞങ്ങളും അങ്ങയെ അനുഗമിക്കുന്നു. പ്രജകൾ ഒന്നായി പറഞ്ഞു.

പ്രജകളെ സ്നേഹപൂർവ്വം പിന്തിരിപ്പിച്ചുകൊണ്ട് രാമൻ സീതയേയും ലക്ഷ്മണനേയും കൂട്ടി, യാത്ര ചോദിക്കാൻ അച്ഛന്റെ സമീപത്തേക്കു വന്നു. പിതാവിനെ പ്രദക്ഷിണം ചെയ്തു നമസ്ക്കരിച്ചുകൊണ്ട് പറഞ്ഞു.

അച്ഛാ, അങ്ങയുടെ വാക്കുപാലിക്കാൻ, സത്യം പാലിക്കാൻ, രഘുവംശത്തിന്റെ സല്പ്പേരു നിലനിർത്താൻ വേണ്ടി ഞങ്ങൾ മൂന്നുപേരും വനവാസത്തിനു പോകുന്നു. യാത്രാനുമതി നൽകിയാലും.

അന്തപ്പുരത്തിൽ നിസ്തേജനായി ദീർഘനിശ്വാസമിടുന്ന രാജാവ് സുമന്ത്രരോട് ദയനീയമായി പറഞ്ഞു.

അമാത്യാ, എന്റെ എല്ലാ പത്നിമാരേയും വരുത്തൂ. എല്ലാവരോടും കൂടി എനിക്കെന്റെ രാമകുമാരനെ കാണണം.

റാണിമാരെത്തിയപ്പോൾ രാജാവ് പതുക്കെ എഴുന്നേറ്റു. തന്റെ മുന്നിൽ കൂപ്പുകയ്യുമായി നിൽക്കുന്ന മക്കളെ ആലിംഗനം ചെയ്യാൻ വേണ്ടി ആഞ്ഞതാണ്. പക്ഷെ ഉടൻതന്നെ അദ്ദേഹം ബോധരഹിതനായി മറിഞ്ഞു വീണു. കണ്ടു നിന്നവർ ഉറക്കെ കരയാൻ തുടങ്ങി.

ഉടൻ തന്നെ രാമലക്ഷ്മണൻമാർ അദ്ദേഹത്തെ പള്ളിമഞ്ചത്തിൽ കിടത്തി. വീശിയും പനിനീർ തളിച്ചും അച്ഛനെ ശുശ്രൂഷിച്ചു. കണ്ണീരിൽ കുതിർന്ന വാക്കുകളോടെ രാജാവ് രാമനോട് ആവശ്യപ്പെട്ടു.

ഓമനമകനേ, കൈകേയിക്കുള്ള വരദാനംകൊണ്ട് ഞാൻ എന്നെ അടിമയാക്കിയിരിക്കുന്നു. എന്നെ പിടിച്ചുകെട്ടി തുറങ്ങിലിടൂ. നീ തന്നെ അയോദ്ധ്യയിലെ രാജാവാകൂ.

എല്ലാവരുടേയും നോട്ടത്തിന്റെ കൂരമ്പുകൾ എറ്റുകൊണ്ട് ഞാൻ അവിടെ നിന്നു.

ഈ രംഗം ഒന്നുവേഗം സമാപിച്ചെങ്കിൽ എന്ന് ആഗ്രഹിച്ചു. രാമനോട് ഞാൻ ആരും കാണാതെ യാത്രാനുവാദത്തിന്റെ സൂചനകൾ നൽകുന്നുണ്ടായിരുന്നു. അതു മനസ്സിലാക്കിയ രാമൻ അച്ഛനോട് പറഞ്ഞു.

അച്ഛന്റെ വാക്കു പാലിക്കാൻ എനിക്ക് അനുവാദം തരൂ. എത്രയും വേഗം എനിക്കിവിടെ നിന്ന് പോകാൻ സാധിക്കുമോ അത്രയും നേരത്തെ അച്ഛന്റെ വാക്കു പാലിക്കാൻ സാധിക്കും. ഞങ്ങൾ മൂവരും പ്രകൃതീദേവിയുടെ മടിത്തട്ടിൽ പതിന്നാലുകൊല്ലം ആനന്ദത്തോടെ തപസ്സു ചെയ്യും. ഞങ്ങൾക്ക് വിട തരൂ.

രാജാവിന്റെ ദുഖം കണ്ടപ്പോൾ സുമന്ത്രർക്ക് സഹിക്കാനായില്ല. അദ്ദേഹം പല്ലുകടിച്ച് കൈകൾകൂട്ടിത്തിരുമ്മി, കൺചുവപ്പിച്ചുകൊണ്ട് എന്നെ നോക്കിപ്പറഞ്ഞു.

'ഭർത്തൃഘാതകിയുടെ മകളല്ലേ ഇതിലൊന്നും വലിയ ആശ്ചര്യമില്ല. പക്ഷെ, അന്ന് പ്രാണൻ രക്ഷിക്കാൻ വേണ്ടി കേകയരാജാവ് തന്റെ രാജ്ഞിയെ ആട്ടിയോടിച്ചു. ഇവിടെ അയോദ്ധ്യാരാജാവിന് അത് പറ്റുന്നില്ലല്ലോ. വംശനാശിനിയായ അമ്മയുടെ മകൾ. അങ്ങനെയാവാനേ തരമുള്ളൂ. രാജ്യം മൂത്ത പുത്രനെ ഏൽപിച്ച് രാജാക്കൻമാർ വാനപ്രസ്ഥത്തിന് യാത്രയാകും. അതാണ് ഈ വംശത്തിന്റെ പാരമ്പര്യം. ഇപ്പോൾ ഈ കുലത്തിലെ രാജകുമാരനാണല്ലോ യൗവനത്തിൽത്തന്നെ മുനിവൃത്തിയാകുന്നത്.'

ഈ കുറ്റപ്പെടുത്തലുകൾക്കു മുമ്പിലും ഞാൻ ഒട്ടും കൂസാതെ നിന്നു. മാത്രമല്ല, ഞാൻ പറഞ്ഞു.

'രാജാവേ, സർവ്വസമ്പത് സമൃദ്ധിയോടെ രാജ്യം ഭരതനു കൊടുക്കുക. അങ്ങയുടെ വംശത്തിൽ ഇത് പുതിയ കാര്യമൊന്നും അല്ലല്ലോ. അങ്ങയുടെ പൂർവികനായ സഗരൻ സ്വപുത്രനായ അസമഞ്ജനെ ഉപേക്ഷിച്ചില്ലേ? അതു പോലെ അങ്ങ് രാമനെ ഉപേക്ഷിക്കണം.'

'ഛി ദുഷ്ടേ, കഷ്ടം കഷ്ടം കുലനാശിനീ നിന്റെ ഇഷ്ടം നടക്കട്ടെ. ഭരതനെ അയോദ്ധ്യയുടെ രാജാധിരാജനാക്കി വാഴിക്ക്. ഞാനും രാമനോടൊന്നിച്ച് കാട്ടിലേക്ക് പോകുന്നു. രഘുവംശജർ വാർധക്യത്തിൽ താപസവൃത്തി സ്വീകരിക്കുന്നതും പതിവാണ്.' രാജാവ് ഗദ്ഗദകണ്ഠനായി അരുളിചെയ്തു.

'അച്ഛാ, ഞങ്ങൾ കാട്ടിലേക്ക് പോകുന്നു. മരവുരിയും ആയുധങ്ങളും കൊട്ടകളും മാത്രം മതി ഞങ്ങളുടെ വനവാസത്തിന്' രാമൻ പറഞ്ഞു. അപ്പോഴേക്കും മന്ഥര ഒരുക്കിവച്ചിരുന്ന മരവുരികളും മറ്റും എന്റെ ആജ്ഞപ്രകാരം രാമനെ ഏൽപിച്ചു. രാജാവിന്റെ മുൻപിൽ വച്ചു തന്നെ അവർ വൽക്കലം ധരിച്ചു. പട്ടുവസ്ത്രങ്ങളുടെ മീതെ സീതയെ രാമൻ വൽക്കലം ഉടുപ്പിച്ചപ്പോൾ കണ്ടുനിന്നവരെല്ലാം വിലപിച്ചു. പലരും എന്നെ ശപിച്ചു. ആ ശാപങ്ങളുടെ ഫലമായിരിക്കാം ഇപ്പോൾ ഈ ഏകാന്തതയിൽ ഞാൻ അനുഭവിക്കുന്നത്. പക്ഷെ, ആ സമയത്ത് എനിക്ക് ഭാവമാറ്റവും ഉണ്ടായില്ല.

'കുലനാശിനിയായ നീചസ്ത്രീ' അത് വസിഷ്ഠമുനിയായിരുന്നു. അദ്ദേഹം എന്നെ നോക്കി കൈചൂണ്ടിക്കൊണ്ട് പറഞ്ഞു. 'രാജാവിനെ നീ ചതിച്ചു. നിന്റെ ഗൂഢതന്ത്രം മൂലം രാമന് കാട്ടിലേക്ക് പോകേണ്ടിവന്നു. അപ്പോൾ ജനകരാജപുത്രി സീത നാടുവാഴട്ടെ. നിന്റെ പുത്രൻ ഭരതൻ രാജ്യം ഭരിക്കുമെന്ന് തോന്നുണ്ടോ അവൻ ദശരഥമഹാരാജാവിന്റെ മകനാണ്. ഏട്ടൻ ഉപേക്ഷിച്ച രാജ്യം ഭരതൻ ഒരിക്കലും സ്വീകരിക്കില്ല. അവൻ നിന്നെ അമ്മയെന്നു പോലും ഇനി വിളിക്കില്ല. ജ്യേഷ്ഠന്റെ പിന്നാലെ കാട്ടിലേക്ക് പോകും. തീർച്ച നിന്റെ പുത്രസ്നേഹം കാരണം നീ പുത്രദ്രോഹമാണ് ചെയ്തത്.'

ഇതൊന്നും എന്റെ മനസ്സിൽ ഒരു ചലനവും ഉണ്ടാക്കിയില്ല. പക്ഷെ.. ആ പിടിവാശിയുടെ പരിണാമം ഇത്ര ഭീകരമായിരിക്കുമെന്ന് ഞാൻ ഒരിക്കലും കരുതിയില്ല.

രാജാവിന്റേയും പ്രജകളുടേയും വിലാപം കേട്ടുകൊണ്ടുതന്നെ രാമനും സീതയും ലക്ഷ്മണനും യാത്രയാരംഭിച്ചു. എല്ലാം ശുഭം! ഞാൻ ആശ്വസിച്ചു. അപ്പോഴും കൊട്ടാരത്തിലുള്ള വിലാപം കേൾക്കാമായിരുന്നു.

രണ്ടു സന്യാസിമാരുടെ നടുവിൽ ഒരു സന്യാസിനി. മാതാപിതാക്കളേയും പരിജനങ്ങളേയും വണങ്ങി അവർ നടന്നകന്നു.

'കൈകേയിയുടെ സ്വാർത്ഥതകാരണം അയോദ്ധ്യാമഹാരാജാവും പ്രജകളും കേഴുന്നു. അയോദ്ധ്യയിലെ വധു കാട്ടിലേക്ക് പോയി.' ആരൊക്കെയോ കുറ്റപ്പെടുത്തുന്നു.

നടന്നകലുന്നതിന്നിടയിലും അവർ എല്ലാവരേയും വണങ്ങുന്നുണ്ടായിരുന്നു.

'അമ്മമാരേ, ഗുരുജനങ്ങളെ, പ്രജകളേ, ഞങ്ങൾ അറിയാതെ ചെയ്ത കുറ്റങ്ങൾ പൊറുക്കണേ. പതിന്നാലുകൊല്ലം പതിന്നാലു ദിവസം പോലെ വേഗം അവസാനിക്കും. അതുവരെ നിങ്ങളെല്ലാവരും നമ്മുടെ രാജ്യം കാത്തു സൂക്ഷിക്കണേ. ഞങ്ങൾ പോയി വരട്ടെ.'

യാത്രയയപ്പും യാത്രപറയലും വികാരനിർഭരമായിരുന്നു. അമ്മമാരോടെന്ന പോലെ എന്നോടും രാമൻ യാത്ര ചോദിച്ചു. ആ മുഖത്തെ തേജസ്സ് എന്നെ കുറ്റബോധത്തിലാഴ്ത്തി.

പെട്ടെന്ന് രാമാ, ലക്ഷ്മണാ, സീതേ എന്ന് ആർത്തുകരഞ്ഞുകൊണ്ട് രാജാവ് അവരുടെ രഥത്തെ പിന്തുടരാൻ ഓടി. എന്റെ മനസ്സും അസ്വസ്ഥമായിരുന്നു. എല്ലാവരും കരഞ്ഞുകൊണ്ട് പിന്നാലെ ഓടി. ഒടുവിൽ, വേരറ്റ വൃക്ഷം പോലെ രാജാവ് പെട്ടെന്ന് വഴിയിൽ വീണുപോയി. ബോധംമങ്ങിയ അദ്ദേഹം ഉഗ്രജപം പോലെ രാമാ....എന്ന് വിളിച്ചിരുന്നു. പരിചാരകന്മാർ അദ്ദേഹത്തെ എടുത്തുകൊണ്ടുപോയി പള്ളിമഞ്ചത്തിൽക്കിടത്തി. വീശിയും പനിനീർ തളിച്ചും ശീതോപചാരങ്ങൾകൊണ്ട് ഉണർത്താൻ ശ്രമിച്ചു.

'എവിടെ കൗസല്യാദേവി? സുമിത്രയെവിടെ?എനിക്കിനി അവർ മാത്രമേയുള്ളൂ.'

രാജാവിന്റെ വാക്കുകൾ കേട്ട് കൗസല്യയും നിഴൽപോലെ സുമിത്രയും രാജാവിനെ സമീപിച്ചു. അവരുടെ കൈപിടിച്ച് കുറ്റബോധത്തോടെ അദ്ദേഹം പറയാൻ തുടങ്ങി.

'മഹാറാണി ഒരു ദുർമ്മന്ത്രവാദിനിയുടെ മായാവലയത്തിൽപ്പെട്ട് ഈ വൃദ്ധൻ അദിതീദേവിയെപ്പോലെയുള്ള ഭവതിയെ അവഗണിച്ചു. സുമിത്രയേയും, അതിന്റെ ഫലമാണിത്. എന്നോടു പൊറുക്കണേ, എനിക്കിനി ആ ദുഷ്ടയെ കാണണ്ട. ആ നിശാചരിയുടെ പേരുപോലും കേൾക്കണ്ട. എന്നെ നിങ്ങളുടെ അന്തഃപ്പുരത്തിലേക്ക് കൊണ്ടുപോകാൻ പറയൂ. എന്റെ ഓർമ്മ മങ്ങുന്നു. നാക്ക് കുഴയുന്നു. കാഴ്ച നഷ്ടപ്പെടുന്നു.'

ബോധം മറഞ്ഞ രാജാവിനെ പരിജനങ്ങൾ കൗസല്യദേവിയുടെ അന്തഃപ്പുരത്തിലേക്ക് എത്തിച്ചു. അന്നാണ് ഞാൻ അദ്ദേഹത്തെ അവസാനമായി കണ്ടത്. ഞാൻ സ്വയം സമാധാനിപ്പിച്ചു. ഇല്ല, ഭരതൻ എന്റെ കൂടെയുണ്ടാവും. വധു മാണ്ഡവിയും. അവർക്കുവേണ്ടിയാണല്ലോ ഞാനീ അടവെടുത്തത്. എന്തായാലും ഇനി പിന്നോക്കം പോവില്ല. എന്നെ ആവേശിച്ച ദുർബാധയുടെ തീരുമാനം അതായിരുന്നു.

പിന്നീടുണ്ടായ സംഭവങ്ങൾ എനിക്ക് താങ്ങാനാവുന്നതിലും കൂടുതലായിരുന്നു. എന്നെ ജീവനായിക്കണ്ട രാജാവിന് ഞാൻ ദുർവൃത്തയായി. ആ ശരീരം സ്പർശിക്കാനുള്ള അവകാശം പോലും ഇല്ലാതായി. ഭാര്യയോ ബന്ധുവോ പരിചിതയോ പോലും അല്ലാതായിത്തീർന്നു. ഇഹത്തിൽ മാത്രമല്ല, പരത്തിലും, ആ ആത്മാവിനോടു പോലും ബന്ധമില്ല എന്ന് അദ്ദേഹം പുലമ്പി..അതെ അതൊരു മാറ്റത്തിന്റെ തുടക്കം. അപ്രതീക്ഷിതമായ ഒരു ആഘാതം. എന്റെ പുത്രൻ രാജാവാകുന്നതിന്നുവേണ്ടി എത്ര വലിയ ആഘാതവും ഞാൻ സഹിക്കും. സാമന്തപദവിയിൽ നിന്ന് എന്റെ ഉണ്ണി ചക്രവർത്തിയാകണം. ഞാൻ മഹാചക്രവർത്തിനിയും.

*(ശേഷം പേജ് 40)*

# സംഗീതം

യു.എസ്. രവീന്ദ്രൻ - 9496120978

മാനസീകാരോഗ്യത്തിന് ഉള്ള ഒറ്റമൂലി ഉണ്ടോ എന്ന ചോദ്യത്തിന് ഒറ്റ ഉത്തരമേയുള്ളൂ സംഗീതം. എങ്ങനെയാണ് സംഗീതം മാനസിക ആരോഗ്യമായും തലച്ചോറിന്റെ പ്രവർത്തനമായും ബന്ധപ്പെട്ടു കിടക്കുന്നത് എന്ന് നോക്കാം.

1990കൾക്കു ശേഷമാണ് MRI സ്കാൻ ഉപയോഗിച്ച് തലച്ചോറിന്റെ പ്രവർത്തനത്തെ തൽസമയം നിരീക്ഷിച്ചു കൊണ്ടുള്ള പഠനങ്ങൾ പുരോഗമിച്ചു തുടങ്ങിയത്. അതിനുശേഷം ന്യൂറോസയൻസിലും സൈക്കോളജിയിലും വളരെ വളരെ പുരോഗതികൾ ഉണ്ടായിട്ടുണ്ട്. സംഗീതം തലച്ചോറിലുണ്ടാക്കുന്ന മാറ്റങ്ങളെ കുറിച്ച് പഠിക്കുന്ന ന്യൂറോ മ്യൂസിക്കോളജി എന്ന ഒരു ശാഖ തന്നെയുണ്ട്.

പാട്ടു കേൾക്കുമ്പോൾ, പാട്ടു പാടുമ്പോൾ, സംഗീതോപകരണങ്ങൾ ഉപയോഗിക്കുമ്പോൾ എന്തെല്ലാം മാറ്റങ്ങളാണ് ഒരാളിൽ ഉണ്ടാക്കുന്നതെന്ന് പരിശോധിക്കാം. പല കമ്പനികളിലും ജോലിക്കാരെ ജോലി സമയത്ത് ചെറിയ സംഗീതം കേൾപ്പിക്കാനുള്ള സംവിധാനം ഉണ്ട്. IT കമ്പനികളിൽ സംഗീതശ്രവണം ജോലിക്കാരുടെ ക്ഷമത കൂട്ടുന്നതായി കണ്ടിട്ടുണ്ട്. റസ്റ്റോറൻറുകളിൽ ആണെങ്കിൽ സംഗീതം കൂടുതൽ ഉപഭോക്താക്കളെ ആകർഷിക്കുന്നതായി കണ്ടിട്ടുണ്ട്. തന്മൂലം കച്ചവടം വർദ്ധിക്കുന്നതായി പറയുന്നു. തന്നെയുമല്ല വെയ്റ്റേഷ്സിന് നല്ല ടിപ്പും കിട്ടാറുണ്ടത്രേ.

നല്ല സംഗീതം കേൾക്കുമ്പോൾ തലച്ചോറിലെ എല്ലാ ഭാഗങ്ങളും ഉത്തേജിപ്പിക്കപ്പെടുന്നു. മനോനില നല്ലതായി തീരുന്നു. മനസ്സിലെ ഓരോ ചിന്തകൾക്കും ഓരോ രാസമാറ്റങ്ങൾ രക്തത്തിൽ ഉണ്ടാക്കാൻ കഴിയും. മാനസിക സമ്മർദ്ദം കൂടുമ്പോൾ രക്തത്തിൽ Cortisol എന്ന ഉപദ്രവകാരിയായ ഹോർമോൺ കൂടുന്നു. അത് മനസ്സിനും ശരീരത്തിനും പല അസ്വസ്തകളും ഉണ്ടാക്കുന്നു. നല്ല പാട്ട് കേൾക്കുമ്പോൾ Cortisolന്റെ അളവു കുറയുന്നു. തലച്ചോറിൽ നല്ല ഹോർമോൺ ആയ Dopamine ഉൽപ്പാദിപ്പിക്കപ്പെട്ട് രക്തത്തിൽ ചേരുന്നു. ഇത് മനസ്സിന് സ്വസ്ഥതയും സന്തോഷവും തരുന്നു. നല്ല സംഗീതം കേൾക്കുമ്പോൾ വേറൊരു കാര്യം സംഭവിക്കുന്നത് അപ്പോൾ തലച്ചോറിലേക്ക് അയക്കുന്ന സിഗ്നലുകൾ നമ്മുടെ creative sensational perception അല്ലെങ്കിൽ ക്രിയാത്മക പ്രക്ഷുബ്ദമായ ധാരണക്കനുസൃതമായ ധാരണ ശേഖരിക്കപ്പെടുന്നു എന്നതാണ്. സന്ദർഭങ്ങളെ ശരിയായ കാഴ്ചപ്പാടിലൂടെ നോക്കിക്കാണാൻ ഇത് സഹായിക്കും. ഉദാഹരണത്തിന് റോഡിലൂടെ ഒരാന നടന്നു വരുമ്പോൾ ചിലർ ചിന്തിക്കും ഒ മനുഷ്യനെ നടത്താനുള്ള വഴിയിൽ ഈ തിരക്കു പിടിച്ച സമയത്ത് ആനയെയും കൊണ്ടു പോകുന്നു. വേറെ വഴിയിലൂടെയോ അല്ലെങ്കിൽ രാത്രിയിലോ ആയിക്കൂടേ? മറ്റു ചിലർ ചിന്തിക്കും ഒ നല്ല തലയെടുപ്പുള്ള ആന, എന്തു ഭംഗി. അമ്പലത്തിൽ എഴുന്നള്ളിക്കാൻ കൊണ്ടു പോകുന്നത് ആകാം എന്ന് ചിലർ ഒന്ന് തൊഴുതെന്നും വരാം. ഒരേ സംഭവം തന്നെ വ്യത്യസ്തമായ വ്യക്തികളിൽ കൊണ്ടുവരുന്ന വികാരമാണ് sensational perception. ഇതുപോലെ നല്ല സംഗീതം കേൾക്കുമ്പോൾ വ്യക്തികളുടെ വീക്ഷണ ഗതിതന്നെ മാറുന്നു.

ഇനി ഒരാൾ പാട്ടുപാടുമ്പോൾ തലച്ചോറിൽ എന്ത് സംഭവിക്കുന്നു എന്ന് നോക്കാം. ഒരു പാട്ടുകാരൻ അല്ലെങ്കിലും ഇടക്ക് പാട്ടൊന്നുമൂളിയാൽ Endorphin എന്ന നല്ല ഹോർമോൺ തലച്ചോറിൽ ഉൽപാദിപ്പിക്കപ്പെടുന്നു. അത് രക്തത്തിൽ ലയിക്കുന്നു തന്മൂലം ഉന്മേഷവും ഊർജ്ജവും ഉണ്ടാകുന്നു. Aerobic exercise ചെയ്യുമ്പോഴും ഇതുതന്നെയാണ് സംഭവിക്കുന്നത്. രക്തത്തിൽ Endorphin ചേരുമ്പോൾ സന്തോഷവും ഉന്മേഷവും ഊർജ്ജവും അനുഭവപ്പെടുന്നു. കുറേപേർ ഒരുമിച്ചിരുന്ന് ഗാനം ആലപിക്കുമ്പോൾ Endorphine കൂടാതെ സ്നേഹത്തിന്റെയും സുരക്ഷിതത്വത്തിന്റെയും അന്തരീക്ഷം ഉണ്ടാകുന്നു. അപ്പോൾ ഇതിനോട് ബന്ധപ്പെട്ട് ഹോർമോണായ Oxytocin എന്ന നല്ല ഹോർമോൺ തലച്ചോറിൽ ഉല്പാദിപ്പിക്കപ്പെട്ട് രക്തത്തിൽ കലർന്ന് ഉന്മേഷവും ഊർജ്ജവും ഉണ്ടാക്കുന്നു. ഭജനകളിൽ പങ്കെടുക്കുമ്പോഴും സദ്സംഘങ്ങളിൽ പങ്കെടുക്കുമ്പോഴും പള്ളികളിൽ coir പാടുമ്പോഴും ഒരുമിച്ച് നമസ്കാരം നടത്തുമ്പോഴും ഇതുതന്നെയാണ് സംഭവിക്കുന്നത്. ചിലർക്ക് സങ്കടകരമായ പാട്ടുകളാണ് ഇഷ്ടം. ഒരു ദു:ഖ ഗാനം കേട്ട് ഒന്നു കണ്ണുനീർ വീഴ്ത്തി കരഞ്ഞാൽ ഇതിനെ carthatic effect എന്ന് പറയുന്നു. ഇതും മനസ്സിന്റെ ഖനം കുറയ്ക്കാനും ഉന്മേഷം കൂട്ടുവാനും സഹായിക്കും.

ഇനിയൊരു സംഗീത ഉപകരണം ഉപയോഗിക്കുമ്പോൾ എന്ത് സംഭവിക്കുന്നു എന്നു നോക്കാം. തലച്ചോറിന്റെ രണ്ടു പകുതികൾ ഒന്നിച്ചു പ്രവർത്തിച്ചാൽ മാത്രമേ ഒരു സംഗീത ഉപകരണം ഉപയോഗിച്ച് ഒരു ഗാനത്തിന്റെ ട്യൂൺ പുനർസൃഷ്ടിക്കുവാൻ സാധിക്കുകയുള്ളൂ. അപ്പോൾ തലച്ചോറ് രണ്ട് പദ്ധതികളെയും ബന്ധിപ്പിക്കുന്ന നാഡീവ്യൂഹം കോർപ്പസ്കലോസം കൂടുതൽ ക്രിയാത്മകം ആകുകയും തലച്ചോർ കൂടുതൽ പ്രവർത്തനക്ഷമം ആകുകയും ചെയ്യുന്നു. ഇത് ബുദ്ധിശക്തി, ഓർമ്മശക്തി, സാമർത്ഥ്യം എന്നിവയെ വർദ്ധിപ്പിക്കുന്നു. കുട്ടികളെ ചെറുപ്രായം മുതൽ 14 വയസ്സു വരെ എങ്കിലും ഏതെങ്കിലും സംഗീത ഉപകരണം ഉപയോഗിക്കാൻ പരിശീലിപ്പിക്കേണ്ടതാണ്. പിൽക്കാലത്ത് വലിയ സംഗീതജ്ഞനായില്ലെങ്കിലും കുട്ടികളുടെപൊതുവെയുള്ളപ്രവർത്തനമികവിനും സാമർത്ഥ്യത്തിനും ഇത് ഉപകരിക്കപ്പെടും.

വീട്ടിലുള്ള പാത്രങ്ങൾ തടിക്കഷണങ്ങൾ ഇവയെല്ലാം കൊട്ടി ഏതെങ്കിലുമൊക്കെ പാട്ടു പാടിക്കൊണ്ട് കുറച്ചുനേരം ഇരിക്കുക. 60 വയസ്സ് കഴിഞ്ഞവർക്ക് മറവി രോഗങ്ങൾ വരാതിരിക്കാൻ പറ്റിയ ഒരു വ്യായാമമാണിത്. പാട്ടുകൾ പാടുക, പാട്ടുകൾ കേൾക്കുക സംഗീത ഉപകരണങ്ങൾ ഉപയോഗിക്കുക സംഗീതം ജീവിതത്തിന്റെ ഒരു ഭാഗമാക്കുക സന്തോഷത്തോടുകൂടി ജീവിക്കുക.

*****

മിനിക്കഥ

ഉണ്ണിവാരിയത്ത്

## ഭാഷണവും ഭക്ഷണവും

സപ്താഹം നടക്കുകയായിരുന്നു ക്ഷേത്രത്തിലെ വിശാലമായ ഹാളിൽ. ആചാര്യൻ പ്രഗൽഭൻ. ഉച്ചയ്ക്ക് അന്നദാനത്തിനു സമയമായപ്പോൾ അദ്ദേഹം ഭാഷണം നിർത്തി വെച്ചു.

പിന്നീട് കണ്ടത് ഭക്തജനങ്ങളുടെ ഒരു പരക്കംപാച്ചിലായിരുന്നു. അന്നദാനത്തിനോ കല്യാണസദ്യയ്ക്കോ എന്ന് ആരും സംശയിച്ചു പോകും.

അഹമഹമികയോ എന്ന സങ്കുചിത മനസ്ഥിതിക്കാർക്ക് ഭാഷണത്താൽ ഇല്ല നേട്ടം. ഭക്ഷണത്തിലാണ് നോട്ടം.

# താപവർദ്ധനവും ആരോഗ്യപ്രശ്നങ്ങളും

## എൻ. രാജശേഖരൻ

**ബാ**ഹ്യപരിസ്ഥിതിയുമായി പൊരുത്തപ്പെടാൻ കഴിയുന്ന ജീവികൾക്ക് മാത്രമേ ഭൂമിയിൽ ജീവിക്കാൻ കഴിയുകയുള്ളൂ. ജലത്തിൽ ജീവിക്കുന്ന ജീവികൾക്ക് കരയിൽ ജീവിക്കാൻ കഴിയുന്നില്ല. അതുപോലെ തിരിച്ചും. ബാഹ്യപരിസ്ഥിതിയെപ്പറ്റി സൂചിപ്പിച്ചല്ലോ അതുപോലെ തന്നെ പ്രധാനപ്പെട്ടതാണ് ആന്തരിക പരിസ്ഥിതിയും. ഓരോ ജീവികളുടേയും കോശങ്ങൾ കോശത്തിനുള്ളിൽ നിറഞ്ഞിരിക്കുന്ന കോശാന്തര ദ്രാവകവുമാണ് ആന്തരിക പരിസ്ഥിതിയിലെ പ്രധാന ഘടകമെന്ന് പറയാം.

ബാഹ്യപരിസ്ഥിതിയിൽ മാറ്റങ്ങൾ ഉണ്ടായാൽ അത് ആന്തരിക പരിസ്ഥിതിയിലും മാറ്റങ്ങൾ ഉണ്ടാകും. കോശാന്തര ദ്രാവകത്തിൽ വിവിധഘടകങ്ങളുണ്ട്. ഈ കോശാന്തര ദ്രാവകത്തിലെ ഘടകങ്ങൾക്ക് മാറ്റം വരാതെ നിലനില്ക്കുന്നതിനെയാണ് ആന്തരിക സമസ്ഥിതി എന്ന് പറയുന്നത്. ആന്തരിക സമസ്ഥിതിക്ക് എന്തെങ്കിലും കാരണവശാൽ കോട്ടമുണ്ടായാൽ ശരീരം രോഗഗ്രസ്ക്കമാകുന്നു. രാസവസ്തുക്കൾ, കാലാവസ്ഥ, മാറ്റങ്ങൾ, പോഷകാഹാരങ്ങളുടെ അപര്യാപ്തത, സൂക്ഷ്മാണുക്കൾ എന്നിവ ആന്തരിക സമസ്ഥിതിയുടെ മാറ്റമുണ്ടാക്കുന്നു. അതായത് മേൽപ്പറഞ്ഞ ഘടകങ്ങളെല്ലാം തന്നെ ഒരു ജീവി രോഗാവസ്ഥയിലെത്തി ചേരുന്നതിന് കാരണമാകുന്നുണ്ട്.

രോഗങ്ങൾ പല വിധത്തിലുണ്ട്. ചിലവ രോഗാണുക്കൾ മൂലമാവാം. എന്നാൽ ചിലവയാകട്ടെ രോഗങ്ങൾ മൂലമല്ലാതെയുമാകാം. ജന്മനായുള്ള രോഗങ്ങൾ. ആർജ്ജിത രോഗങ്ങൾ എന്നിങ്ങനെ രണ്ട് തരത്തിലുള്ള രോഗങ്ങൾ ഉണ്ട്. ഒരാൾ ജീവിതകാലത്ത് അനുഭവിക്കേണ്ട രോഗങ്ങളാണ് ആർജ്ജിത രോഗങ്ങൾ. ആർജ്ജിത രോഗങ്ങൾ തന്നെ പകരുന്ന രോഗങ്ങളും (transmitted Diseases) പകരാത്ത രോഗങ്ങൾ (Non- transmitted Diseases) എന്നും രണ്ട് തരത്തിലുണ്ട്.

രോഗാണുക്കൾ മൂലമുണ്ടാകുന്ന രോഗങ്ങൾ പല തരത്തിലുണ്ട്. അവ വൈറൽ രോഗങ്ങൾ, ബാക്ടീരിയൽ രോഗങ്ങൾ, പ്രോട്ടോസോവൻ രോഗങ്ങൾ, ഫംഗൽ രോഗങ്ങൾ, ലൈംഗിക രോഗങ്ങൾ, രക്ത നിവേശനത്തിലൂടെ പകരുന്ന രോഗങ്ങൾ (Blood transmitted Diseases) വിരബാധ രോഗങ്ങൾ (Helminthic Diseases) എന്നിവയാണ്.

രോഗാണുക്കൾ മൂലമുണ്ടാകുന്ന രോഗങ്ങൾ ഏതാണ്ട് മുഴുവനായും തന്നെ പകരുന്നവയാണ്. പകരുന്ന രോഗങ്ങൾ തന്നെ നേരിട്ടും, നേരിട്ടല്ലാതെയും പകരുന്നവയുണ്ട്. രോഗിയായ വ്യക്തിയുമായി സമ്പർക്കത്തിലേർപ്പെടുന്നതിന്റെ ഫലമായി ചില രോഗങ്ങൾ പകരുന്നു. ഉദാ. കുഷ്ഠരോഗം, വായു, ജലം, ഭക്ഷണം, എന്നിവയിലൂടെ രോഗാണുക്കൾ പകരുകയും അങ്ങനെ രോഗത്തിനിടയാക്കുന്ന രോഗങ്ങളുമുണ്ട്. ഉദാ. കോളറ, ജലദോഷം എന്നിവ.

എന്നാൽ എയിഡ്സ് രോഗമാകട്ടെ, അമ്മയിൽ നിന്ന് കുഞ്ഞിലേക്ക് പകരുന്ന രോഗമാണ്. രോഗാണു വഹിച്ചുകൊണ്ടുള്ളവരുമായുള്ള ലൈംഗിക ബന്ധത്തിലൂടെ പകരുന്ന രോഗമാണ് സിഫിലിസ് (Syphilis).

ഇനി, നേരിട്ടല്ലാതെ രോഗം പരത്തുന്ന ജീവികൾ വഴി പകരുന്ന രോഗങ്ങളുണ്ട്. കൊതുകകൾ, ഈച്ച, പേൻ, ചെള്ള്, എലി

എന്നിവയാണ് അവ. എപ്പോഴാണ് നാം രോഗാഗ്രസ്തരാകുന്നത് എന്ന് നോക്കാം. രോഗാണുക്കളുടെ മദ്ധ്യത്തിലാണ് നാം ജീവിക്കുന്നതെന്ന് ഓർക്കുക. നമ്മുടെ ചുറ്റും എത്രയോ കോടി സൂക്ഷ്മജീവികൾക്കുണ്ട്. ഇവയിൽ ഒട്ടുമുക്കാലും തന്നെ രോഗം വരുത്താൻ ശേഷിയുള്ളവരുമത്രേ എന്നാൽ, ഇത്തരം പരിസ്ഥിതിയിൽ നമുക്ക് രോഗം വരാതെയിരിക്കുന്നതിന്റെ കാരണം നമ്മുടെ ശരീരത്തിൽ രോഗത്തിനെതിരെ പ്രവർത്തിക്കുന്ന അതിശക്തമായ പ്രതിരോധ സംവിധാനം ഉള്ളതുകൊണ്ടാണ്. അങ്ങനെയിരിക്കെ, നമുക്ക് എങ്ങനെയാണ് രോഗങ്ങൾ ഉണ്ടാകുന്നതെന്ന് നോക്കാം.

രോഗകാരികളായ അണുക്കളുടെ ശക്തി അത്രമാത്രം ശക്തമാണെങ്കിൽ മാത്രമേ നമ്മിൽ രോഗമുണ്ടാക്കുവാൻ സാധിക്കുകയുള്ളൂ. നമ്മുടെ ശരീരത്തിൽ കടന്നെത്തുന്ന രോഗാണുക്കളുടെ എണ്ണവും, ശക്തിയും പ്രധാനമാണ്. അവ എണ്ണത്തിൽ കുറവാണെങ്കിൽ നമ്മിലുള്ള രോഗപ്രതിരോധശക്തിക്ക് അവയെ അനായാസേന തോൽപ്പിക്കുവാൻ കഴിയുന്നു. പ്രതിരോധശക്തിക്കു എപ്പോൾ കുറവ് വരുന്നോ അപ്പോൾ രോഗം വരാനുള്ള സാധ്യതയും ഏറുന്നു. എന്നാൽ പ്രതിരോധശക്തിയോട് ഏററുമുട്ടി, പ്രതിരോധശക്തിയെ തന്നെ ഉന്മൂലനം ചെയ്താൽ കഴിവുള്ള രോഗങ്ങളും ഉണ്ട്. ഉദാ HIV. HIV ബാധിച്ച് ഒരു വ്യക്തിയുടെ പ്രതിരോധശക്തി ഇല്ലാതാക്കുകയും, മറ്റ് വിവിധ രോഗാണുക്കൾ അയാളുടെ ശരീരത്തിൽ പ്രവേശിച്ചു. രോഗിയെ മരണത്തിലേക്ക് നയിക്കുകയും ചെയ്യുന്നു.

പകർച്ച വ്യാധികൾ കൊണ്ട് ഭയന്ന് വിറച്ച ഒരു കാലഘട്ടം ലോക ചരിത്രത്തിലുണ്ട്. ആ ഭയാനക കാലഘട്ടത്തിലേക്ക് നമുക്ക് ഒന്ന് കണ്ണോടിക്കാം.

1. എ.ഡി. 541– 542 കാലഘട്ടത്തിൽ റോമാസാമ്രാജ്യത്തിൽ നിന്നാരംഭിച്ച പ്ലേഗ് രോഗം യൂറോപ്പിലെ 50 ശതമാനം ജനങ്ങളെയും ഇല്ലാതാക്കി.

2. 1347–1352 സമയത്ത് വീണ്ടും അതിരൂക്ഷമായി പടർന്ന് പിടിച്ച പ്ലേഗ് 25 ദശലക്ഷം ജനങ്ങളെയാണ് കൊന്നൊടുക്കിയത്.

1518–1568 കാലത്തിലാകട്ടെ അമേരിക്കയിൽ പടർന്ന് പിടിച്ച വസൂരിയും ടൈഫ്ഡ് പനിയും മെക്സിക്കോയിലെ ജനസംഖ്യ 20 ദശലക്ഷത്തിൽ നിന്ന് 3 ദശലക്ഷമാക്കി മാറ്റി.

4. എന്നാൽ 19–ാം നൂറ്റാണ്ടിൽ ക്ഷയരോഗമാണ് മരണത്തിന്റെ കൊടുങ്കാറ്റ് വീശിയത്. ക്ഷയരോഗം യൂറോപ്പിലെ ജനസംഖ്യയിൽ വളരെയധികം തന്നെ കുറവുണ്ടാക്കി.

5. അതിന് ശേഷം യൂറോപ്പിൽ പടർന്ന് പിടിച്ചത് സ്പാനിഷ് ഫ്ളൂ ആയിരുന്നു. സ്പാനിഷ് ഫ്ളൂമൂലം മരണമടഞ്ഞത് 30 ദശലക്ഷം പേരാണ്.

6. അവസാനമായി, 2019 ഡിസംബറിൽ ചൈനയിലെ വുഹാനിൽ നിന്ന് ആരംഭിച്ച കൊറോണ എന്ന വൈറസ് രോഗമാകട്ടെ, 50 ലക്ഷത്തിപ്പരം പേരെയാണ് മരണത്തിനിടയാക്കിയത്. ഏറ്റവുമധികം രോഗബാധയും മരണവും രേഖപ്പെടുത്തിയത് അമേരിക്കയിലാണ്. ഇന്ത്യയിൽ 4.89 ലക്ഷം പേർ മൃതിയടഞ്ഞു.

മനുഷ്യന് ചുറ്റും രോഗാണുക്കൾ ഉണ്ടെന്നും അവ, നമ്മുടെ ശരീരത്തിൽ പ്രവേശിച്ചാണ് രോഗം ഉണ്ടാകുന്നതെന്നും കണ്ടുപിടിക്കപ്പെട്ടതോടെയാണ് അവയെ നശിപ്പിക്കുവാനുള്ള ആന്റിസെപ്റ്റിക്കുകളും ആന്റിബയോട്ടിക്കുകയും കണ്ടുപിടിച്ചത്.

രോഗങ്ങളിൽ ബാക്ടീരിയ ഉണ്ടാക്കുന്ന രോഗങ്ങളാണ് കോളറ, ടൈഫോഡ്, പ്ലേഗ്, ക്ഷയം എന്നിവ. വസൂരി, ചിക്കൻപോക്സ്, അഞ്ചാംപനി, ജപ്പാൻ മീഡിൽസ്, മുണ്ടിനീര്, പിള്ളവാതം, പേവിഷബാധ, ഹൈപ്പറ്റി റൈസിസി, ഡെങ്കിപനി, മഞ്ഞപ്പനി, ചിക്കൻ ഗുനിയ, പന്നിപനി, എന്നിവ വൈറസ് മൂലമുണ്ടാകുന്ന രോഗങ്ങളാണ്.

വൈറസ് മൂലമല്ലാതെ പരാദങ്ങൾ മൂല മുണ്ടാകുന്ന രോഗങ്ങളുമുണ്ട്. ഇങ്ങനെയുള്ള പരാദങ്ങൾ എല്ലാം തന്നെ ബഹുകോശജീവികളാണ്. മലിനജലം, മാലിന്യമാർന്ന കൈകൾ, കണ്ണ് എന്നിവയിൽ നിന്ന് വിരകളുടെ ലാർവകൾ ശരീരത്തിൽ കടന്ന് രോഗങ്ങൾ ഉണ്ടാക്കുകയാണ് ചെയ്യുന്നത്. എന്നാൽ കൊതുക് പരത്തുന്ന ഒരു രോഗമാണ് മന്ത്. കൊതുക പരത്താത രോഗങ്ങളാണ് നാടവിരബാധ Hook warm ബാധ ഇനി ജന്തുക്കളിൽ നിന്ന് പകരുന്ന രോഗങ്ങൾ നോക്കാം.

(തുടരും)

****

*(പേജ് 35ന്റെ തുടർച്ച)*

വിശ്വസ്തരായ ദാസിമാർ വള്ളിപുള്ളി വിടാതെ എല്ലാം എന്നെ അറിയിക്കുന്നുണ്ടായിരുന്നു. മഹാരാജാവിന്റെ വിലാപങ്ങൾ അതിന്റെ തീവ്രത ഒട്ടും കുറയാതെ അവർ പറഞ്ഞിരുന്നു.

കൗസല്യേ, രാമനോടൊപ്പം എന്റെ ഇന്ദ്രിയങ്ങളും കാട്ടിലേക്കു പോയി. ദേവീ, എന്റെ കാഴ്ച മങ്ങുന്നു. കേൾവി ഇല്ലാതാവുന്നു. എന്നെ തൊട്ടു കൊണ്ടേയിരിക്കൂ.

രാമാ....എന്ന് മാത്രം മന്ത്രിച്ച് രാജാവ് ദീനദീനം വിലപിച്ചു. ശബ്ദവും ഒരു തേങ്ങൽ മാത്രമായി മാറി. കൗസല്യയും സുമിത്രയും രാജാവിനെ ശുശ്രൂഷിച്ചുകൊണ്ട് സദാസമയം കൂടെയിരുന്നു ദീർഘനിശ്വാസത്തോടെ, നിശ്ശബ്ദവിലാപത്തോടെ രാജാവിനെ ആശ്വസിപ്പിച്ചും കണ്ണുനീർ പൊഴിച്ചും രാജാവിന്റെ രണ്ട വയവങ്ങൾ പോലെ.

പരസ്പരം ആശ്വസിപ്പിച്ചുകൊണ്ടും വിലപിച്ചുകൊണ്ടുമിരിക്കുന്ന ആ സപത്നിമാരെക്കുറിച്ച് തോഴിമാർ പറഞ്ഞപ്പോൾ എന്റെ ഉള്ളിലും ഒരു ഒറ്റപ്പെടുത്തലിന്റെ വല്ലായ്മ തോന്നിത്തുടങ്ങി. പക്ഷെ, ഞാൻ അതു പ്രകടിപ്പിച്ചില്ല. കാരണം, ഞാൻ നായാട്ടുകാരിയാണ്. എനിക്കു പ്രധാനം എൻരെ ലക്ഷ്യം മാത്രം. അത് കയ്യെത്തും ദൂരെ, ഇനി ഭരതനുണ്ണി എത്തിയാൽ മാത്രം മതി. അതിനിടയിൽ അത് നഷ്ടപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നില്ല. നേടിയേ തീരൂ. എത്ര വലിയ നഷ്ടം സഹിക്കേണ്ടി വന്നാലും നേടണം. നേടിയെടുക്കണം.

സംഭവബഹുലമായ ദിനരാത്രങ്ങൾ, രാമന്റെ വനഗമനം. രാജാവിന്റെ വിലാപം, പ്രജകളുടെ ദു:ഖം, അയോദ്ധ്യയിലെ പ്രകൃതിപോലും ശോകമൂകമായി.

അലിഞ്ഞും ഉറഞ്ഞും എന്റെ മനസ്സിന് അവസ്ഥാഭേദം സംഭവിച്ചുകൊണ്ടായിരുന്നു. ഒപ്പം ഞാൻ വിജയിച്ചു എന്ന അഹങ്കാരവും.

ഇങ്ങനെ ഒരോ ആകാശക്കോട്ടകളിലൂടെ ഞാൻ മേഞ്ഞുനടന്നു. പകലും രാത്രിയും സ്വപ്നങ്ങളിലൂടെയുള്ള യാത്ര. പക്ഷെ...ഒരു രാത്രി ഞാൻ കണ്ണടച്ചപ്പോഴേക്കും. 'അയ്യോ നാഥാ' എന്നൊരു പൊട്ടിക്കരച്ചിൽ. ഞാനെന്റെ സ്വപ്നത്തിൽ നിന്ന് ഞെട്ടിയുണർന്നു. ഉൽക്കണ്ഠയോടെ കൗസല്യാദേവിയുടെ അന്തപ്പുരത്തിലേക്കോടി. കൗസല്യയും സുമിത്രയും രാജാവിന്റെ ഇരുഭാഗങ്ങളിലുമിരുന്ന് ആർത്തലച്ചു കരയുന്നു. രാജാവ് നിശ്ചലനാണ്. എന്റെ മനസ്സൊന്നാളി. ഒരു നിമിഷം ഞാനും എന്തുചെയ്യണമെന്നറിയാതെ സ്തബ്ധയായി. പിന്നെ നിയന്ത്രിക്കാനാവാതെ ഞാനും പൊട്ടിപ്പൊട്ടിക്കരഞ്ഞു.

'എന്റെ പ്രിയതമാ' എന്റെ ശബ്ദം പുറത്തു വരാതെ തൊണ്ടയിൽ കുരുങ്ങി. മൂന്നുപേരുടേയും വിലാപം അന്തഃപ്പുരത്തിൽ അലയടിച്ചു.

അയോദ്ധ്യയിലെ പ്രകാശം അണഞ്ഞു. ഞങ്ങൾ ഇരുട്ടിലായി. ആശ്രയമറ്റ പോലെ ഞങ്ങൾ മൂന്നുപേരും പരസ്പരം കെട്ടിപ്പിടിച്ചു ഉറക്കെയുറക്കെക്കരഞ്ഞു. ഞാൻ കുറ്റബോധത്തോടെ മറ്റു രണ്ടു പേർ തീവ്രദുഖത്തോടെ.

ഒന്നു സംസാരിക്കാനായപ്പോൾ കൗസല്യാദേവി എഴുന്നേറ്റു രാജാവിന്റെ ശിരസ്സ് മടിയിൽവെച്ചു. പാതിയടഞ്ഞ കണ്ണുകളെ തഴുകിത്തഴുകിയടച്ചു. വീണ്ടും വിലാപം, എന്റെ നേരെ ദയനീയമായി നോക്കിക്കൊണ്ട്.

തുടരും.

****

**15/10/22 മുതൽ 16/11/22 വരെ**

# മാസഫലം

തുലാമാസഫലം

# ഓം

ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു

Tel : TDM -2361160, Mob : 8848036518, 9645683491

**ജ്യോതിഷാചാര്യ: ജി.കെ. മേനോൻ**

മേടക്കൂർ (അശ്വതി ഭരണി, കാർത്തിക ആദ്യപാദം) വിവാഹകാര്യത്തിൽ



അനുകൂല സാഹചര്യം ഉണ്ടാകും. സഹോദരസ്ഥാനീയരുമായും അയൽപക്കകാരുമായും അഭിപ്രായ അനൈക്യംമൂലം കലഹത്തിന് സാധ്യത ഉണ്ട്. സന്താനങ്ങളുടെ അനാരോഗ്യം മനസ്സിന് അസ്വസ്ഥത സൃഷ്ടിക്കും. സർക്കാരിൽ നിന്നും പ്രതീക്ഷിക്കുന്ന ആനുകൂല്യങ്ങൾക്ക് താമസം നേരിടും. സർപ്പ പ്രീതി വരുത്തി പ്രശ്നപരിഹാരം നേടുക. ഒക്ടോബർ 27, 28 ദിവസങ്ങളിൽ പ്രധാന കാര്യങ്ങൾ ഒഴിവാക്കുക.

ഇടവക്കൂർ (കാർത്തിക അവസാന മൂന്നു ഭാഗം, രോഹിണി, മകീര്യം



ആദ്യപകുതി) കാര്യങ്ങൾ വെട്ടി തുറന്ന് പറഞ്ഞ് കലഹത്തിന് ഇടവരുത്താനുള്ള സാധ്യത ഉള്ളതിനാൽ എല്ലാ കാര്യങ്ങളിലും സൂക്ഷിച്ച് ഇടപെടുക. പൂർവ്വിക സ്വത്ത് സംബന്ധമായി പ്രശ്നങ്ങളും നഷ്ടവും സംഭവിക്കാം. ഉന്നത വിദ്യാഭ്യാസത്തിന് ശ്രമിക്കുന്നവർക്ക് വിജയം പ്രതീക്ഷിക്കാം. നാമജപവും ക്ഷേത്രദർശനവും നടത്തുക. ഒക്ടോബർ 29, 30 തീയതികളിൽ നല്ല കാര്യങ്ങൾക്ക് സ്വീകരിക്കാതിരിക്കുക.

മിഥുനക്കൂർ (മകീര്യം രണ്ടാം പകുതി തിരുവാതിര, പുണർതം അവസാന



മൂന്ന് പാദം) ശത്രു പീഡ പനി മുതലായവ നിമിത്തം ആരോഗ്യ കുറവ് അനുഭവപ്പെടും. ഉന്നത വിദ്യാഭ്യാ സകാര്യത്തിൽ തീരുമാനമെടുക്കാൻ പ്രയാസമനുഭവപ്പെടും. ശിവക്ഷേത്രദർശനവും നാമജപവും അനുഷ്ഠിക്കുന്നത് ദോഷങ്ങളുടെ തീവ്രത കുറയ്ക്കുവാൻ സഹായകമാകും. ഒക്ടോബർ 31, നവംബർ 1 തീയതികൾ പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനും മറ്റ് നല്ല കാര്യങ്ങൾക്കും ഒഴിവാക്കുന്നത് നല്ലതാണ്.

കർക്കിടകക്കൂർ (പുണർതം അവസാന പാദം, പൂയ്യം, ആയില്യം) വീട് വാഹനം ഇവയുടെ വിൽക്കൽ വാങ്ങൽ വിഷയങ്ങളിൽ



തീരുമാനമെടുക്കാതെ വൈരും വിദ്യാപരമായി ഗുണങ്ങൾ പ്രതീക്ഷിക്കാം. പ്രവർത്തന രംഗത്ത് മന്ദത അനുഭവപ്പെടും. വിഘ്നേശ്വര നാമജപം ക്ഷേത്ര ദർശ്ശനം എന്നിവ നടത്തുക. ദഹനസംബന്ധമായ പ്രശ്നങ്ങൾ പ്രതിസന്ധി സൃഷ്ടിച്ചേക്കാം. നവംബർ 2, 3 തീയതികളിൽ ശുഭകര്യങ്ങൾക്ക് വർജ്ജിക്കേണ്ടതാണ്.

ചിങ്ങക്കൂർ (മകം, പൂരം, ഉത്രം ആദ്യപാദം ) മാതാവിന് വേണ്ടി പണം



ചിലവഴിക്കേണ്ടി വരും. ശത്രുക്കൾ നിഷ്ക്രിയരാകും തൊഴിലിൽ പ്രതിസന്ധി ഉണ്ടാകാം വസ്തു വകകളിൽ നിന്നും ധനലാഭം പ്രതീക്ഷിക്കാം ചെവി, തോൾ, മുട്ടുകാൽ എന്നീ അവയവങ്ങളിൽ വേദനയും അതു നിമിത്തമുള്ള അസ്വസ്ഥതയും അനുഭവപ്പെടാം. ശിവക്ഷേത്രദർശനവും നാമജപവും പ്രതിസന്ധികളിൽ ഊർജ്ജം പകരും. നവംബർ 4, 5 ദിവസങ്ങൾ അനുകൂലമായിരിക്കില്ല. നല്ല കാര്യങ്ങൾ ഈ ദിവസം ഒഴിവാക്കുന്നത് നല്ലതാണ്.

കന്നിക്കൂർ (ഉത്രം അവസാന മൂന്ന് പാദം, അത്തം, ചിത്തിര ആദ്യപ



കുതി) വിദ്യാർത്ഥികൾക്ക് ചില തടസ്സങ്ങൾ അനുഭവപെടുമെങ്കിലുമം അതിനെ അതിജീവിക്കാൻ സാധിക്കും. കലാസാഹിത്യ രംഗത്തു കലാരംഗങ്ങളിൽ നിന്നും ധനലാഭം പ്രതീക്ഷിക്കാം. ശത്രുക്കൾ നിമിത്തം മനപ്രയാസമുണ്ടാകും. ക്ഷേത്രദർശനവും നാമജപവും പ്രതിസന്ധികൾ ഇല്ലാതാക്കാൻ സഹായിക്കും. നവംബർ 7, 8 ദിവസങ്ങൾ ശുഭ കാര്യങ്ങൾക്കായി സ്വീകരിക്കാതിരിക്കുന്നതാണ് ഉചിതം.

തുലാക്കൂറ് (ചിത്തിര രണ്ടാം പകുതി, ചോതി, വിശാഖം അവസാന മൂന്ന്



പാദം) അപ്രതീക്ഷിതമായ ചില ഭാഗ്യങ്ങൾ പ്രതീക്ഷിക്കാമെങ്കിലും വ്യാപാര സംബന്ധമായി ധന നഷ്ടം സംഭവിക്കാം. സഹായികളും സഹോദരസ്ഥാനീയരും ആയി കലഹിക്കേണ്ടി വരും. തീരുമാനങ്ങൾ എടുക്കാൻ പറ്റാതെ പ്രയാസപ്പെടും. സർപ്പപ്രീതി നാരായണ ജപം എന്നിവ അനുഷ്ഠിക്കുക. നവംബർ 10, 11 ദിവസങ്ങൾ അനുകൂലമല്ലാത്തതിനാൽ പുതിയ സംരംഭങ്ങൾക്കും ദ്രവ്യങ്ങളുടെ കൊടുക്കൽവാങ്ങലുകൾക്കും ഒഴിവാക്കുന്നത് ഗുണകരമാവും.

വൃശ്ചികക്കൂർ (വിശാഖം അവസാന പാദം അനിഴം, തൃക്കേട്ട) കലാപ



രമായ കാര്യങ്ങളിൽ നേട്ടമുണ്ടാകും. സർക്കാരിൽ നിന്നും ലഭിക്കാനുള്ള സഹായം ലഭ്യമാകും. കള്ളന്മാർ നിമിത്തം നഷ്ടം സഭവിക്കാം. ദേവീക്ഷേത്രദർശനവും നാമ ജപവും പ്രശ്നങ്ങൾക്ക് പരിഹാരമാകും. നവംബർ 12,13 ദിവസങ്ങൾ പൊതുവേ ഗുണകരമായി കാണുന്നില്ല. ആയതിനാൽ ഈ ദിവസങ്ങളിൽ പ്രധാനപ്പെട്ട കരാറുകളോ മറ്റു രേഖകളും ഒപ്പിടാതിരിക്കാൻ പരമാവധി ശ്രമിക്കുക.

ധനുക്കൂർ (മൂലം, പൂരാടം, ഉത്രാടം ഒന്നാം പാദം ) വ്യാപാര രംഗത്ത്



വേണ്ടത്ര മേന്മ അനുഭവപെടില്ല. വാഹനം മാറി വാങ്ങാൻ ഉദ്ദേശിക്കുന്നവർക്കും പുതിയ വാഹനം വാങ്ങാൻ ഉദ്ദേശിക്കുന്നവർക്കും ആഗ്രഹം സാധിക്കും. ശാരീരിക അസ്വസ്ഥതകൾക്ക് ശിവ ക്ഷേത്ര ദർശനം അയ്യപ്പ ക്ഷേത്ര ദർശനം നാമജപം യഥാശക്തി വഴിപാടുകൾ ചെയ്യുക. നവംബർ 14, 15, 16 ദിവസങ്ങൾ നല്ല കാര്യങ്ങൾ ആരംഭിക്കുന്നതിന് നല്ലതല്ല.

മകരക്കൂർ ഉത്രാടം അവസാന മൂന്ന് പാദം തിരുവോണം, അവിട്ടം ആദ്യപ



കുതി) കീഴ്ജീവനക്കാരുമായി അഭിപ്രായ വ്യത്യാസവും തർക്കങ്ങളും ഉണ്ടാകാം. പേശി രോഗങ്ങൾക്ക് സാധ്യത. നവഗ്രഹ ക്ഷേത്രത്തിൽ ശനിദോഷ നിവാരണത്തിന് അർച്ചന നടത്തുകയും ശാസ്താ ക്ഷേത്ര ദർശനവും നാമജപവും ശനിയാഴ്ചകളിൽ നിർബന്ധമായും അനുഷ്ഠിക്കുകയും ചെയ്യേണ്ടതാണ്. ഒക്ടോബർ 21, 22 തീയതികളിൽ അനുകൂലമല്ലാത്തതിനാൽ ശ്രദ്ധിക്കുക.

കുംഭക്കൂർ (അവിട്ടം അവസാന പകുതി, ചതയം, പൂരൂരുട്ടാതി ആദ്യ



മൂന്ന് പാദം) ദ്രവ്യലാഭം സൗഖ്യം ശത്രു നാശം രോഗശമനം എന്നീ ഗുണഫലങ്ങളും സന്താനങ്ങളുമായി കലഹം അഭിപ്രായ വ്യത്യാസം എന്നീ ദോഷ ഫലങ്ങളും ഉണ്ടാകാം. ഗണപതി ഹോമം നാമജപം സർപ്പപ്രീതി ശിവക്ഷേത്ര ദർശനം എന്നിവ ശീലമാക്കുക. ഒക്ടോബർ 23, 24 തീയതികൾ പുതുതായി ആരംഭിക്കുന്ന കർമ്മങ്ങൾക്ക് സ്വീകരിക്കരുത്.

മീനക്കൂർ (പൂരൂരുട്ടാതി അവസാന പാദം, ഉത്രട്ടാതി, രേവതി) വിവാഹാ



ലോചനകൾ ഫലത്തിൽ എത്തും. വിദേശ യാത്രക്ക് ശ്രമിക്കുന്നവർക്ക് ആഗ്രഹം സഫലമാകും. വാക്ക് നിമിത്തം ദോഷങ്ങൾ വന്നു ഭവിക്കാം. വിഷ്ണു പ്രീതികരങ്ങളായ വഴിപാടുകൾ നടത്തുകയും ക്ഷേത്ര ദർശനങ്ങൾ നടത്തുകയും ചെയ്യുക. ഒക്ടോബർ 26,27 തീയതികൾ അനുകൂലമായിരിക്കില്ല.

*ശുഭമസ്തു*


*ശംഭോമഹാദേവ! എറണാകുളത്തപ്പൻ തുണ!*

# MANGALYAM MATRIMONIAL

# വധുവിനെ ആവശ്യമുണ്ട്




Nambiar-Nair Boy, 32/ 170cm, Karthika 3/4 (Edavam) B.Tech - MBA, Teritorry Manager - Sales Marketing with an MNC Electrical Industry, Placed at Ernakulam, Pref: Girls from Nambiar Family, Professionally qualified and preferably employed Mob:+91 09449596908
Email:ppcnambiar@gmail.com
Date of Birth:23-8-1989(2.04pm)
Sishta Dasa:Ravi:4-1-29




Contact Address:
Parents Originally from Kannur and Presently living in Bangalore

Nair Boy, 25/185cm, Aswathy, M.Tech (Mechanical), R & D Engineer, Mercedes Benz, Bangalore ,Mob:9497628264


Email:ambikanpillai@gmail.com
Date of Birth:26-10-1996(4.25pm)
Sishta Dasa: Ketu: 2-11-14




Contact Address:
MR.PRAKASH D
NIRMALYAM
SURYA NAGAR
NSS ENGINEERING COLLEGE RD
DHONI P O
PALAKKAD - 678009

Nair Boy, 30/170cm,Thrikketta, MDS-Prosthodontics, Crown & Bridge, Prosthodontist,Pref: Doctors, Engineers, Scientists,Technologist, Mob: 9847357331


Email:rprathapachandran@gmail.com
Date of Birth:5-9-2022(8.12am)
Sishta Dasa:




Contact Address:
MR.PRATHAPACHANDRAN R
RAM KRIPA,ERRA 55
ELAMANA ROAD
N F GATE, TRIPPUNITHURA
PIN 682301

Nair Boy, 30/167cm,Aswathy, MCom, Classic Flooring & Interiors P Ltd ,Accounts Executive ,Mob: 7736236436

Email:arunpillai007mumbai@gmail.com
Date of Birth:17-12-1991(9.35am)
Sishta Dasa:





Contact Address:

SMT.GIRIJA MADHU PILLAI
SAI KRIPA, NRA - 16
ATIRITHI ROAD
MANAKUNAM VILLAGE
UDAYEMPEROR

## വരനെ ആവശ്യമുണ്ട്

Nair Girl, 30/5'3", Atham,Fair, M.Tech (NDRI) Engineer in Ireland,Pref: Software Professional, willing to shift Ireland,Mob:8281079661, 9495930499


Email:rajukrishnannair05@gmail.com
Date of Birth:07-07-1992(8.47am)
Sishta Dasa:Chandra:1-1-15




Contact Address:
MR.RAJU A K
KRISHNA
NAMBURISSANMALA
KUREEKKAD
THIRUVANKULAM - 682305

Nair Girl,26/149cm, Chathayam, BDS, now undergoing MPH(PG) course, Student,Mob:9495652110

Email:srgnair06@gmail.com
Date of Birth:5-10-1995(9.15pm)
Sishta Dasa:




Contact Address:
MR.GIRIDHARAN NAIR
INDEEVARAM,
VADAKODU
KURA P O
KOTTARAKKARA
KOLLAM - 691557

**എറണാകുളം കരയോഗം**
**ടി.ഡി.എം. ഹാളിൽ**
**ജ്യോതിഷാചാര്യൻ ജി.കെ. മേനോന്റെ**
**സേവനം ലഭ്യമാണ്.**
**തിങ്കൾ, ബുധൻ, ശനി ദിവസങ്ങളിൽ**
**രാവിലെ 10 മണി മുതൽ**
**ഉച്ചക്ക് 2 മണി വരെ**



**www.karayogammangalyam.com**
**എന്ന വെബ്സൈറ്റ് വഴി**
**എറണാകുളം കരയോഗം മാംഗല്യത്തിൽ രജിസ്റ്റർ ചെയ്യൂ,**
**ഉത്തമ പങ്കാളിയെ കണ്ടെത്തൂ.**

**www.karayogammangalyam.com**
**എന്ന വെബ്സൈറ്റ് വഴി എറണാകുളം കരയോഗം**
**മാംഗല്യത്തിൽ രജിസ്റ്റർ ചെയ്യൂ, ഉത്തമ പങ്കാളിയെ കണ്ടെത്തൂ.**

കൂടുതൽ വിവരങ്ങൾക്ക്:- Ph: 0484 2361160 (Extn.115),



രജിസ്റ്റർ ചെയ്യുന്നതിനായി നിങ്ങളുടെ മൊബൈൽ നമ്പർ കൊടുക്കുക.



OTP കൊടുക്കുന്നതിലൂടെ നിങ്ങളുടെ മൊബൈൽ നമ്പർ വേരിഫിക്കേഷൻ നടക്കുന്നു



ആർക്കുവേണ്ടി നോക്കുന്നു എന്ന് സെലക്ട് ചെയ്തതിനു ശേഷം അവരുടെ ഡീറ്റെയിൽസ് കൊടുക്കുക



നൽകിയിരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ, ചേരുന്ന പ്രൊഫൈലുകൾ നമുക്ക് കാണുവാൻ സാധിക്കും.



ഒരു വർഷത്തെ പ്രീമിയം മെമ്പർഷിപ്പ് പ്ലാൻ ആയ ₹1199 രൂപ അടയ്ക്കുന്നതു വഴി മാച്ചിംഗ് പ്രൊഫൈലുകളുടെ കോൺടാക്ട് ഡീറ്റെയിൽസ് നിങ്ങൾക്ക് ലഭിക്കുന്നതാണ്



താല്പര്യമുള്ള പ്രൊഫൈലുകൾ ക്ലിക്ക് ചെയ്യുന്നതുവഴി അവരെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ അറിയുവാൻ സാധിക്കുന്നു

DATE OF PUBLICATION: 10-10-2022

RNI NO. KERMAL/2008/23515
REGISTERED NEWSPAPER
M6-57945/2007

REGISTERED NO. KL/EKM/761/2022-24
LICENSE NO. KL/CR/EKM/WPP-7/2022-24
LICENSED TO POST WITHOUT PREPAYMENT

Volume No. 14 | October 2022 | Issue No. 10



സെപ്റ്റംബർ 5 അദ്ധ്യാപകദിനത്തോടനുബന്ധിച്ച് ചാവറ കൾച്ചറൽ സെന്ററും ലയൺസ് ക്ലബ് ഓഫ് കൊച്ചിൻ എംപയറും ചേർന്ന് സംഘടിപ്പിച്ച ചടങ്ങിൽ വെച്ച് എറണാകുളത്തെ ആറ് വിദ്യാലയങ്ങളിലെ പ്രധാനാധ്യാപകരെ ആദരിക്കുകയുണ്ടായി. പ്രൊ.എം.കെ. സാനു മാഷാണ് പ്രഗല്ഭരായ ഈ അദ്ധ്യാപകർക്കുള്ള പുരസ്ക്കാരങ്ങൾ വിതരണം ചെയ്തത്. അവാർഡ് ജേതാക്കളിൽ ഒരാളായ എറണാകുളം കരയോഗം വക ശ്രീ രുദ്രവിലാസം യു.പി. സ്കൂൾ പ്രധാന അദ്ധ്യാപിക ടി.പി. സിന്ധു പുരസ്ക്കാരം ഏറ്റുവാങ്ങുന്നു.

## എറണാകുളം കരയോഗം
## സാംസ്ക്കാരിക വിഭാഗം ഒക്ടോബർ മാസ പരിപാടി



മാധവൻനായർ അഥവാ മധു എന്ന മഹാനടൻ നവതിയിലേക്ക് കടക്കുമ്പോൾ, അദ്ദേഹം അഭിനയിച്ച നിരവധി സിനിമകളിൽ ചിലതിൽ നിന്നുള്ള ഹിറ്റ് ഗാനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സംഗീത പരിപാടി 23-10-2022, ഞായറാഴ്ച ടി.ഡി.എം. യമുന ഹാളിൽ വൈകുന്നേരം 4 മണിക്ക്

***ഏവർക്കും സ്വാഗതം***

## ബീം ഒക്ടോബർ മാസ പരിപാടി
# ഗാനമേള

എറണാകുളം കരയോഗവുമായി സഹകരിച്ച് ബീം നടത്തുന്ന പ്രതിമാസ പരിപാടികളുടെ ഭാഗമായി കൊച്ചി സീനിയർ കലാസമിതി അവതരിപ്പിക്കുന്ന **Old is Gold** മലയാളം, തമിഴ്, ഹിന്ദി ഗാനമേള സായാഹ്നക്കൂട്ടം.

**25-10-2022 ചൊവ്വാഴ്ച വൈകുന്നേരം 6.15 ന് ടി.ഡി.എം. ഹാളിൽ**

**ഏവർക്കും സ്വാഗതം**

*If undeliverd please return to:*
Karayoga Souhridam
T.D.M Hall Complex, D.H. Road,
Kochi 682016, Kerala

The Views expressed in this journal are those of the authors and need not necessarily reflect the policies and views of Ernakulam Karayogam

Printed by M. Sreevallabhan nair Published by M. Sreevallabhan Nair on behalf of Ernakulam Karayogam, TDM Hall complex, Durbar Hall Road, Kochi-682016, Ph : 0484 -2361160, E mail : ekmkgm@gmail.com, Website : www.ernakulamkarayogam.com and Printed at Sterling Print House (P) Ltd., Door.No.49/1849, AIMS Ponekkara P.O, Kochi-682041, Ph: 0484-2802522, 2800406 for Murali Industries, Babu Cottage, Alappat extn.Road, Behind Ravipuram Temple, Kochi-682016 and Published at Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016. Editor: M. Sreevallabhan Nair- Mob: 9947736071.